Downloaded from https:// www.studiestoday.com

കേരളപാഠാവലി

# മലയാളം

സ്റ്റാൻഡേർഡ്

VI

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT 51-1/Malayalam 6AT

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2015, Reprint : 2016
Printed at : KBPS, Kakkanad, Kochi-30

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയ വിദ്യാർഥികളേ,

മലയാള ഭാഷയുടെ മധുരം നുകരാൻ നിങ്ങൾക്കായി ഒരുക്കിയതാണ് ഈ പാഠപുസ്തകം. നമ്മുടെ മാതൃഭാഷയെ ശ്രേഷ്ഠഭാഷകളിൽ ഒന്നായി ഭാരതസർക്കാർ അംഗീകരിച്ചിരിക്കുകയാണല്ലോ. അറിവിന്റെ ഉയരങ്ങൾ കീഴടക്കാൻ മാതൃഭാഷയിലൂടെ നമുക്ക് കഴിയും. മലയാളത്തിന്റെ വിപുലമായ സാഹിത്യസമ്പത്ത് നിങ്ങൾക്ക് സ്വന്തമാണ്. അത് ആസ്വദിക്കാനും അതിലേക്ക് സംഭാവന ചെയ്യാനും ഒരുങ്ങിക്കൊള്ളുക.

രസകരവും വിജ്ഞാനപ്രദവുമായ പാഠഭാഗങ്ങളിലേക്കു നിങ്ങളെ ക്ഷണിക്കുന്നു. നിങ്ങളുടെ ചിന്തയും ഭാവനയും ഉണർന്നിരിക്കട്ടെ. വായിക്കാനും എഴുതാനും തയാറാവുക.

സ്നേഹാശംസകളോടെ,

**ഡോ. പി. എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ശില്പശാലയിൽ പങ്കെടുത്തവർ

- എം. ശ്രീഹർഷൻ, നമ്പ്രത്ത്കര യു.പി.സ്കൂൾ, കൊയിലാണ്ടി
- കെ. മനോഹരൻ, എ.യു.പി.എസ്, പുലാശ്ശേരിക്കര, പട്ടാമ്പി
- ടി. അബ്ദുൽനാസിർ, ഡയറ്റ് തൃശൂർ
- പി. അബൂബക്കർ സിദ്ദീഖ്, ബി.ആർ.സി, മണ്ണാർക്കാട്
- പി. കെ. ജയരാജൻ, ബി.ആർ.സി, കാസറഗോഡ്
- പി. യഹിയ, ഗവ.വി.എച്ച്.എസ്.എസ്. പയ്യാനക്കൽ, കോഴിക്കോട്
- പി. സത്യനാഥൻ, ഡയറ്റ്, മലപ്പുറം
- ബി. രഘുനാഥ്, നന്മണ്ട എഴുകുളം എ.യു.പി. സ്കൂൾ, കോഴിക്കോട്
- വി. എം. ഉമ, ബി.ആർ.സി, പയ്യന്നൂർ
- ശശി മടവൂർ, റിട്ട. അധ്യാപകൻ, തിരുവനന്തപുരം

## ചിത്രരചന

- ഡോ. സോമൻ കടലൂർ, സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ്, കോഴിക്കോട് സർവകലാശാല
- സുരേഷ് ചാലിയത്ത്, ഗവ.എച്ച്.എസ്. കുറുക, മലപ്പുറം
- രാജൻ കടലുണ്ടി, ഫറോക്ക്, കോഴിക്കോട്
- വിനോദ് പട്ടാണിപ്പാറ, പേരാമ്പ്ര, കോഴിക്കോട്

## വിദഗ്ധപരിശോധന

- ഡോ. ജോർജ് ഓണക്കൂർ, മുൻഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ.
- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രഫസർ, കേരളവർമ കോളേജ്, തൃശൂർ
- ഡോ. എൻ. മുകുന്ദൻ, മുൻ മേധാവി, മലയാളവിഭാഗം, കേരള സർവകലാശാല
- ഡോ. സി. നാരായണപിള്ള, റിട്ട. പ്രഫസർ, ഗവ. ട്രെയ്നിങ് കോളേജ്, തിരുവനന്തപുരം
- ഡോ. വിജയൻ ചാലോട്, എസ്.എസ്.എ, കണ്ണൂർ
- അജയൻ പനയറ, അസി. പ്രഫസർ, ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

- എം.സി. ജോസ്കുട്ടി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഉള്ളടക്കം

## 1 ചിത്രവർണങ്ങൾ 7

- ഒരു ചിത്രം ........ 9
- ഓടയിൽനിന്ന് ........ 12
- മയന്റെ മായാജാലം ........ 20





## 2 കലയുടെ കേദാരം 27

- പാട്ടിന്റെ പാലാഴി ........ 29
- ജീവനുള്ള പാട്ട് ........ 34
- പടയണി ........ 36

## 3 മായക്കാഴ്ചകൾ 45

- ഹാമെലിനിലെ കുഴലൂത്തുകാരൻ ........ 47
- ചിത്രശലഭങ്ങൾ ........ 55





## 4 പ്രകാശകിരണങ്ങൾ 69

- പരിശ്രമം ചെയ്യുകിലെന്തിനേയും ........ 71
- മഞ്ഞുതുള്ളി ........ 74
- ഒരു കെട്ടുകല്യാണം ........ 77

## 5 പ്രകൃതിഭാവങ്ങൾ 83

- വിക്ടോറിയാവെള്ളച്ചാട്ടം ........ 85
- സാധ്യമെന്ത്? ........ 90
- പുഴ ........ 94



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



1

# ചിത്രവർണങ്ങൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# നിറം

പുൽപ്പരപ്പ്.
മുന്നിൽ നീലത്തടാകം.
ഓരത്തോടു ചേർന്ന് വെള്ളാമ്പലുകളും
ചെന്താമരകളും.
നീന്തിത്തുടിക്കുന്ന അരയന്നങ്ങൾ.
നിറയെ പൂത്തുലഞ്ഞ് ചാഞ്ഞുനിൽക്കുന്ന
വൃക്ഷത്തിലേക്കു പറന്നിറങ്ങുന്ന പക്ഷികൾ.
അപ്പുറത്ത് നീല മലനിരകളുടെ മതിൽക്കെട്ട്.
ആകാശത്ത് വെള്ളമേഘങ്ങളുടെ പഞ്ഞിക്കെട്ടുകൾ.

ഈ കാഴ്ച ചിത്രമാക്കൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






# ഒരു ചിത്രം

നീയ്യിതു കാൺകൊ,രാൺകുഞ്ഞിതാ, തൻകുഞ്ഞി-
ക്കയ്യിൽച്ചെറിയ പാൽപ്പാത്രവുമായ്,
പയ്യിനെക്കാലേ കറന്നീടുമമ്മതൻ
മെയ്യിൻ വലംവശം ചാരിനിൽപ്പൂ.

മാതാവോ, പൈക്കറ നിർത്തി, മണിവള-
വ്രാതമണിഞ്ഞ വലത്തുകൈയാൽ
പൈതലെപ്പേർത്തുമണച്ചു പുണർന്നതി-
പ്രീതയായ് കോൾമയിർക്കൊണ്ടിടുന്നു;

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചേലുറ്റ പാത്രത്തിലമ്മ നറുചൂടു-
പാലും പകർന്നുകൊടുത്തതിനാൽ
ബാലന്റെ ചെന്തൊണ്ടിവായ്മലരിൽച്ചെറ്റു
പാലഞ്ചും പുഞ്ചിരി തഞ്ചിടുന്നു.

താമരത്താരിതൾപോലേ നെടുതായി-
ത്തൂമയ്യെഴുതിയ കണ്ണിണയിൽ
പ്രേമവും ഹർഷവുമുൾക്കൊള്ളുമുണ്ണിത-
ന്നോമനവക്ത്രമിതെത്ര രമ്യം!

എമ്മട്ടെന്നോതുവാനേതും കഴിവില്ലാ-
ത്തമ്മധുരാനനമൊന്നു കണ്ടാൽ,
അമ്മയ്ക്കു മാത്രമല്ലാർക്കുമേ ചെന്നെടു-
ത്തുമ്മവച്ചീടുവാൻ തോന്നുമല്ലോ!

കേവലഭംഗ്യാ കൊഴുത്തുരുണ്ടുള്ളോരി-
പ്പൂവൽമെയ് പൂണ്ടോർതാൻ പുണ്യവാന്മാർ:
ലാവണ്യദുഗ്ധം കടഞ്ഞെടുത്തീടിന
തൂവെണ്ണയോ ഇതു തമ്പുരാനേ!

**(സാഹിത്യമഞ്ജരി - ഒന്നാംഭാഗം)**
**- വള്ളത്തോൾ നാരായണമേനോൻ**

## വായിക്കാം, പറയാം

- ‘നിയ്യിതുകാൺക’ - കവി ആരെയാണ് ചൂണ്ടിക്കാണിച്ചുതരുന്നത്?
- ബാലന്റെ ചുണ്ടിൽ പുഞ്ചിരിവിടരാൻ കാരണമെന്ത്?
- ഈ കുഞ്ഞിനെ ആർക്കും എടുത്തുമ്മവച്ചീടുവാൻ തോന്നുന്നത് എന്തുകൊണ്ടാവാം?
- ഉണ്ണിയുടെ കണ്ണുകളിൽ സ്നേഹവും സന്തോഷവും നിറഞ്ഞുനിൽക്കുന്നു എന്ന് സൂചിപ്പിക്കുന്ന വരി ഏതാണ്?

## പദപരിചയം

- മെയ്യ്, പൈക്കറ, വ്രാതം, പ്രീത, ചേലുറ്റ, പാലഞ്ചും, തഞ്ചുക, ഹർഷം, വക്ത്രം, ലാവണ്യം, ദുഗ്ധം എന്നീ പദങ്ങൾ വരുന്ന വരികൾ കണ്ടെത്തുക.

  ഈ പദങ്ങളുടെ അർഥം ഊഹിച്ചു പറയുക; നിഘണ്ടു നോക്കി ഉറപ്പുവരുത്തുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## അക്ഷരങ്ങൾ – വരികൾ

- "ചേലുറ്റ പാത്രത്തിലമ്മ നറുചൂടു-
പാലും പകർന്നുകൊടുത്തതിനാൽ
ബാലന്റെ ചെന്തൊണ്ടിവായ്മലരിൽച്ചെറ്റു
പാലഞ്ചും പുഞ്ചിരി തഞ്ചിടുന്നു."

വരികളിൽ രണ്ടാമത്തെ അക്ഷരം ആവർത്തിച്ചു വന്നതു കാണാം.
രണ്ടാമത്തെ അക്ഷരം ആവർത്തിക്കുന്ന മറ്റു വരികൾ കണ്ടെത്തിച്ചൊല്ലുക.

## പ്രയോഗഭംഗി കണ്ടെത്താം

- കുഞ്ഞിന്റെ പുഞ്ചിരിയെ 'പാലഞ്ചും പുഞ്ചിരി' എന്നാണു കവി വിശേഷിപ്പിച്ചത്. പുഞ്ചിരിയുടെ എന്തു പ്രത്യേകതയാണ് ഈ പ്രയോഗത്തിലൂടെ വെളിപ്പെടുന്നത്?

## വിശകലനം ചെയ്യാം

- ഉണ്ണിയുടെ കണ്ണുകളെ, 'താമരത്താരിതൾ പോലെ' എന്നു വിശേഷിപ്പിച്ചതിന്റെ ഔചിത്യം എന്ത്?
- പാലും വെണ്ണയും കണ്ണന് പ്രിയപ്പെട്ടതാണ്. ഇവയെ കണ്ണന്റെ സൗന്ദര്യവുമായി കവി എങ്ങനെയാണ് ബന്ധപ്പെടുത്തിയിരിക്കുന്നത്?

## ഈണത്തിൽ ചൊല്ലാം

- ഉചിതമായ ഈണം കണ്ടെത്തി കവിത സംഘമായി ആലപിക്കുക.

## വർണിക്കാം

- കവിതയിലെ രംഗം സ്വന്തം ഭാഷയിൽ വർണിച്ചെഴുതുക.

## കഥപറയാം

- "ബാലകരൂപനാം നിന്നുടെ അദ്ഭുത-
ലീലകൾക്കുണ്ടോ പറഞ്ഞാലറ്റം!"

– 'ഒരു ചിത്രം' എന്ന കവിതയുടെ മറ്റൊരു ഭാഗത്ത് കവി ഇങ്ങനെ അദ്ഭുതപ്പെടുന്നു.

കണ്ണന്റെ ബാലലീലകളെക്കുറിച്ചുള്ള കഥകൾ ശേഖരിച്ച് ക്ലാസിൽ പറഞ്ഞ് അവതരിപ്പിക്കുക.

## കാവ്യശകലങ്ങൾ

- മഹാകവി വള്ളത്തോളിന്റെ പ്രസിദ്ധമായ വരികൾ ശേഖരിക്കാം; ചാർട്ടിൽ ആകർഷകമായി എഴുതി ക്ലാസിൽ പ്രദർശിപ്പിക്കാം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഓടയിൽനിന്ന്

സന്ധ്യാസമയം. പാത ജനനിബിഡമായിരുന്നു. പ്ലഷർ കാറുകൾ, ബസ്സുകൾ, ജഡ്ക്കാകൾ, കാളവണ്ടികൾ, റിക്ഷകൾ. പുതുമയുടെ യുവത്വവും പഴമയുടെ വാർധക്യവും മുട്ടിയും തട്ടിയും പാഞ്ഞും ഇഴഞ്ഞും അങ്ങോട്ടുമിങ്ങോട്ടും പോകുന്നുണ്ട്. അവയുടെ ഇടയിൽക്കൂടി ജീവിതം പുളച്ചുകയറിയും പതുങ്ങിപ്പതുങ്ങിയും ചാഞ്ഞും ചരിഞ്ഞും ചിരിച്ചും കരഞ്ഞും അങ്ങനെ ഒഴുകിക്കൊണ്ടിരുന്നു.

പപ്പുവിന്റെ റിക്ഷാ പാന്ഥരുടെയും വാഹനങ്ങളുടെയും ഇടയിൽക്കൂടി മിന്നൽവേഗത്തിൽ പോകുന്നുണ്ട്. വലതുകൈ ബെല്ലിന്റെ അടുത്തുതന്നെ ഇരിക്കുന്നുണ്ടെങ്കിലും അതുപയോഗിക്കുന്നില്ല. വാഹനങ്ങളിൽനിന്നും പാന്ഥരിൽനിന്നും ഒഴിഞ്ഞൊഴിഞ്ഞ് അയാൾ റിക്ഷയും കൊണ്ട് ഓടുന്നത് അദ്ഭുതകരമായ ഒരു കാഴ്ചയാണ്. റിക്ഷയിലിരിക്കുന്നവർക്കു തോന്നും, വാഹന





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ങ്ങളുമായി കൂട്ടിമുട്ടി അപകടമുണ്ടാവുമെന്ന്. വഴിപോക്കർക്കു തോന്നും, റിക്ഷാ അവരുടെ ശരീരത്തു കയറുമെന്ന്. തൊട്ടു, തൊട്ടില്ല എന്ന മട്ടാകുമ്പോൾ കാണാം, പപ്പു അലക്ഷ്യമായി റിക്ഷാ ഒന്നു വെട്ടിച്ച് ഒരു ചിരിയും ചിരിച്ചുകൊണ്ടു പോകുന്നത്. പ്രതിബന്ധങ്ങളെ ഭയപ്പെടാത്തവർക്കു മാത്രമേ, അവയെ തരണം ചെയ്യുവാൻ സാധ്യമാവുകയുള്ളൂ. പപ്പു പ്രതിബന്ധങ്ങളെ ഭയപ്പെടാത്തവനാണ്.

ആ സന്ധ്യാസമയത്തു ബോട്ട്ജെട്ടിയിൽനിന്നു റെയിൽവേസ്റ്റേഷനിലേക്ക് ഒരു യാത്രക്കാരനെയും കൊണ്ട് പപ്പു ഓടുകയായിരുന്നു. ട്രെയിൻ പ്ലാറ്റ്ഫാറത്തിൽ വന്നു നിന്നുകഴിഞ്ഞു. അവിടെ അഞ്ചു മിനിട്ടേ താമസമുള്ളൂ. പപ്പു ബസ്സ്റ്റാൻഡിൽ എത്തി. അവിടെനിന്നു റെയിൽവേസ്റ്റേഷനിലേക്കു മൂന്നു മിനിട്ടുനേരം ഓടേണ്ടിവരും. ട്രെയിനിൽ കയറ്റിക്കൊടുക്കാമെന്ന് അയാൾ യാത്രക്കാരനോട് വാഗ്ദത്തം ചെയ്തിട്ടുമുണ്ട്.

"വണ്ടി കിട്ടുമോ?" യാത്രക്കാരൻ അക്ഷമയോടെ ചോദിച്ചു.

പപ്പു ഒന്നു മൂളുകമാത്രമേ ചെയ്തുള്ളൂ. അയാൾ ശ്വാസം വിടാതെ ഓടുകയാണ്.

"വണ്ടി സ്റ്റേഷനിൽ എത്ര മിനിട്ടു നിൽക്കും?"

പപ്പു അതിനുത്തരം പറഞ്ഞില്ല.

യാത്രക്കാരന്റെ അക്ഷമ വർധിച്ചുതുടങ്ങി: "വണ്ടി കിട്ടുമെന്നു തോന്നുന്നില്ല."

റിക്ഷാ പെട്ടെന്നു നിന്നു. പപ്പു യാത്രക്കാരന്റെ നേരെ തിരിഞ്ഞു: "സാറവിടെ അടങ്ങിയിരിക്കണം സാറേ." പപ്പുവിന്റെ വാക്കിനെ അവിശ്വസിക്കുന്നത്, അയാളുടെ പ്രാപ്തിയെ ചോദ്യം ചെയ്യുന്നത് അയാൾക്കു സഹിക്കാവതല്ല.

യാത്രക്കാരൻ പിന്നെയൊന്നും മിണ്ടിയില്ല. പപ്പു കോപത്തോടെ വണ്ടി പിറകോട്ടൊന്നു തള്ളിയിട്ടു മുമ്പോട്ട് ആഞ്ഞൊരു വലി കൊടുത്തു. വണ്ടിയുടെ പിറകിൽ 'അയ്യോ!' എന്നൊരു വിളി. അടുത്തുകൂടി പോയവരും 'അയ്യോ!' എന്ന് ഏറ്റുപറഞ്ഞു. അകലെ നിന്നവർ ഓടിയടുക്കുന്നതും കണ്ടു. അയാൾ വണ്ടിയുടെ കൈ താഴെ വച്ചിട്ടു പിറകിലേക്ക് ഓടിച്ചെന്നു.

ഒരു പെൺകുട്ടി ഓടയിൽ മലർന്നടിച്ചു കിടക്കുന്നു! അയാൾ പെട്ടെന്നു കുട്ടിയെ വാരിയെടുത്തു. പെൺകുട്ടി ചുറ്റും പകച്ചുനോക്കി: "എന്റെ അരി – എന്റെ അരിയെല്ലാം പോയി." അവൾ അയാളുടെ പിടിയിൽനിന്നും പിടഞ്ഞിറങ്ങി.

ഒരു ചെറിയ കുട്ട അകലെ തെറിച്ചുകിടക്കുന്നുണ്ട്. അതിനരികിൽ കുറച്ച് അരിയും മൂന്നു മുളകും കഷ്ടിച്ച് ഒരു പിടി ഉപ്പും ചിതറിക്കിടക്കുന്നു.

"എന്റെ അരിയും ഉപ്പും മൊളകുമെല്ലാം പോയി."

അവൾ കുട്ടയുടെ അടുക്കലേക്ക് ഓടി: "അങ്ങുചെല്ലുമ്പഴ് അമ്മയെന്നെ തല്ലുമേ." അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് അരി തൂത്തുവാരാൻ തുടങ്ങി.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പപ്പു സ്തബ്ധനായി നിൽക്കുകയാണ്. പത്തുപതിനെട്ടു മാസമായി അയാൾ റിക്ഷാ വലിക്കാൻ തുടങ്ങിയിട്ട്. ഇങ്ങനെയൊരു സംഭവം ആദ്യത്തേതാണ്. പെൺകുട്ടിയോടുള്ള സഹതാപം മാത്രമല്ല, റിക്ഷാക്കാരനെന്ന നിലയിൽ അയാൾക്കുള്ള സൽപ്പേരിനു കളങ്കം തട്ടിയല്ലോ എന്നുള്ള കുണ്ഠിതം കൂടിയുണ്ട്.

"വണ്ടി ഇപ്പോൾ പോകും", യാത്രക്കാരൻ വിളിച്ചുപറഞ്ഞു. പപ്പു ഞെട്ടിയുണർന്നു. യാത്രക്കാരനെ സ്റ്റേഷനിൽ എത്തിക്കണം. കുട്ടിയെ സമാധാനിപ്പിക്കുകയും വേണം. അയാൾ വിഷമിച്ചു. അയാൾ കുട്ടിയെ പിടിച്ചെഴുന്നേൽപ്പിച്ചു: "അരി പോയതങ്ങു പോട്ടെ. കുഞ്ഞു കരയാതെ, ഞാൻ മേടിച്ചു തരാം, അരി."

"അത്താഴത്തിനൊള്ളതാ; അമ്മ എന്നെ തല്ലും."

"കുഞ്ഞിനെ തല്ലത്തില്ല. അരീം ഉപ്പും മൊളകുമെല്ലാം ഞാൻ മേടിച്ചുതരാം. കുഞ്ഞ് അങ്ങോട്ടു മാറിനിൽക്ക്. ഞാനിപ്പ വന്നേക്കാം." അയാൾ അവളെ





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



റോഡിന്റെ അരുകിലേക്കു മാറ്റിനിറുത്തിയിട്ടു വണ്ടിയുമെടുത്തുകൊണ്ട് ഓട്ടം തുടങ്ങി.

പെൺകുട്ടി കരച്ചിൽ നിറുത്തിയില്ല. ദൂരെ നിന്നിരുന്ന ചന്തപ്പിള്ളേരെല്ലാം അവളുടെ ചുറ്റും കൂടി. അവർ സഹതാപപൂർവം അവളോടു ചോദ്യങ്ങൾ തുടങ്ങി. ആരുടെ റിക്ഷയാണു മുട്ടിയത്? എവിടെയാണു വീണത്, കേടു വല്ലതും പറ്റിയോ, അരി എത്ര ഉണ്ടായിരുന്നു? വീടെവിടെയാണ്, പേരെന്താ? – അതെല്ലാം അവർക്കറിയണം. അവൾ ഒന്നും മിണ്ടിയില്ല. ചിതറിക്കിടക്കുന്ന അരിയിലേക്കു നോക്കിക്കൊണ്ട് അവൾ കരയുകയാണ്.

സംഭവം കണ്ടുനിന്ന ഒരു ചെറുക്കൻ പറഞ്ഞു, പപ്പുവിന്റെ റിക്ഷയാണു മുട്ടിയതെന്ന്. അതു മറ്റുള്ള പിള്ളേർക്കു വിശ്വാസമായില്ല. പപ്പുവിന്റെ റിക്ഷാ ആരുടേയും ദേഹത്തു മുട്ടിയിട്ടില്ല, മുട്ടുകയുമില്ല എന്നാണവരുടെ വാദം. അതേപ്പറ്റി അവർ തമ്മിൽ ശക്തിയായ വാദപ്രതിവാദം നടന്നു. ഒടുവിൽ, പപ്പുവിന്റെ റിക്ഷാ തന്നെയാണ് മുട്ടിയതെന്ന് ഒരു യാചകി സാക്ഷിപറഞ്ഞു. ആ വഴക്ക് അങ്ങനെ അവസാനിച്ചു. പപ്പു ഉടനെ തിരിച്ചുവരുമെന്നും അയാൾ പെൺകുട്ടിക്ക് അരി വാങ്ങിക്കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടെന്നും കൂടി യാചകി പറയുകയുണ്ടായി. അതും അഭിപ്രായഭിന്നതയ്ക്കു കാരണമായി ത്തീർന്നു.

“ഓ! അതു കളിപ്പിച്ചതാ!” എന്ന് ഒരുത്തൻ പറഞ്ഞു.

“പപ്പു കൊളത്തീ മുങ്ങിയാ കെണറ്റിലേ നീരത്തൊള്ളൂ”– അതു മറ്റൊരു വന്റെ അഭിപ്രായമാണ്.

ആ വാദപ്രതിവാദം പെൺകുട്ടിയുടെ ശ്രദ്ധയെ ആകർഷിച്ചു. അവളുടെ മനസ്സിലും അങ്ങനെ ഒരു വാദം നടക്കുന്നുണ്ട്. അടുത്തു നിന്ന ഒരു ചെറുപ്പ ക്കാരനോട് അവൾ ചോദിച്ചു: “നീ അറിയ്വോ അയാളെ?”

“ഉം, അറിയും. പറഞ്ഞാ പറഞ്ഞപോലെ ചെയ്യുന്നവനാ.” മറ്റൊരുത്തൻ അവനോടെതിർത്തു: “പറഞ്ഞാ പറഞ്ഞപോലെ ചെയ്യുന്നവനാണ്! നിന ക്കെങ്ങനെ അറിയാമെടാ?”

“അയാളെ ഇനി കാണണമെങ്കി, ആണ്ടു പെറക്കണം” –വേറൊരുത്തൻ എതിർപ്പിനെ പിന്താങ്ങി.

പെൺകുട്ടി പൊട്ടിക്കരഞ്ഞു: “അത്താഴത്തിനുള്ള അരിയാ. അമ്മ എന്നെ കൊല്ലും.”

“നിങ്ങക്കെന്താടാ ഇവിടെ കാര്യം?” അങ്ങനെ പറഞ്ഞുകൊണ്ട് പപ്പു ഓടി യെത്തി. പിള്ളേരെല്ലാം അകലെ മാറിനിന്നു. അയാൾ അവളുടെ കണ്ണുനീരും ശരീരത്തിൽ പറ്റിയ അഴുക്കും തുത്തുകളഞ്ഞു. നിറഞ്ഞ സഹതാപത്തോടെ അയാൾ ചോദിച്ചു: “നീയിന്നു വല്ലതും കഴിച്ചോ?”

“ഉം; ഉച്ചയായപ്പഴ് ഒരു ചട്ടി പച്ചോളം കുടിച്ചു.”

“വാ.” അയാൾ നടന്നു. കുട്ടയും എടുത്തുകൊണ്ട് അവൾ അനുഗമിച്ചു.

ഒരു പീടികയിൽനിന്നു പപ്പു ആറു പഴം വാങ്ങി അവളുടെ കൈയിൽ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കൊടുത്തു. ആറു പഴം - ഒന്നാംതരം ആറു പാളേങ്കോടൻപഴം! അവളുടെ വരണ്ട ചുണ്ടിൽ പുഞ്ചിരി മൊട്ടിട്ടു. പഴം കുട്ടയിലിട്ട്, കുട്ട എളിയിൽ വച്ചു കൊണ്ട് അവൾ നിൽക്കുകയാണ്.

"എന്താ നീയതു തിന്നാത്തത്?"

"വീട്ടിച്ചെന്നിട്ട് തിന്നോളാം." അവൾ ചിരിച്ചു. അയാളും ചിരിച്ചു.

"ഇപ്പത്തിന്നാലെന്താ?"

"വീട്ടിലമ്മയൊണ്ട്. അമ്മേം ഞാനുംകൂടെ തിന്നോളാം."

അയാൾ അവളുടെ കൈയും പിടിച്ചുകൊണ്ട് നടന്നു. അയാൾ ചോദിച്ചു: "നിനക്കച്ഛനില്ലേ?"

"ചത്തുപോയി."

"നിനക്കു മൂത്തതും എളേതുമില്ല്യോ?"

"ഞാനൊന്നേ ഒള്ളൂ."

"നിന്റെ വീടെവിടെയാ?"

"അങ്ങവിടെ" -അവൾ കൈ ചൂണ്ടിക്കാണിച്ചു. പപ്പു അതു ശ്രദ്ധിച്ചില്ല.

"നിന്റെ പേരെന്താ?"

"ലക്ഷ്മി."

"അമ്മേടെ പേരെന്താ?"

"കല്യാണി."

അയാൾ ഒരു പീടികയിലേക്കു കയറി. "ആ കുട്ടയില് എത്ര അരിയുണ്ടായിരുന്നു?"

"മൂഴക്ക്. പിന്നെ, ഉപ്പും മൊളകും ഒണ്ടായിരുന്നു."

ഇടങ്ങഴി അരിയും അതിനുവേണ്ട ഉപ്പും മുളകും കൊടുക്കാൻ പപ്പു പീടികക്കാരനോടു പറഞ്ഞു. ലക്ഷ്മി പഴം കൈയിലെടുത്തിട്ടു കുട്ട പീടികക്കാരന്റെ കൈയിൽ കൊടുത്തു. അയാൾ സാമാനങ്ങൾ എടുക്കുന്നതിനിടയിൽ ലക്ഷ്മി പപ്പുവിനോടു ചോദിച്ചു: "ഇതെവിടുന്നാന്ന് അമ്മ ചോദിച്ചാലെന്തു പറയണം?"

"നീ എന്തു പറയും?"

"എന്തു പറയണം?"

"ഒള്ളതു പറയണം."

"പേരെന്താ?"

"പപ്പു."

"പപ്പു. പപ്പു പിന്നെ, വീടെവിടെയാണ്?"

"എനിക്കു വീടില്ല."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"വീടില്യോ?" അവൾക്കു ചിരിവന്നു: "അമ്മയൊണ്ടോ?"

"ഇല്ല."

"അച്ഛനൊണ്ടോ?"

"ഇല്ല."

"ഓ അതു കള്ളമാ, അതു കള്ളമാ," അവൾ പൊട്ടിച്ചിരിച്ചു. അയാളും ചിരിച്ചു.

പീടികക്കാരൻ കുട്ടയിൽ അരി അളന്നിട്ടു. അതിനുമുകളിൽ രണ്ടു കടലാസുപൊതിയും വച്ചു. ലക്ഷ്മി അവളുടെ കൈയിലിരുന്ന പഴവും കുട്ടയിൽ വച്ചിട്ട് അതെടുത്ത് തലയിലേറ്റി. "ഇനി ഞാൻ പോട്ടേ?"

"നീ തന്നത്താൻ പോകോ?"

"പൊയ്ക്കൊള്ളാം."

"എന്നാൽ പൊയ്ക്കോ."

അവൾ കൃതജ്ഞതാപൂർവം പപ്പുവിനെ ഒന്നു നോക്കിയിട്ടു തിരിഞ്ഞു നടന്നു. പപ്പുവും അവളുടെ കൂടെ നടന്നു. അവളുടെ കൂടെ അങ്ങനെ നടക്കുവാൻ അയാൾക്കൊരാഗ്രഹം.

"നീ നാളെ വരുമോ?" അയാൾ ചോദിച്ചു.

"എന്തിനാ?"

"വെറുതെ."

"ഇനി എന്നെ ഉരുട്ടി ഇടോ?" അവൾ ചിരിച്ചു.

"ഇല്ല." അയാളും ചിരിച്ചു.

"എന്നാ വരാം."

പപ്പു നിന്നു. അവൾ നടന്ന് അങ്ങു പോയി മറയുന്നതുവരെ അയാൾ അവളെത്തന്നെ നോക്കി നിൽക്കുകയായിരുന്നു. മറഞ്ഞതിനുശേഷവും അവൾ അയാളുടെ മുമ്പിൽ നിൽക്കുന്നതായി തോന്നി. ആ നിർദോഷമായ ചിരിയും കൃതജ്ഞത നിറഞ്ഞ നോട്ടവും!

"നാളെ... നാളെ... ..." അയാൾ മന്ത്രിക്കുകയാണ്. അതുവരെ അയാളുടെ ജീവിതത്തിൽ 'നാളെ' ഉണ്ടായിരുന്നില്ല. അന്നാദ്യമായി അയാൾക്കൊരു 'നാളെ' ഉണ്ടായി.

"നാളെ... നാളെ... ..." അങ്ങനെ മന്ത്രിച്ചുകൊണ്ട് അയാൾ തിരിഞ്ഞു നടന്നു.

**(ഓടയിൽനിന്ന്)** **-പി. കേശവദേവ്**

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വായിക്കാം, പറയാം

- ജനത്തിരക്കുള്ള നഗരപാതയെ കഥാകൃത്ത് വർണിക്കുന്നതെങ്ങനെ?
- റിക്ഷാ തട്ടി വീഴുന്ന കുട്ടി എന്തിനെപ്പറ്റിയാണ് സങ്കടപ്പെടുന്നത്?
- പെൺകുട്ടിയുടെ മനസ്സ് തെളിഞ്ഞതെപ്പോൾ?
- തന്റെ റിക്ഷാ തട്ടി കുട്ടി വീണതുകണ്ടപ്പോൾ പപ്പുവിന്റെ മാനസികാവസ്ഥ എന്തായിരുന്നു?

## പദപരിചയം

- നിബിഡം, പാന്ഥർ, പ്രതിബന്ധം, വാഗ്ദത്തം, അക്ഷമ, സ്തബ്ധർ, സഹതാപം, കളങ്കം, സാക്ഷി, കൃതജ്ഞതാപൂർവം എന്നിവയ്ക്ക് പകരം പദങ്ങൾ കണ്ടെത്തി എഴുതുക.

## അന്നും ഇന്നും

- "പ്ലഷർകാറുകൾ, ബസ്സുകൾ, ജഡ്ക്കാകൾ, കാളവണ്ടികൾ..."

  ഒരു പഴയകാല നഗരചിത്രമാണ് കഥയിലുള്ളത്.

  കാലംമാറി, രൂപം മാറി, ജീവിതം മാറി.

  ഇക്കാലത്തെ തെരുവാണ് വർണിക്കുന്നതെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാവുക? ചർച്ചചെയ്യുക.

## ചൊല്ലുകൾ ചൊല്ലുകൾ

- • കൊളത്തീ മുങ്ങിയാ കെണറ്റിലേ നീരത്തൊള്ളൂ.
  • കുഴിയിൽ താണാൽ കുന്നിലേ പൊങ്ങൂ.
  • കടലുണ്ടിയിൽ ഉറങ്ങിയാൽ കൊയിലാണ്ടിയിലേ ഉണരൂ.

  ഏതാണ്ട് ഒരേ ആശയങ്ങൾ ഉൾക്കൊള്ളുന്ന ചൊല്ലുകളാണിവ.

  സമാനമായ ഒരു ചൊല്ല് നിർമ്മിക്കുക. പരസ്പരം വിലയിരുത്തുക.

## സങ്കൽപ്പിക്കാം, എഴുതാം

- വീട്ടിൽ തിരിച്ചെത്തിയ കുട്ടി അമ്മയോട് എന്തെല്ലാമായിരിക്കും സംസാരിച്ചിരിക്കുക?

  അമ്മയും മകളും തമ്മിലുണ്ടാവാനിടയുള്ള സംഭാഷണം സങ്കൽപ്പിച്ചെഴുതുക.

## കണ്ടെത്താം, വിശദീകരിക്കാം

- * ഒരു കുട്ട അകലെ തെറിച്ചുകിടക്കുന്നു. അതിനരുകിൽ കുറച്ച് അരിയും മൂന്ന് മുളകും അൽപ്പം ഉപ്പും ചിതറിക്കിടക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ഉച്ചയായപ്പഴ് ഒരു ചട്ടി പച്ചോളം കുടിച്ചു.
- വീട്ടിലമ്മയൊണ്ട്, അമ്മേം ഞാനുംകൂടെ തിന്നോളാം.
- ഞാനൊന്നേ ഒള്ളൂ.

കഥയിലെ വ്യത്യസ്ത സന്ദർഭങ്ങളിൽ നിന്നെടുത്ത വാക്യങ്ങളാണിവ. ഇതിലൂടെ കുട്ടിയുടെ ജീവിതസാഹചര്യത്തെക്കുറിച്ച് എന്തെല്ലാം മനസ്സിലാക്കാം? വിശദീകരിക്കുക.

- പപ്പുവിന്റെ എന്തെല്ലാം സവിശേഷതകളാണ് കഥയിൽ വെളിവാകുന്നത്?
  - ജോലിയിലുള്ള വൈദഗ്ധ്യം.
  -
  -
  - ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷ.

  ഇവ വ്യക്തമാക്കുന്ന സന്ദർഭങ്ങൾ കഥയിൽനിന്നു കണ്ടെത്തി വിശദീകരിക്കുക.

## വിശകലനം ചെയ്യുക

- > അതുവരെ അയാളുടെ ജീവിതത്തിൽ 'നാളെ' ഉണ്ടായിരുന്നില്ല. അന്നാദ്യമായി അയാൾക്കൊരു 'നാളെ' ഉണ്ടായി.

  'നാളെ' എന്ന പദത്തിലൂടെ അർഥമാക്കുന്നതെന്ത്?

## ചുവർപത്രിക

- കേശവദേവ് എഴുതിയ ഒരു കത്തിലെ വാക്യങ്ങളാണിത്.

  > 'ഓടയിൽനിന്ന്' ആണ് എന്റെ ആദ്യനോവൽ. ജീവിക്കണമെങ്കിൽ സ്നേഹിക്കാൻ എന്തെങ്കിലും വേണം. അതാണ് ആ നോവലിന്റെ അടിസ്ഥാനം.

  'ഓടയിൽനിന്ന്' എന്ന നോവൽ വായിക്കൂ.

  നോവലിനെയും എഴുത്തുകാരനെയും കുറിച്ചുള്ള കുറിപ്പുകളും ചിത്രങ്ങളുമടങ്ങിയ ചുവർപത്രിക തയാറാക്കുക.

- ചുവർപത്രിക എങ്ങനെ വിലയിരുത്താം?

  *സൂചകങ്ങൾ*

  - ആകർഷണീയത
  -
  -
  -



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# മയന്റെ മായാജാലം

സാദരമേവം പറഞ്ഞു മയൻ ഗുരു-
പാദസരോജങ്ങളോർത്തുടനേ,
വേദിയന്മാരെ വണങ്ങി മുദാ നാലു
വേദങ്ങളെയും നമസ്കരിച്ചു.
കോടാലി കൈയിലെടുത്തു മെല്ലെയൊട്ടും
കോടാതെ തഞ്ചത്തിൽ താണുനിന്നു.
വാടാതെ കോടാലികൊണ്ടൊരു താമസം
കൂടാതെ വെട്ടീ മഹീതലത്തിൽ,
തെല്ലു പിറകോട്ടു മാറിനിന്നു പത്തു
കല്ലു ജപിച്ചങ്ങെറിഞ്ഞളവേ
മെല്ലെന്നു ഭൂമി പിളർന്നു പുറപ്പെട്ടു
നല്ലൊരു പൊന്മണിമൗലികുംഭം.
ഉത്തുംഗഗോപുരശൃംഗങ്ങളും നിന്നു
കത്തുന്ന തീക്കനലെന്നപോലെ
പത്തരമാറ്റുള്ള തങ്കപ്രകാശത്തെ
കുത്തിക്കവർന്ന നിറം കലരും
പത്തനപംക്തി നിരക്കെപ്പുറപ്പെട്ടു
പത്തുദിക്കൊക്കെ പ്രകാശത്തോടേ;
മുത്തും പവിഴം മരതകം മാണിക്യ-
മൊത്തു വിളങ്ങും മതിലുകളും





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അച്ഛസ്ഫടികപ്രദേശങ്ങളും പിന്നെ
സ്വച്ഛങ്ങളാകും തടാകങ്ങളും
പച്ചക്കല്ലൊത്ത നിലത്തൊഴുകും നദീ-
കച്ഛത്തിലുത്തമവൃക്ഷങ്ങളും
ഉച്ചത്തിലുള്ളൊരെഴുനിലമാടങ്ങൾ
മെച്ചത്തിൽ മാളികവീഥികളും.

* * *

പെട്ടെന്നു വന്നു പ്രകാശിച്ചു വിസ്മയ-
മൊട്ടല്ല പിട്ടല്ലിതൊന്നുമഹോ!

**(സഭാപ്രവേശം തുള്ളൽ)**

**- കുഞ്ചൻനമ്പ്യാർ**

## ചൊല്ലാം, രസിക്കാം

- കാവ്യഭാഗം സംഘമായി താളത്തോടെ ചൊല്ലി അവതരിപ്പിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദങ്ങൾ കണ്ടെത്താം

- കാവ്യഭാഗത്തുള്ള സവിശേഷപദങ്ങൾ കണ്ടെത്തി നിർദേശിച്ച പ്രകാരം എഴുതൂ.

**അക്ഷരാവർത്തനം വരുന്ന പദങ്ങൾ**

* അച്ഛ - സ്വച്ഛ - കച്ഛം
*
*
*
*

**പദച്ചേർച്ചകൾ**

* പാദസരോജം
*
*
*
*

- പാഠഭാഗത്തുനിന്നു പുതുതായി പരിചയപ്പെട്ട പദങ്ങൾ ഉൾപ്പെടുത്തി നിഘണ്ടു തയാറാക്കുക.

## കണ്ടെത്താം, പറയാം

- "മെല്ലെന്നു ഭൂമിപിളർന്നു പുറപ്പെട്ടു
  നല്ലൊരു പൊന്മണിമൗലികുംഭം."

  ഇതിനു മുന്നൊരുക്കമായി മയൻ ചെയ്ത കാര്യങ്ങൾ കണ്ടെത്തി അവതരിപ്പിക്കൂ.
- ഗോപുരങ്ങൾ, മാളികകൾ, ചുറ്റുമതിലുകൾ എന്നിവയുടെ സൗന്ദര്യത്തെ കവി വർണിക്കുന്നതെങ്ങനെയാണ്?

## കണ്ടെത്താം, എഴുതാം

- "അച്ഛസ്ഫടികപ്രദേശങ്ങളും പിന്നെ
  സ്വച്ഛങ്ങളാകും തടാകങ്ങളും"

  തടാകങ്ങൾ, വൃക്ഷങ്ങൾ, വീഥികൾ എന്നിവയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് കാവ്യഭാഗത്തുനിന്നു ലഭിക്കുന്നത്? കണ്ടെത്തി കുറിക്കൂ.

## ദൃക്സാക്ഷിവിവരണം

- "പെട്ടെന്നു വന്നു പ്രകാശിച്ചു വിസ്മയ-
  മൊട്ടല്ല പിട്ടല്ലിതൊന്നുമഹോ!"

  ഇന്ദ്രപ്രസ്ഥത്തിൽ മയൻ നിർമ്മിച്ച വിസ്മയക്കാഴ്ചകൾ കവി അവതരിപ്പിച്ചത് കണ്ടല്ലോ.

  നിങ്ങൾ ഇതു നേരിട്ടു കാണുകയാണെന്നു കരുതുക.
  അതിന്റെ ദൃക്സാക്ഷിവിവരണം അവതരിപ്പിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കഥകൾ വായിക്കാം, പറയാം

- മഹാഭാരതകഥകൾ വായിച്ച് മയൻ ഇന്ദ്രപ്രസ്ഥം നിർമ്മിക്കാൻ ഇടയായ സാഹചര്യം കണ്ടെത്തി ക്ലാസിൽ പറയുക.

## വരികൾ ശേഖരിക്കാം

- "നോക്കെടാ നമ്മുടെ മാർഗേ കിടക്കുന്ന
മർക്കടാ! നീയങ്ങു മാറിക്കിടാ ശഠാ!"

കുഞ്ചൻനമ്പ്യാരുടെ 'കല്യാണസൗഗന്ധികം' തുള്ളലിലെ വരികളാണിവ. ഇതുപോലെ നമ്പ്യാർകൃതികളിലെ രസകരമായ വരികൾ ശേഖരിച്ച് പതിപ്പ് തയാറാക്കുക.

### വാക്കുകൾ, ചിത്രങ്ങൾ

- 'ഒരു ചിത്രം', 'മയന്റെ മായാജാലം', 'ഓടയിൽനിന്ന്' എന്നീ പാഠഭാഗങ്ങൾ വായിച്ചപ്പോൾ നിങ്ങളുടെ മനസ്സിൽ തെളിഞ്ഞുവരുന്ന ചിത്രങ്ങൾ എന്തെല്ലാമാണ്?

  അവയുടെ പ്രത്യേകതകൾ താരതമ്യം ചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അല്പം മാത്രം |
|---|---|---|---|
| * കവിതയിലെയും കഥയിലെയും ആശയങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| * പ്രയോഗഭംഗി തിരിച്ചറിഞ്ഞ് ഔചിത്യം കണ്ടെത്താൻ കഴിഞ്ഞു. | | | |
| * പദങ്ങളുടെ ചേർച്ചയും സന്ദർഭത്തിലെ അർഥവും തിരിച്ചറിഞ്ഞു. | | | |
| * കവിതയുടെ ശബ്ദഭംഗിയും ആശയവും ഉൾക്കൊണ്ട് ഈണത്തിൽ ചൊല്ലി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| * കവിതയിൽ വർണിച്ച രംഗം സ്വന്തം ഭാഷയിൽ വിവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| * കഥയിലെ കഥാപാത്രങ്ങളുടെ സവിശേഷതകൾ കണ്ടെത്താനും വിശദീകരിക്കാനും കഴിഞ്ഞു. | | | |
| * കൃതിയെയും എഴുത്തുകാരെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. | | | |
| * കഥകൾ ശേഖരിച്ച് പറഞ്ഞവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |

എഴുത്തുകാരെ അറിയുക



## വള്ളത്തോൾ നാരായണമേനോൻ (1878–1958)

മലയാളത്തിലെ ആധുനിക കവിത്രയത്തിലൊരാൾ. മലപ്പുറം ജില്ലയിലെ മംഗലം ഗ്രാമത്തിലാണ് ജനിച്ചത്. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട ഒട്ടനവധി കവിതകളും ഗാനങ്ങളും രചിച്ചിട്ടുണ്ട്. കഥകളിയുടെ പുനരുദ്ധാരണത്തിനായി 'കേരളകലാമണ്ഡലം' സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ചു. വാല്മീകിരാമായണം, ഋഗ്വേദം, ശാകുന്തളം എന്നിവ മലയാളത്തിലേക്കു തർജമ ചെയ്യുകയുണ്ടായി. പത്മവിഭൂഷൺ ബഹുമതി ലഭിച്ചിട്ടുണ്ട്. ചിത്രയോഗം (മഹാകാവ്യം), ബധിരവിലാപം, ഒരു കത്ത്, ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, അച്ഛനും മകളും, മഗ്ദലനമറിയം, കൊച്ചുസീത, ഗണപതി, സാഹിത്യമഞ്ജരി–11 ഭാഗങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## പി. കേശവദേവ് (1904-1983)

ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യങ്ങൾ എഴുത്തിലൂടെ ആവിഷ്കരിച്ച കഥാകൃത്ത്. പറവൂരാണ് ജന്മസ്ഥലം. കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഓടയിൽനിന്ന്, അയൽക്കാർ, അധികാരം, ഭ്രാന്താലയം, ആദ്യത്തെ കഥ, ആർക്കുവേണ്ടി, വിൽപ്പനക്കാരൻ തുടങ്ങിയ നോവലുകളും യമുന ഏകാഗ്രമായി ഒഴുകുന്നു, ഭാവിവരൻ തുടങ്ങിയ കഥാസമാഹാരങ്ങളും ആണ് പ്രധാന കൃതികൾ. എതിർപ്പ്, തിരിഞ്ഞുനോട്ടം എന്നീ ആത്മകഥകളും എഴുതിയിട്ടുണ്ട്.

## കുഞ്ചൻനമ്പ്യാർ

പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ച കുഞ്ചൻനമ്പ്യാരെ മലയാളത്തിലെ മഹാകവിയും ഹാസസാഹിത്യചക്രവർത്തിയുമായാണ് സാഹിത്യലോകം ആദരിക്കുന്നത്. തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ്. അദ്ദേഹം ജനിച്ച കിള്ളിക്കുറിശ്ശിമംഗലത്തെ കലക്കത്ത് ഭവനം ഇന്ന് കുഞ്ചൻനമ്പ്യാർ സ്മാരകമായി നിലകൊള്ളുന്നു.

കല്യാണസൗഗന്ധികം, സ്യമന്തകം, ഘോഷയാത്ര, കിരാതം, നളചരിതം, ബാലിവിജയം, കീചകവധം തുടങ്ങി അറുപത്തിനാലോളം തുള്ളൽപ്പാട്ടുകളും ശ്രീകൃഷ്ണചരിതം മണിപ്രവാളം, ഇരുപത്തിനാലുവൃത്തം മുതലായ കാവ്യങ്ങളുമാണ് പ്രധാന കൃതികൾ.

### പദകോശം

| | |
|---|---|
| ഓട | - അഴുക്കുചാൽ |
| സ്തബ്ധം | - നിശ്ചലം |
| കളങ്കം | - അഴുക്ക്, കറ |
| കുണ്ഠിതം | - പരവശത |
| സാക്ഷി | - നേരിട്ടുകണ്ടറിഞ്ഞവൻ |
| അനുഗമിച്ചു | - കൂടെപ്പോയി, പിന്തുടർന്നു |
| നിർദോഷമായ | - ദോഷമില്ലാത്ത |
| കാലേ | - നേരത്തേ, പുലർകാലത്ത് |
| പൈക്കറ | - പശുവിനെക്കറക്കൽ |
| വ്രാതം | - കൂട്ടം |
| പേർത്തും | - പിന്നെയും |
| അണച്ചു | - അടുപ്പിച്ചു |
| പുണർന്നു | - കെട്ടിപ്പിടിച്ചു |
| പ്രീതി | - സന്തോഷം |
| ചേലുറ്റ | - അഴകുള്ള |
| നറും | - പുതിയ |
| ചെന്തൊണ്ടി | - തൊണ്ടിപ്പഴം |
| ചെറ്റ് | - അൽപ്പം |
| പാലഞ്ചും | - പാലിനെ തോൽപ്പിക്കുന്ന |
| തഞ്ചിടുന്നു | - തങ്ങിനിൽക്കുന്നു |
| സാദരം | - ആദരവോടെ |
| ഏവം | - ഇപ്രകാരം |
| സരോജം | - താമരപ്പൂവ് |
| വേദിയന്മാർ | - ബ്രാഹ്മണർ |
| മുദാ | - സന്തോഷത്തോടെ |
| കോടാതെ | - വളയാതെ, കോട്ടം കൂടാതെ |
| തഞ്ചത്തിൽ | - തക്കസമയത്ത് |
| മഹീതലം | - ഭൂതലം, ഭൂമി |
| മൗലി | - ശിരസ്സ് |
| കുംഭം | - കുടം |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| | | | |
|---|---|---|---|
| ഉത്തുംഗം | - ഉയർന്നത് | സ്വച്ഛം | - നിർമ്മലമായത് |
| ശൃംഗം | - മുകളറ്റം | കച്ഛം | - വെള്ളം കെട്ടി നിൽക്കുന്നതായ പ്രദേശം |
| പത്തനം | - പട്ടണം | | |
| പംക്തി | - കൂട്ടം | | |
| അച്ഛസ്ഫടികം | - സ്ഫടികംപോലെ തെളിഞ്ഞത് | പിട്ടല്ല | - കള്ളമല്ല |



പഠനനേട്ടങ്ങൾ

- ആശയം, താളം, ഭാവം എന്നിവ തിരിച്ചറിഞ്ഞ് കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു.
- കവിതയുടെ ആശയം, പ്രയോഗഭംഗി, ചമൽക്കാരം എന്നിവ ഉൾക്കൊണ്ട് ആസ്വദിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു.
- സാഹിത്യകൃതികളിലെ വാങ്മയചിത്രങ്ങൾ വായിച്ചാസ്വദിച്ച് വർണനകൾ, ദൃക്സാക്ഷിവിവരണങ്ങൾ എന്നിവ തയാറാക്കുന്നു.
- മഹാകവികളുടെ പ്രസിദ്ധങ്ങളായ വരികൾ ശേഖരിക്കുന്നു.
- കഥയിലെ വൈകാരികമുഹൂർത്തങ്ങൾ, ഭാഷാശൈലി, കഥാപാത്രങ്ങൾ എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി വിശകലനം ചെയ്യുന്നു.
- കഥകളും നോവലുകളും വായിച്ച് കുറിപ്പുകളും ചുവർപത്രികകളും മറ്റും തയാറാക്കുന്നു.
- കഥകൾ ശേഖരിച്ച് ഭാവാത്മകമായി പറഞ്ഞവതരിപ്പിക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



2

# കലയുടെ കേദാരം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# തിരനോട്ടം

'തിരനോട്ടം' എന്ന സിനിമയിലൂടെയാണ് സിനിമയിലേക്കുള്ള എന്റെ തിരനോട്ടം. 1978-ൽ. കലാപരമായ പശ്ചാത്തലങ്ങൾ ഒന്നുമില്ലാത്ത കുടുംബമായിരുന്നു എന്റേത്. സിനിമ വിദൂരമായ ഒരു വർണലോകസാന്നിധ്യം മാത്രം. പക്ഷേ, എനിക്കു സ്നേഹനിർഭരമായ ഒരു സൗഹൃദലോകമുണ്ടായിരുന്നു. ആ ലോകത്ത് സിനിമ ശക്തമായ ഒരു അഭിനിവേശമായിരുന്നു. അവരാണ്, ഞാനെന്ന കടലാസുവഞ്ചിയെ സിനിമയെന്ന മഹാസമുദ്രത്തിലേക്ക് ഒഴുക്കിവിട്ടത്. പിന്നീട്, കാറ്റിനും കാലത്തിനുമനുസരിച്ച് അതു മുന്നോട്ടൊഴുകി. ചിലപ്പോൾ കടൽ ശാന്തമായിരുന്നു. മറ്റു ചിലപ്പോൾ വൻതിരമാലകൾ വഴിതടഞ്ഞു. മഴ കൊണ്ടു. മഴവില്ലു കണ്ടു. ആ വഞ്ചി തെന്നിയും തെറിച്ചും ഇപ്പോഴും മുന്നോട്ടു നീങ്ങുന്നു. തലോടലുകൾക്കും താങ്ങുകൾക്കും നന്ദി പറയുന്നു. ഒപ്പം തിരസ്കാരങ്ങളെയും തടസ്സങ്ങളെയും ഞാൻ ഒരു തുള്ളി വെറുപ്പില്ലാതെ ഹൃദയത്തിലേക്കു സ്വീകരിക്കുന്നു.

(ഹൃദയത്തിന്റെ കൈയൊപ്പ്)
മോഹൻലാൽ

ഒരു കലാകാരന്റെ എന്തെല്ലാം നന്മകളാണ് ഈ കുറിപ്പിലൂടെ വ്യക്തമാകുന്നത്? -ചർച്ച ചെയ്യൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# പാട്ടിന്റെ പാലാഴി

കോഴിക്കോട് പട്ടണം. പഴയ പോലീസ് ലൈനിനടുത്ത റോഡ്. ആളുകൾ കൂടി നിൽക്കുന്നു. അതിനു നടുവിൽ നിന്ന് കള്ളിബനിയനിട്ട, പത്തുപന്ത്രണ്ടു വയസ്സുള്ള ഒരു പയ്യൻ പാടുകയാണ്. സ്വന്തം ഉദരം തന്നെയാണ് അവന്റെ തബല. കൂടിനിന്നവരോട് അവൻ കൈ നീട്ടി. കുറച്ച് ചില്ലറ കിട്ടി. കൂടിനിന്നവർ പിരിഞ്ഞു. കുഞ്ഞുമുഹമ്മദ് എന്നു പേരുള്ള ഒരു പോലീസ് കോൺസ്റ്റബിൾ (നമ്പർ 353) പയ്യന്റെ പാട്ടുകേട്ട് അപ്പുറം നിന്നിരുന്നു. പിരിവു കഴിഞ്ഞ് പോകാൻ തുടങ്ങിയപ്പോൾ പയ്യനെ ആ കോൺസ്റ്റബിൾ വിളിച്ചു: “വാടാ.”

പേര് ചോദിച്ചു. ‘സാബിർ ബാബു’ – അവൻ പറഞ്ഞു.

ബാപ്പ ബംഗാളിയാണെന്നും ഉമ്മ കോഴിക്കോട്ടുകാരിയാണെന്നും ബാപ്പ മരിച്ചപ്പോൾ കുടുംബം ശിഥിലമായെന്നും അവൻ കുഞ്ഞുമുഹമ്മദ്ക്കയോട് പറഞ്ഞു. “എന്റെ കൂടെ പോര്, നീ എങ്ങും പോകണ്ട.” രണ്ട് അനിയന്മാരും രണ്ട് അനിയത്തിമാരുമുള്ള വീട്ടിലേക്കാണ് അദ്ദേഹം ബാബുവിനെ കൊണ്ടുപോയത്.

കുളി കഴിഞ്ഞപ്പോൾ ഭക്ഷണവും വസ്ത്രവുമെല്ലാം നൽകി. വൈകുന്നേരം ഒഴിഞ്ഞ പോലീസ് മുറിയിൽ ഹാർമോണിയം ഒപ്പിച്ച് സുഹൃത്തുക്കളെ വിളിച്ച് ബാബുവിനെക്കൊണ്ട് ഗാനമേള സംഘടിപ്പിച്ചു. മറ്റൊരു ലൈൻമുറിയിൽ താമസിച്ചിരുന്ന ഞാൻ പാട്ടു കേൾക്കാൻ പോയി നിന്നു. പിന്നെ സമപ്രായക്കാരായ ഞങ്ങൾ കൂട്ടുകാരായി.











Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കുഞ്ഞുമുഹമ്മദ്ക്കയുടെ രണ്ട് അനിയന്മാരടക്കം ഞങ്ങൾ എട്ടുപത്ത് കുട്ടികളുണ്ടായിരുന്നു. കോറണേഷൻ തിയേറ്ററിനടുത്തായിരുന്നു ഞങ്ങളുടെ കളിസ്ഥലം. സിനിമയെന്നാൽ ഒരുതരം ഭ്രാന്താണ്. തിയേറ്ററിൽ അധികവും തമിഴ് നാടകങ്ങൾ. പലതും കാണാൻ ശ്രമിച്ചു. കണ്ടില്ലെങ്കിലും അറിയാൻ ശ്രമിച്ചു.

## ആദ്യനാടകം, ആദ്യസംഗീതം

ഒരു ദിവസം പോലീസ് മുറിയിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ "നമുക്കും ഒരു നാടകം കളിക്കണ"മെന്ന അഭിപ്രായമുയർന്നു. എല്ലാവർക്കും താൽപ്പര്യം. ആ കൂട്ടായ്മയിൽ അൽപ്പം ശ്രദ്ധേയമായി സംസാരിക്കാറുള്ള എന്റെ നേരെയാണ് നാടകമെഴുതാൻ അവർ വിരലുകൾ ചൂണ്ടിയത്.

നാടകമെന്നാൽ എന്താണ്, അതിന്റെ കലാപരമായ സ്വഭാവം എന്താണ് എന്നൊന്നും ആ പ്രായത്തിൽ അറിയില്ലായിരുന്നു. ഒരു കുട്ടിക്കാലകൗതുകം എന്ന നിലയ്ക്ക് ആ വെല്ലുവിളി ഞാൻ സ്വീകരിച്ചു. ദിവസങ്ങൾക്കുള്ളിൽ നാടകമെഴുതി. ആര് സംഗീതസംവിധാനം നിർവഹിക്കും? അന്വേഷിച്ചു വിഷമിക്കേണ്ടിവന്നില്ല. സാബിർ ബാബുവിനെ ചുമതലപ്പെടുത്തി. അപ്പോഴേക്കും പാട്ടുകളും ഞാൻ തന്നെ എഴുതിക്കഴിഞ്ഞിരുന്നു. സുഹൃത്തുക്കളെ കഥാപാത്രങ്ങളായി നിശ്ചയിച്ച് ഞങ്ങൾ റിഹേഴ്സലും തുടങ്ങി. കുഞ്ഞുമുഹമ്മദ്ക്ക ആയിരുന്നു രക്ഷാധികാരി. അവതരണസമയമായപ്പോഴാണ് പ്രശ്നങ്ങൾ തുടങ്ങിയത്. എവിടെ, എങ്ങനെ അവതരിപ്പിക്കും? ആ ശ്രമം പോലീസ് ലൈനിന്റെ അന്തരീക്ഷത്തിൽ പരാജയപ്പെടുകയായിരുന്നു. ബാബുരാജിനെ മാത്രമല്ല, എന്നെയും കെ.പി. ഉമ്മർ, കോഴിക്കോട് അബ്ദുൽഖാദർ എന്നിവരെയുമെല്ലാം വളർത്തിയെടുത്തത് പോലീസ് കോൺസ്റ്റബിൾ കുഞ്ഞുമുഹമ്മദ്ക്കയാണ്. വിദ്യാഭ്യാസമില്ലെങ്കിലും സംഗീതമടക്കം എല്ലാ കലകളിലും അദ്ദേഹത്തിന് വ്യക്തമായ ധാരണയുണ്ടായിരുന്നു. അക്കാലത്ത് കോഴിക്കോട്ടെ പഞ്ചായത്ത് മാളികകളിൽ സംഗീതസദസ്സുകൾ സംഘടിപ്പിക്കുന്നതിൽ സദാ സന്നദ്ധനായിരുന്നു, നല്ലൊരു സ്പോർട്സ്മാനും കൂടിയായ കുഞ്ഞുമുഹമ്മദ്ക്ക.

## നിയോഗം പോലെ

ബാബുരാജിനെ (സാബിർ ബാബു) പോലെ കോഴിക്കോട് അബ്ദുൽഖാദറിനെയും (മുമ്പ് ലെസ്‌ലി എന്നായിരുന്നു പേര്) കണ്ടെത്തിയത് ഇദ്ദേഹമായിരുന്നു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






ഇവരെ വളർത്തിയെടുക്കൽ തന്റെ നിയോഗമായി കരുതി അദ്ദേഹം അവരെ പ്രോത്സാഹിപ്പിച്ചു. രണ്ടുപേരെയും ചേർത്ത് കോഴിക്കോട്ടെ സദസ്സുകൾക്കു മുന്നിൽ ഗാനമേളകളും കച്ചേരികളും കുഞ്ഞുമുഹമ്മദ്ക്ക സംഘടിപ്പിച്ചു.

ബാബുവും ഖാദറും മത്സരബുദ്ധിയോടെ സദസ്സിനു മുന്നിൽ കച്ചേരി പൊടിപൊടിക്കുമ്പോൾ സുഹൃത്തുക്കളുടെ കൈയിൽ കാശു നൽകി മാല (ഗിൽറ്റ്പൂമാല) വാങ്ങിക്കാൻ ഈ മനുഷ്യൻ ശട്ടംകെട്ടും. നന്നായി പാടുന്നവരുടെ കഴുത്തിൽ അണിയിക്കാനാണിത്.

ലെസ്‌ലിക്ക് സംഗീതത്തെപ്പറ്റി ശാസ്ത്രീയമായി ബോധ്യമുണ്ടായിരുന്നില്ല. അഭ്യാസപരതയും കുറവായിരുന്നു. എങ്കിലും നല്ല സ്വരമാധുരി ഉണ്ടായിരുന്നു. ഒരു ഘട്ടത്തിൽ ബർമ്മയിൽ അളിയന്റെ അടുത്തുപോയ അയാൾ അബ്ദുൽഖാദറായാണ് തിരിച്ചെത്തിയത്. കോഴിക്കോട്ടുകാരനായതിനാൽ പിന്നീട് കോഴിക്കോട് അബ്ദുൽഖാദറായി. സിനിമാരംഗത്തു കടന്നതിൽ പിന്നെയാണ് സാബിർ ബാബു, ബാബുരാജായി മാറിയത്.

കുഞ്ഞുമുഹമ്മദ്ക്കയുടെ താഴെയുള്ള സഹോദരിയെ അബ്ദുൽഖാദർ വിവാഹം ചെയ്തു. രണ്ടാമത്തെ സഹോദരിയെ വൈകാതെ സാബിർ ബാബുവും.

## ബാബുവിന്റെ നിസ്സഹായാവസ്ഥ

ബാബുവിന് വിദ്യാഭ്യാസം കുറവായിരുന്നു. തെരുവിൽനിന്നു വരുന്ന ഒരു കുട്ടിയുടെ ആ സംസ്കാരത്തിന്റെ ഒരു നിസ്സഹായത സ്വഭാവത്തിൽ പ്രകടമായിരുന്നു. ബോധം ഉണരുമ്പോഴേക്ക് സംഗീതത്തിന്റെ പ്രതിഭാപരമായ ശക്തി അവനിൽ രൂഢമൂലമായിക്കഴിഞ്ഞിരുന്നു. പക്ഷേ, അതിനെക്കുറിച്ച് അവൻ പൂർണബോധവാനായിരുന്നില്ല എന്നാണ് എനിക്ക് തോന്നിയിരുന്നത്.

പാട്ടിലും ഹാർമോണിയം - തബല വായനയിലുമെല്ലാം ബാബു തന്റെ പ്രതിഭ കണ്ടെത്തുകയായിരുന്നു. ഇതിലെല്ലാം അവൻ പ്രാവീണ്യം നേടിയിരുന്നു. വിരലുകൾ ശബ്ദങ്ങൾക്കിടയിൽ പറക്കുകയാണ് എന്നു തോന്നിപ്പോകും. ജലതരംഗം വായിക്കുന്നതിൽ അവന്റെ ശ്രുതിബോധം പ്രകടമായിരുന്നു. സംഗീതസംവിധാനത്തിൽ നേട്ടങ്ങളിൽനിന്നു നേട്ടങ്ങളിലേക്കു വളരുമ്പോൾ, കിട്ടുന്ന അഭിനന്ദനങ്ങളും അനുമോദനങ്ങളും ഉൾക്കൊള്ളാൻ ശ്രമിക്കുമ്പോൾ, അവയുടെ സാംസ്കാരികതലങ്ങളുടെ മുന്നിൽ ബാബുരാജ് തളർന്നുപോകുന്നത് ഞാൻ കണ്ടിട്ടുണ്ട്.

**(ബാബുരാജ്-** *എഡിറ്റർ: ജമാൽ കൊച്ചങ്ങാടി***)** **- കെ.ടി. മുഹമ്മദ്**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കണ്ടെത്താം, പറയാം

- ബാബുരാജ് ഉൾപ്പെടെയുള്ളവരുടെ വളർച്ചയിൽ കുഞ്ഞുമുഹമ്മദ്ക്ക പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ആരുടെയെല്ലാം? സന്ദർഭങ്ങൾ ഏതെല്ലാം?

## അഭിപ്രായക്കുറിപ്പ്

- "അന്യജീവനുതകി സ്വജീവിതം
  ധന്യമാക്കുമമലേ വിവേകികൾ"

  *(നളിനി - കുമാരനാശാൻ)*

  ഈ വരികൾ കുഞ്ഞുമുഹമ്മദ്ക്കയെ സംബന്ധിച്ച് എത്രത്തോളം ശരിയാണ്? നിങ്ങളുടെ അഭിപ്രായം എഴുതൂ.

## പ്രയോഗസവിശേഷത

- സംഗീതത്തിൽ ബാബുരാജിനുള്ള പ്രാവീണ്യം വ്യക്തമാക്കാൻ ചേർത്ത പ്രയോഗം കണ്ടെത്തൂ. സവിശേഷതകൾ ചർച്ചചെയ്യൂ.

## ജീവിതചിത്രം

- "പ്രാണസഖി, ഞാൻ വെറുമൊരു
  പാമരനാം പാട്ടുകാരൻ
  ഗാനലോകവീഥികളിൽ
  വേണുവൂതുമാട്ടിടയൻ
  ........................................"

  ബാബുരാജ് ഈണം നൽകിയ ഒരു സിനിമാഗാനത്തിലെ വരികളാണിത്. അദ്ദേഹത്തിന്റെ ജീവിതവുമായി ഈ വരികളിലെ ആശയം എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നു? വിശദമാക്കുക.

## പരിചയപ്പെടുത്തൽക്കുറിപ്പ്

- കെ. ടി. മുഹമ്മദിനെ പരിചയപ്പെടുത്തിക്കൊണ്ട് ഈ യൂണിറ്റിന്റെ അവസാനഭാഗത്തു നൽകിയ കുറിപ്പ് വായിക്കൂ.

  എന്തെല്ലാം സവിശേഷതകളാണ് അതിനുള്ളത്? ചർച്ചചെയ്ത് എഴുതൂ.

  - ജീവിതകാലം
  -
  -
  -

- ബാബുരാജിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഒരു പരിചയപ്പെടുത്തൽക്കുറിപ്പ് തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഉപശീർഷകം

- ‘ആദ്യനാടകം, ആദ്യസംഗീതം’, ‘നിയോഗം പോലെ’, ‘ബാബുരാജിന്റെ നിസ്സഹായാവസ്ഥ’ എന്നീ ഉപശീർഷകങ്ങൾ ആ ഭാഗങ്ങൾക്ക് എത്രമാത്രം യോജിക്കുന്നു?

  ചർച്ചചെയ്യുക.

## അനുസ്മരണച്ചടങ്ങ്

- ക്ലാസിൽ ‘ബാബുരാജ് അനുസ്മരണ’പരിപാടി സംഘടിപ്പിക്കുക (ചരമദിനം- ഒക്ടോബർ 7).

  ഈ പരിപാടിയിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്താം?

  * അനുസ്മരണപ്രസംഗം
  * പാട്ടുകൾ
  *
  *

  അനുസ്മരണപ്രസംഗം തയാറാക്കൂ.

  പരിപാടിയുടെ പ്രചാരണത്തിനായി പോസ്റ്റർ, നോട്ടീസ് എന്നിവകൂടി തയാറാക്കുമല്ലോ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ജീവനുള്ള പാട്ട്




കാട്ടുപുൽത്തണ്ടിലദ്ഭുതോദാരമാം
പാട്ടുപാടുന്ന ഗന്ധർവബാലകാ!

ഈ ജനാലതൻ മുന്നിലരക്ഷണം
മൂകനായൊന്നു നിന്നിട്ടു പോകുമോ?

താവകോജ്ജ്വല ഗാനത്തിൽനിന്നു ഞാൻ
വേർതിരിഞ്ഞൊന്നു കാണട്ടെ നിൻമുഖം.

ഗാനലോലനായെന്നെന്നുമന്തിയി-
ലീവഴിക്കു നീ പോകുന്ന വേളയിൽ

ലോലമാകുമപ്പുല്ലാങ്കുഴലിലെ
നാദലോക മഹാദ്ഭുതധാരയിൽ

ലീനയായ് സ്വയം സർവവും വിസ്മരി-
ച്ചാനതാസ്യയായ് നിന്നുപോകുന്നു ഞാൻ.

കാണ്മതില്ല ഞാനൊന്നുമമേയമാ-
മാത്മവിസ്മൃതി പുൽകുമാ വേളയിൽ.

അങ്ങു ദൂരെ നിൻ ദിവ്യഗാനാമൃത-
മന്തിവാനിലലിഞ്ഞു ചേർന്നീടവേ

എന്തിനോ ഹാ! പ്രദക്ഷിണം വയ്ക്കയാം
നിന്റെ ചുറ്റിനും മാമക കൗതുകം.

കാട്ടുപുൽത്തണ്ടിലദ്ഭുതോദാരമാം
പാട്ടുണർത്തുന്ന ഗന്ധർവബാലകാ!

ഈ ജനാലതൻ മുന്നിലരക്ഷണം
മൂകനായൊന്നു നിന്നിട്ടു പോകണേ!

– ജി. കുമാരപിള്ള



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വായിക്കാം, പറയാം

- കാട്ടുപുൽത്തണ്ട് എന്നു വിശേഷിപ്പിക്കുന്നതെന്തിനെയാണ്?
- ഗന്ധർവബാലന്റെ നാദധാര കേൾവിക്കാരിയെ എങ്ങനെയെല്ലാമാണ് സ്വാധീനിക്കുന്നത്?
- "ഈ ജനാലതൻ മുന്നിലരക്ഷണം
  മൂകനായൊന്നു നിന്നിട്ടു പോകണേ!"

  മൂകനായി ഒന്നു നിൽക്കണമെന്ന് പെൺകുട്ടി പറയാൻ കാരണമെന്ത്?

## പാടാം, രസിക്കാം

- കവിതയ്ക്ക് ഈണം കണ്ടെത്തി സംഘമായി ചൊല്ലി അവതരിപ്പിക്കൂ.

## വിശകലനം ചെയ്യാം

- "താവകോജ്ജ്വല ഗാനത്തിൽനിന്നു ഞാൻ
  വേർതിരിഞ്ഞൊന്നു കാണട്ടെ നിൻമുഖം."

  പെൺകിടാവ് ഇങ്ങനെ ആവശ്യപ്പെടുന്നത് എന്തുകൊണ്ട്? ചർച്ചചെയ്ത് എഴുതുക.

## ചിത്രം വരയ്ക്കാം

- "അങ്ങു ദൂരെ നിൻ ദിവ്യഗാനാമൃത-
  മന്തിവാനിലലിഞ്ഞു ചേർന്നീടവേ"

  അസ്തമയപ്രഭയിൽ അകന്നുപോകുന്ന ഗന്ധർവബാലന്റെ ചിത്രം വരച്ച് നിറം കൊടുക്കൂ.

## കാവ്യഭംഗി

- "കാട്ടുപുൽത്തണ്ടിലദ്ഭുതോദാരമാം
  പാട്ടുണർത്തുന്ന ഗന്ധർവബാലകാ!"

  വരികളിലെ സൗന്ദര്യം ചർച്ചചെയ്യൂ.

  ഇതുപോലുള്ള മറ്റു വരികൾ കണ്ടെത്തൂ.

## ആസ്വാദനക്കുറിപ്പ്

- കവിതയുടെ ആശയം, പദച്ചേർച്ച, പ്രയോഗഭംഗി തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കാം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




# പടയണി

"ഭടജനങ്ങടെ നടുവിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള-
ഭാഷതന്നെ ചിതം വരൂ" -

എന്നു കുഞ്ചൻനമ്പ്യാർ പടയണിയെ പരാമർശിക്കുന്നുണ്ട്. ദീർഘകാല ചരിത്രമുള്ള ജനസമൂഹങ്ങളിൽ പലതരത്തിലുള്ള ആചാരങ്ങൾ ഉണ്ടാകും. ഒരുകാലത്ത് ക്ഷേത്രങ്ങൾ, കാവുകൾ, കളരികൾ എന്നിവ കേന്ദ്രമാക്കി അന്നം മുതൽ അരങ്ങുവരെയുള്ളവയുടെ കാര്യവിചാരം നടന്നിരുന്നു. ഇവയിൽ നാടകസ്വഭാവമുള്ള ഒരുപിടി അനുഷ്ഠാനങ്ങൾ ഉണ്ട്. മുടിയേറ്റ്, പടയണി, തെയ്യം തുടങ്ങിയവ അവയിൽ പ്രധാനമാണ്.

പടയണി ഉണ്ടായതിനെപ്പറ്റി ഒരു ഐതിഹ്യം ഉണ്ട്. ശ്രീകൃഷ്ണന്റെ മരണശേഷം ഭൂമിയും സ്വർഗവും പാതാളവും ദാരികന്റെ നേതൃത്വത്തിൽ അസുരന്മാർ അടക്കിവാണു. ദാരികന്റെയും അനുയായികളുടെയും ഹിംസയും അധർമവും സഹിക്കവയ്യാതെ വരുമ്പോൾ ശിവന്റെ ശരീരത്തിൽ നിന്നുണ്ടായ കാളി ദാരികനെ കൊല്ലുന്നു. കാളിയുടെ കലി അടങ്ങാൻ പലവിധ വഴിപാടുകളും നേർച്ചകളും നടത്തിയിട്ടും ഫലിച്ചില്ല. ഒടുവിൽ കാളിയുടെ രൂപം അഥവാ കോലം ഒരാൾ കളത്തിൽ വരച്ചു. അതുകണ്ട് കാളി പൊട്ടിച്ചിരിച്ചു. കാളിയുടെ ക്ഷോഭം അടങ്ങുകയും ചെയ്തു. ഈ വിശ്വാസത്തിൽ ദേവീക്ഷേത്രങ്ങളിൽ നടക്കുന്ന വഴിപാടായ അനുഷ്ഠാനനാടകമാണ് പടയണി. മധ്യതിരുവിതാംകൂറിലാണ് ഇത് അരങ്ങേറിവരുന്നത്. എട്ടോ ഒമ്പതോ പത്തോ ദിനം നീണ്ടുനിൽക്കുന്ന ഒരു ഗ്രാമനാടകോത്സവമാണത്.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഭൈരവി, പക്ഷി, യക്ഷി, കാലൻ, മാടൻ, മറുത, കുതിര, കുഞ്ഞുണ്ണി തുടങ്ങിയ നാനാതരം കോലങ്ങൾ എഴുതി തലയിൽ എടുത്ത് പാട്ടിന്റെയും മേളത്തിന്റെയും ചൂട്ടു കത്തിച്ചതിന്റെയും അകമ്പടിയോടെ തുള്ളുന്നതാണ് ഇത്. അമ്മയെ പ്രതിനിധീകരിക്കുന്ന ഭൈരവിക്കോലമാണ് പ്രധാനം. കലാപരമായ ഭംഗി കൂടുതൽ ഉള്ളത് കാലൻ കോലത്തിനാണ്.

പ്രകൃതിദത്തമായ വർണങ്ങൾ ചാലിച്ച് പച്ചപ്പാളയുടെ അകത്ത് ഓരോന്നിന്റെയും രൂപങ്ങൾ വരയുന്നു. പച്ച, വെള്ള എന്നീ രണ്ടു വർണങ്ങൾ പാളയിൽത്തന്നെ ഉണ്ട്. മഞ്ഞ, ചെമപ്പ് തുടങ്ങിയ നിറങ്ങളും കരിനിറവും പാളയിൽ എടുത്തുനിൽക്കും. തോരണമായി കുരുത്തോല ഉപയോഗിക്കും. തലയിൽ എടുത്തു പൊക്കാൻ പറ്റാത്ത വലിയ കോലങ്ങളും ഉണ്ടാകും. ഏറ്റവും വലുത് ആയിരംപാളക്കോലമാണ്. ആരാധനാമൂർത്തികൾക്കൊപ്പം പരദേശി (പട്ടർ), അന്തോണി എന്ന വള്ളക്കാരൻ, അപ്പൂപ്പൻ, അമ്മൂമ്മ, അറബിക്കുതിരക്കോലം എന്നിവയും കാണും. കാക്കാരിശ്ശിനാടകത്തിലേതുപോലെ തമാശ ഉൾക്കൊള്ളുന്നവരാണ് പരദേശിയും അപ്പൂപ്പനും അമ്മൂമ്മയും.

പാളയിൽ എഴുതിയ കോലങ്ങൾക്ക് വശ്യഭംഗി കൂടുതലാണ്. തപ്പ്, ചെണ്ട എന്നീ വാദ്യങ്ങളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഓരോ കോലവും ചിട്ടപ്പടിയുള്ള താളത്തിൽ തുള്ളുന്നതിന് തപ്പുകൊട്ടുകയും പിൻപാട്ടുകാർ ഓരോന്നിനും പറ്റിയ പാട്ടുകൾ പാടുകയും ചെയ്യുന്നു. കളത്തിൽ തുള്ളുന്നതോടൊപ്പം കോലങ്ങൾ വീടുതോറും എഴുന്നള്ളിക്കുകയും ചെയ്യും. ഹൈന്ദവ ആചാരത്തിൽ അന്തോണി എന്ന ക്രിസ്ത്യനും മുസ്ലിം വഴിയുള്ള അറബിക്കുതിരയും അന്ന് മറുനാടനായി കരുതിയിരുന്ന തമിഴ് ബ്രാഹ്മണനും എല്ലാം ഉൾപ്പെടുന്നത് അന്നത്തെ സമുദായ സൗഹാർദത്തിന്റെ തെളിവാണ്.



പാട്ടിൽ കുരുവി മുതൽ വേദാന്തംവരെയുള്ള വിഷയങ്ങൾ വരും. “ഇനിയുമെങ്കിൽ കേട്ടുകൊണ്ടാലും പണ്ടൊരു കാലം കുരുവി ചെയ്തൊരു സദൃശമെപ്പേരും” എന്നു തുടങ്ങുന്ന പാട്ടിൽ മഴക്കാലത്ത് വള്ളത്തിൽ കുരുവി ഇട്ടിരുന്ന മുട്ടകൾ എടുത്തു പോയ കടലിനോട് തള്ളക്കുരുവി കലമ്പുന്നതാണ് കഥ. ഗരുഡനെപ്പോലെ പ്രമാണിമാർ തന്റെ വർഗത്തിലും ഉണ്ടെന്നും മര്യാദയ്ക്കു മുട്ടകൾ തിരിച്ചു തരണമെന്നുമാണ് കുരുവി കടലിനോട് ആവശ്യപ്പെടുന്നത്. അഗ്നിയെപ്പറ്റിയുള്ള പാട്ട് വേദാന്തം പഠിപ്പിക്കുന്നത്, “അമ്പത്തൊന്നക്ഷരമാടുന്നോരഗ്നി” എന്ന മട്ടിൽ തീയിലും വെള്ളത്തിലും കെടാത്ത അഗ്നിയുടെ മഹത്ത്വം പാടിക്കൊണ്ടാണ്. മാടനും മറുതയും ഒരുപാട് അന്തരാളയക്ഷിമാരും പടയണിയിലുണ്ട്. ഓരോന്നും ഓരോ വീട്ടുകാരുടെ നേർച്ചയാണ്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





പോകുന്നേൻ പോകുന്നേനോ
ഞാനോ ഞാൻ പോകുന്നേൻ
പേരാറ്റിൻ പെരുമണലേലോ
ഞാനോ ഞാൻ പോകുന്നേ
എന്നിണങ്ങർതോഴിമാരേ
ഞാനോ ഞാൻ പോകുന്നേ
മയിലിളമേ കുയിലിളമേ
ഞാനോ ഞാൻ പോകുന്നേ
ഞാൻ വളർത്തിയ കുട്ടക്കോഴീ
ഞാനോ ഞാൻ പോകുന്നേ
ഇട്ടുകളഞ്ഞു പോവതിനുണ്ടേ
ഉള്ളിലുണ്ടൊരു ഖേദമേ
പേരാറ്റിൻ പെരുമണലേലോ
ഞാനോ ഞാൻ പോകുന്നേ
പേരാറ്റിൻ പെരുമണലേലോ
തേരല്ലോ കാണുന്നൂ
തേരിന്മേലേറിയിങ്ങ്
പോരെന്റെ സുന്ദരയക്ഷീ (പോകുന്നേൻ....)

ഇവിടെ പേരാറിന്റെ പരാമർശം ഉള്ളതുപോലെ പരദേശിയുടെ പേച്ചിൽ വയനാട്ടിലെ പക്ഷിപാതാളം മുതലുള്ള സ്ഥലപ്പേരുകൾ പറയുന്നുമുണ്ട്.

ഓതറ, കടമ്മനിട്ട, എഴുമറ്റൂർ, ചെങ്ങന്നൂർ തുടങ്ങിയ സ്ഥലങ്ങളിലാണ് ഇന്നു പടയണി ഉള്ളത്. മണ്ണും മനുഷ്യരും ദൈവങ്ങളും ഇടകലർന്ന, അനവധി ദിനങ്ങൾകൊണ്ടു കളിച്ചുതീരുന്ന ഒരു നാടോടിനാടകമാണ് പടയണി. കോലം വരയ്ക്കുന്നതിനും തുള്ളുന്നതിനും പ്രത്യേകം ജാതിക്കോയ്മയില്ല.

ഇതുപോലെ 'ദൈവത്താർ' പോലുള്ള തെയ്യവും മുടിയേറ്റ്, പേച്ച്, കാളിയൂട്ട് എന്നിങ്ങനെ പല പേരുകളിൽ അരങ്ങേറുന്ന മുടിയേറ്റും അനുഷ്ഠാനനാടകങ്ങളാണ്. 'കാക്കാരിശ്ശി' നാടോടി നാടകമാണെങ്കിലും അമ്പലത്തിൽ വേണമെന്ന നിർബന്ധമില്ല. ലോകപ്രശസ്ത നാടകപ്രവർത്തകരായ ഗ്രോട്ടോവ്സ്കി, ബാർബ, പീറ്റർ ബ്രൂക്ക് എന്നിവരുടെ ശ്രദ്ധയിൽ ഇവ പെട്ടിട്ടുണ്ട്.

**- ഡി. വിനയചന്ദ്രൻ**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വായിക്കാം, പറയാം

- നാടകസ്വഭാവമുള്ള ഏതെല്ലാം അനുഷ്ഠാനകലകളെക്കുറിച്ചാണ് പാഠഭാഗത്ത് പരാമർശിക്കുന്നത്?
- പടയണിയുടെ പിന്നിലുള്ള ഐതിഹ്യമെന്ത്?
- പടയണിയുടെ വേഷപ്പകർച്ച പ്രകൃതിയോടിണങ്ങുന്നതാണ്. എങ്ങനെ?

## പദപരിചയം

- പാഠഭാഗം വായിച്ച് പരിചയമില്ലാത്ത പദങ്ങളുടെ അടിയിൽ വരയിടൂ. സന്ദർഭത്തിൽനിന്ന് അർഥം ഊഹിച്ചെഴുതുക. നിഘണ്ടു പരിശോധിച്ച് ഉറപ്പുവരുത്തുമല്ലോ.

## ശൈലീവിശേഷം

- "ഒരുകാലത്ത് ക്ഷേത്രങ്ങൾ, കാവുകൾ, കളരികൾ എന്നിവ കേന്ദ്രമാക്കി അന്നം മുതൽ അരങ്ങുവരെയുള്ള കാര്യവിചാരം നടന്നിരുന്നു."

അടിയിൽ വരയിട്ട ശൈലിയുടെ ആശയമെന്ത്? ഇതിന് സമാനമായ മറ്റു ശൈലികൾ കണ്ടെത്തൂ.

* ഉപ്പുതൊട്ടു കർപ്പൂരം വരെ.
* ...............................................
* ...............................................
* ...............................................

## ആശയപടം പൂർത്തിയാക്കൂ

**പടയണി**

| ................................ | മതസൗഹാർദം | ................................ | പ്രദേശം |
|---|---|---|---|
| • പാള | • അറബിക്കുതിര | • പക്ഷിക്കോലം | • |
| • കുരുത്തോല | • | • | • |
| • | • | • | • |
| • | • | • | • |
| • | • | • | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## നാടൻകലകൾ

പടയണിയെക്കുറിച്ചുള്ള ലേഖനം പരിചയപ്പെട്ടല്ലോ. വേറെയും ധാരാളം നാടൻ കലാരൂപങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഒരു ഉദാഹരണം ഇതാ:



### കണിയാർകളി

ഒരു കാർഷിക-അനുഷ്ഠാനനൃത്തം. കണ്ണിയാർകളി, കണ്യാർകളി എന്നീ പേരുകളിലും അറിയപ്പെടുന്നു. പാലക്കാട് ജില്ലയിലുൾപ്പെടുന്ന പുതിയങ്കം, കൊടുവായൂർ, ചിറ്റൂർ, പല്ലാവൂർ, പല്ലശ്ശന, കുനിശ്ശേരി, മഞ്ഞളീർ, ആലത്തൂർ, കാക്കൂർ, മാത്തൂർ, കുത്തനൂർ, നെന്മാറ എന്നീ പ്രദേശങ്ങളിലാണ് ഇന്ന് ഈ കളി പ്രചാരത്തിലുള്ളത്. കളരിയുമായി ബന്ധപ്പെട്ടതാണ് കണിയാർകളി. കണിയാർകളിയിലെ ചുവടുകൾക്ക് ആയോധനനൃത്തങ്ങളിലെ ചുവടുമായി സാദൃശ്യമുണ്ട്.

മേടം ഒന്നിന് (വിഷുദിവസം) 'കണിയാർകൊള്ളൽ' (കണികണ്ട് ആവേശഭരിതരാവുക) എന്ന ചടങ്ങോടെയാണ് ഒരു കാർഷികനൃത്തം കൂടിയായ കണിയാർകളി ആരംഭിക്കുന്നത്. വിഷു കഴിഞ്ഞുള്ള ചൊവ്വാഴ്ച ആരംഭിച്ച് വെള്ളിയാഴ്ചവരെ കളി ഉണ്ടായിരിക്കും. കണിയാർകളി സംഘടിപ്പിച്ചുകൊണ്ടാണ് വിത്തിടീൽ ആരംഭിക്കുന്നത്. വട്ടക്കളി, പൊറാട്ട് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായിട്ടാണ് കണിയാർകളി കളിക്കുന്നത്. മൂന്നു ദിവസങ്ങളിലായി അമ്പതിലധികം പൊറാട്ട് നാടകങ്ങൾ അവതരിപ്പിക്കാറുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ തെലുങ്ക്ചെട്ടി, മാലമക്കളി, മാപ്പിള പൊറാട്ട്, കുറവൻപൊറാട്ട് എന്നിവയാണ്.

**-ഡോ. ചുമ്മാർ ചൂണ്ടൽ** *(സർവവിജ്ഞാനകോശം-6ാം വാല്യം)*

കേരളത്തിൽ പ്രചാരത്തിലുള്ള നാടൻകലാരൂപങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ചെറുകുറിപ്പ് തയാറാക്കുക.

പരസ്പരം കൈമാറി വിലയിരുത്തുമല്ലോ.

സൂചകങ്ങൾ

- കലാരൂപത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ
- ചുരുക്കി അവതരിപ്പിക്കൽ
- യോജിച്ച ഭാഷാശൈലി

### സഹായകഗ്രന്ഥങ്ങൾ

- ഫോക്‌ലോർ നിഘണ്ടു- ഡോ. എം.വി. വിഷ്ണുനമ്പൂതിരി
- മാർഗംകളി - ഡോ. ചുമ്മാർ ചൂണ്ടൽ
- കുമ്മാട്ടി - ഡോ. ചുമ്മാർ ചൂണ്ടൽ
- കാക്കാരശ്ശിനാടകം - ജി. ഭാർഗവൻപിള്ള
- കേരളസംസ്കാര ചരിത്രനിഘണ്ടു- എസ്.കെ. വസന്തൻ
- സർവവിജ്ഞാനകോശം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ആൽബം

ഈ യൂണിറ്റിൽ നിരവധി കലാരൂപങ്ങളെയും കലാകാരന്മാരെയും പരിചയപ്പെട്ടല്ലോ.
അതുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയാറാക്കുക.
ആവശ്യാനുസരണം അടിക്കുറിപ്പുകളോ ചെറുവിവരണങ്ങളോ ചേർക്കുമല്ലോ.

## ഞാൻ എന്നെക്കുറിച്ച്

| | ഉണ്ട് | ഇല്ല |
|---|---|---|
| * വ്യക്തിസവിശേഷതകളും ജീവിതത്തിലെ പ്രധാന സംഭവങ്ങളും ഉൾപ്പെടുത്തി അനുസ്മരണപ്രസംഗം തയാറാക്കാൻ കഴിഞ്ഞു. | | |
| * കവിതയുടെ ആശയം, പ്രയോഗഭംഗി എന്നിവ വിശകലനം ചെയ്ത് ആസ്വാദനം എഴുതാൻ കഴിഞ്ഞു. | | |
| * ഭാഷാശൈലികളുടെ സവിശേഷത തിരിച്ചറിയാനും സമാനസ്വഭാവമുള്ളവ കണ്ടെത്താനും കഴിയുന്നു. | | |
| * ഉപശീർഷകങ്ങൾ എത്രത്തോളം ഉചിതമാണെന്നു കണ്ടെത്താൻ കഴിഞ്ഞു. | | |
| * ലേഖനത്തിലെ പ്രധാനാശയങ്ങൾ കണ്ടെത്തി ആശയപടം നിർമ്മിക്കാൻ കഴിയുന്നു. | | |
| * നാടൻകലാരൂപത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ചെറുകുറിപ്പ് തയാറാക്കാൻ കഴിഞ്ഞു. | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുത്തുകാരെ അറിയുക



## കെ.ടി. മുഹമ്മദ് (1927 - 2008)

മഞ്ചേരിയിൽ ജനിച്ചു. പ്രവർത്തനരംഗം കോഴിക്കോടായിരുന്നു. നാടകരംഗത്തു നിരന്തരമായ പരീക്ഷണങ്ങൾ നടത്തി തന്റേതായ ഒരു ശൈലി രൂപപ്പെടുത്തിയ നാടകകാരൻ. 'കെ.ടി.' എന്ന രണ്ടക്ഷരത്തിലൂടെ അറിയപ്പെടുന്ന ഇദ്ദേഹത്തിന്റെ നാടകങ്ങളിലധികവും മനുഷ്യനന്മയ്ക്കു വേണ്ടിയുള്ള അന്വേഷണങ്ങളാണ്. കേരള സംഗീത നാടക അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഊരും പേരും, ഇതു ഭൂമിയാണ്, കാഫർ, നാൽക്കവല, അസ്തിവാരം, മേഘസന്ദേശം, വെളിച്ചം വിളക്കന്വേഷിക്കുന്നു, ചുവന്ന ഘടികാരം, അപരിചിതൻ, കടൽപ്പാലം, തുറക്കാത്ത വാതിൽ, സംഗമം, സൃഷ്ടി സ്ഥിതി സംഹാരം, സാക്ഷാൽക്കാരം, ദീപസ്തംഭം മഹാശ്ചര്യം തുടങ്ങിയ നാടകങ്ങളും മാംസപുഷ്പങ്ങൾ എന്ന നോവലും കണ്ണുകൾ, ചിരിക്കുന്ന കത്തി എന്നീ കഥകളും കണ്ടം ബെച്ച കോട്ട്, അച്ഛനും ബാപ്പയും, കടൽപ്പാലം, രാജഹംസം മുതലായ തിരക്കഥകളും രചിച്ചിട്ടുണ്ട്.



## ജി. കുമാരപിള്ള (1932 - 2000)

വള്ളത്തോളിന്റെയും ചങ്ങമ്പുഴയുടെയും കാവ്യപാരമ്പര്യത്തെ ആധുനിക കവിതയുമായി ബന്ധിപ്പിച്ച കവി. കോട്ടയം ജില്ലയിലെ വെന്നിമലയാണ് ജന്മസ്ഥലം. കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്. അരളിപ്പൂക്കൾ, മരുഭൂമിയുടെ കിനാവുകൾ, ഓർമ്മയുടെ സുഗന്ധം, കവിത, സപ്തസ്വരം എന്നിവയാണ് പ്രധാന കവിതാസമാഹാരങ്ങൾ.



## ഡി. വിനയചന്ദ്രൻ (1946-2013)

ആധുനികകവികളിൽ പ്രമുഖൻ. നമ്മുടെ നാടോടിഗാനങ്ങളുടെ പാരമ്പര്യവും ലോകകവിതയുടെ പുതുധാരകളും സമന്വയിപ്പിച്ചവയാണു വിനയചന്ദ്രന്റെ കവിതകൾ. കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലടയിലാണ് ജനിച്ചത്. കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്. നരകം ഒരു പ്രേമകവിത എഴുതുന്നു, ദിശാസൂചി, കായിക്കരയിലെ കടൽ, വീട്ടിലേക്കുള്ള വഴി, സമയമാനസം, സമസ്തകേരളം പി.ഒ. (കവിതാ സമാഹാരങ്ങൾ), പൊടിച്ചി, ഉപരിക്കുന്ന് (നോവൽ), പേരറിയാത്ത മരങ്ങൾ (കഥകൾ) എന്നീ കൃതികൾക്കു പുറമെ നിരവധി വിദേശകവിതകൾ വിവർത്തനം ചെയ്തിട്ടുമുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദകോശം

| | | |
|---|---|---|
| ശിഥിലം | - | തകർന്നത്, അയഞ്ഞത് |
| നിയോഗം | - | നിശ്ചയം, ഏർപ്പെടുത്തൽ |
| അഭ്യാസപരത | - | പരിശീലനത്തികവ് |
| പ്രതിഭ | - | ബുദ്ധിവിശേഷം, ജന്മനായുള്ള കഴിവ് |
| രൂഢമൂലം | - | വേരുറച്ച |
| ജലതരംഗം | - | ഒരു സംഗീതോപകരണം |
| പ്രകടം | - | വെളിവാക്കപ്പെട്ടത്, വിശദമായി |
| സാംസ്കാരികം | - | സംസ്കാരത്തെ സംബന്ധിച്ചത് |
| ഉദാരം | - | ദാനശീലമുള്ള |
| മൂകൻ | - | നിശ്ശബ്ദൻ, ഊമ |
| താവകം | - | അങ്ങയുടെ, നിന്റെ |
| ലീനൻ | - | ലയിച്ചവൻ |
| സർവവും | - | എല്ലാം |
| വിസ്മരിക്കുക | - | മറക്കുക |
| ആനതാസ്യം | - | ആനതമായ ആസ്യം (താഴ്ത്തിയ മുഖം) |
| ദിവ്യം | - | ദൈവത്വമുള്ളത് |
| പ്രദക്ഷിണം | - | വലത്തോട്ടുള്ള ചുറ്റിനടത്തം, വലംവയ്പ് |
| മാമകം | - | എനിക്കുള്ളത്, എന്റേതായ |
| അമേയം | - | അളവില്ലാത്ത |
| ഭടജനങ്ങൾ | - | പടയാളികൾ |
| വടിവിയന്ന | - | സുന്ദരമായ |
| ചാരു | - | സുന്ദരമായ |
| ചിതം | - | യോഗ്യം, ചേർച്ച |
| ഹിംസ | - | വധം, പീഡനം |
| പ്രതിനിധീകരിക്കുക | - | പകരക്കാരനാവുക |
| പരദേശി | - | അന്യദേശക്കാരൻ |
| വശ്യം | - | വശീകരിക്കുന്ന |
| സദൃശം | - | സമാനമായ, ഒരുപോലെയുള്ള |
| കലമ്പുക | - | കോപിക്കുക |
| പ്രമാണി | - | പ്രധാനി |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## പഠനനേട്ടങ്ങൾ

- ഗദ്യപാഠങ്ങളിലെ ആശയങ്ങൾ ഉൾക്കൊണ്ട് ഒഴുക്കോടും ഉച്ചാരണശുദ്ധിയോടും വായിക്കുന്നു.
- കവിതയുടെയും പാട്ടുകളുടെയും ആശയം, താളം, ഭാവം എന്നിവ തിരിച്ചറിഞ്ഞ് ഉചിതമായ ഈണത്തിൽ ആലപിക്കുന്നു.
- സന്ദർഭങ്ങളിൽനിന്ന് പദങ്ങളുടെ അർഥം ഊഹിച്ച് കണ്ടെത്തുകയും മറ്റു സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു.
- പാഠഭാഗത്തിൽനിന്നും അനുബന്ധവായനയിൽനിന്നും സ്വാംശീകരിച്ച ആശയങ്ങൾ വ്യത്യസ്ത ആവിഷ്കാരരൂപങ്ങളിൽ (പ്രസംഗം) പ്രകടിപ്പിക്കുന്നു.
- കലകളെക്കുറിച്ചും കലാകാരന്മാരെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് കുറിപ്പുകൾ തയാറാക്കുന്നു.
- ആശയങ്ങൾ വിശകലനം ചെയ്ത് ചർച്ചകളിൽ സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നു.
- ലേഖനങ്ങളിൽ ഉപശീർഷകങ്ങൾ ഉപയോഗിക്കുന്നതിന്റെ ഔചിത്യം കണ്ടെത്തുന്നു.
- കവിതയിലെ ആശയം, പ്രയോഗഭംഗി, പദച്ചേർച്ച എന്നിവ സ്വന്തം കാഴ്ചപ്പാടോടെ വ്യാഖ്യാനിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




3

# മായക്കാഴ്ചകൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# മുഖംമൂടികൾ



ചിത്രത്തിൽ കാണുന്നവ നിങ്ങൾക്ക് നിർമ്മിക്കാമോ?
അതിനായി എന്തെല്ലാം ഒരുക്കങ്ങൾ വേണ്ടിവരും?
ചർച്ചചെയ്ത് സംഘങ്ങളായി നിർമ്മിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഹാമെലിനിലെ കുഴലൂത്തുകാരൻ

മധ്യകാലഘട്ടത്തിൽ, ജർമ്മനിയിലെ ഹാമെലിൻ പട്ടണത്തിലെ കുട്ടികൾ കൂട്ടത്തോടെ അപ്രത്യക്ഷരാവുകയോ മരിച്ചുപോവുകയോ ചെയ്തുവെന്നു പറയപ്പെടുന്നു. ഇതിനെ ആസ്പദമാക്കി നിരവധി കഥകളും കവിതകളും രചിക്കപ്പെട്ടു. ഗ്രിം സഹോദരന്മാർ സമാഹരിച്ച ഒരു ജർമ്മൻ നാടോടിക്കഥ.




എലികൾ, എലികൾ, സർവത്ര എലികൾ! കിടക്കയിൽ, അലമാരയ്ക്കുള്ളിൽ, അടുക്കളയിൽ, കുളിപ്പുരയിൽ, സ്വീകരണമുറിയിൽ, കലവറയിൽ. എന്തിന്, കൊച്ചുകുഞ്ഞുങ്ങളുടെ തൊട്ടിലിനുള്ളിൽ വരെ എലികളങ്ങനെ മദിച്ചു നടപ്പാണ്!

പള്ളികളിൽ, ഓഫീസുകളിൽ, ആളുകൾ സഞ്ചരിക്കുന്ന വാഹനങ്ങളിൽ, പലവ്യഞ്ജനക്കടകളിൽ, പൊലീസ്സ്റ്റേഷനിൽ... മൂഷികന്മാരില്ലാത്ത ഒരിടവുമില്ല. ഹാമെലിൻ പട്ടണത്തിലെ കാര്യമാണീ പറയുന്നത്.

വെസെർനദിയുടെ തീരത്തുള്ള മനോജ്ഞമായ ഒരു പട്ടണമായിരുന്നു അത്. ശുദ്ധവായു, തെളിനീർ, ഫലഭൂയിഷ്ഠമായ മണ്ണ്, അധ്വാനികളും സച്ചരിതരുമായ ദേശവാസികൾ... എന്തുകൊണ്ടും ഐശ്വര്യപൂർണമായ ഒരിടം.

പക്ഷേ, പറഞ്ഞിട്ടെന്തു കാര്യം? അതൊക്കെ പഴയ കഥ! ഇന്നെല്ലാം താറുമാറായിരിക്കുന്നു. ഹാമെലിൻവാസികൾ സ്വസ്ഥതയെന്തെന്നറിഞ്ഞിട്ട് നാളേറെയായിരിക്കുന്നു. എല്ലാറ്റിനും കാരണം എലികളാണ്, ആ നാശം പിടിച്ച എലികൾ.

എലികൾ അത്ര കുഴപ്പക്കാരാണോ എന്നു നിങ്ങൾ ചിന്തിച്ചേക്കും. കാരണം, എല്ലായിടത്തുമുണ്ട് എലികൾ. അവറ്റ അത്യാവശ്യം കുഴപ്പങ്ങളും കുണ്ടാമണ്ടികളുമൊക്കെ ഒപ്പിക്കാറുണ്ടെങ്കിലും ആരും അതത്ര കാര്യമായി എടുക്കാറില്ല.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അതുപോലല്ല, ഹാമെലിനിലെ എലികൾ. അവർ ഒന്നും രണ്ടുമല്ല, ആയിരക്കണക്കിനാണ് അവിടെ എത്തിച്ചേർന്നിരിക്കുന്നത്. എവിടെനിന്നു വന്നതാണെന്ന് ആർക്കും പിടിയില്ല.

ഒരുദിവസം നോക്കുമ്പോഴുണ്ട്, നിരത്തിലൂടെ എലികളുടെ വലിയൊരു ഘോഷയാത്ര കടന്നുവരുന്നു. ആളുകൾ അമ്പരന്നു നിൽക്കേ മൂഷികപ്പട എല്ലായിടത്തും വ്യാപിച്ചു. ദിവസങ്ങൾകൊണ്ട് അവ പെറ്റുപെരുകി.

തെരുവുകളും മുറ്റങ്ങളും വീടുകളും അവർ കൈയേറി. അവർക്ക് ആരെയും ഒന്നിനെയും പേടിയുണ്ടായിരുന്നില്ല. എവിടെയും പാഞ്ഞുകയറും. നിങ്ങൾ ചുവരിൽ തൂക്കിയിട്ടിരുന്ന കോട്ടെടുത്ത് ഇടാൻ ഭാവിക്കുമ്പോൾ, അതിന്റെ പോക്കറ്റിനുള്ളിൽ ഒരെലി! കളിത്തൊട്ടിലിൽ നീന്തിത്തുടിക്കുന്നുണ്ടാവും മൂന്നാലെണ്ണം.

കുഞ്ഞുങ്ങൾക്കു കൊടുക്കുന്ന പലഹാരങ്ങളൊക്കെയും കൊതിയന്മാരായ എലികൾ വന്നു തട്ടിപ്പറിച്ചു കൊണ്ടുപോകും. അടുക്കളയിൽ ആഹാരം പാകംചെയ്തു വച്ചാൽ, കലത്തിനുള്ളിൽ നൂണു കടക്കും. മേശമേൽ ആഹാരം വിളമ്പിവയ്ക്കേണ്ട താമസം, അവറ്റകൾ കൂട്ടത്തോടെ അവിടെങ്ങും പാഞ്ഞുനടക്കും, പാത്രത്തിൽ തലയിടും. അതോടെ നിങ്ങൾ ആഹാരം കഴിക്കേണ്ടെന്നു വയ്ക്കും.

ഒരു പണിയും സ്വസ്ഥമായിരുന്നു ചെയ്തുതീർക്കാൻ പറ്റില്ല, അപ്പോഴേക്കും നിങ്ങളുടെ ഉടലിലും കാലിനടിയിലുമൊക്കെയായി അവറ്റകൾ കേറിയിറങ്ങി നടപ്പുണ്ടാവും.

ആളുകൾക്ക് എലികളുടെ ചിലപ്പും ബഹളവും കാരണം, അന്യോന്യം വർത്തമാനം പറയാൻകൂടി വയ്യെന്നായി. അത്രയ്ക്കുണ്ട് ശബ്ദകോലാഹലം. കൊച്ചുപൈതങ്ങളെ തൊട്ടിലാട്ടുമ്പോൾ രണ്ടുമൂന്നു മൂഷികന്മാരും കൂടി, അതിനുള്ളിൽ കയറിയിരുന്ന് ഒപ്പം ഊഞ്ഞാലാടുന്നുണ്ടാവും! എന്തിന്, പകലത്തെ അലച്ചിലൊക്കെ കഴിഞ്ഞ് രാത്രി സ്വസ്ഥമായൊന്ന് ഉറങ്ങാമെന്നു വച്ചാൽ അവിടെങ്ങും സൈ്വരം കിട്ടില്ല. എലിക്കുഞ്ഞുങ്ങൾ കൂട്ടമായി പാഞ്ഞുവന്ന് കിടക്കുന്നവരുടെ മേലേക്കു കയറിമറിഞ്ഞു രസിക്കലാണ് പിന്നത്തെ പ്രധാന പരിപാടി.

എലികളെക്കൊണ്ട് ആളുകൾ വശംകെട്ടു. എല്ലാവരും ചേർന്ന് നഗരപിതാവായ മേയർക്ക് ഒരു നിവേദനം സമർപ്പിച്ചു. മൂഷികപ്പടയുടെ കടന്നുകയറ്റം തങ്ങളുടെ സ്വസ്ഥജീവിതത്തെ എങ്ങനെയൊക്കെ താറുമാറാക്കി എന്നതായിരുന്നു ആ നീണ്ട നിവേദനത്തിന്റെ വിഷയം.

അതു വായിക്കാതെതന്നെ മേയർക്ക് ജനങ്ങൾ അനുഭവിക്കുന്ന ദുരിതം മനസ്സിലാവുന്നുണ്ടായിരുന്നു. അവരെപ്പോലെതന്നെ മേയറും അവറ്റകളെക്കൊണ്ടു പൊറുതിമുട്ടിയിരുന്നു.

പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം ജനപ്രതിനിധികളെ വിളിച്ചുകൂട്ടി. വിശദമായ ഒരു ആലോചനായോഗം നടത്തി. എലികളെ നശിപ്പിക്കാൻ പലരും പല പ്രതിവിധികളും നിർദേശിച്ചു. എലിവിഷം പലതരം, ശക്തിയുള്ള കീടനാശിനികൾ, പലതരം എലിക്കെണികൾ... ഓരോരുത്തരും ഓരോരോ ആശയങ്ങൾ മുന്നോട്ടുവച്ചു.

മേയറുടെ നേതൃത്വത്തിൽ ഓരോന്നും പരീക്ഷിച്ചുനോക്കി. എലികൾ പെരുകുന്നതല്ലാതെ ഒട്ടും കുറയുന്നില്ല. ഹാമെലിൻ നിവാസികൾ അനുഭവിക്കുന്ന കഷ്ടപ്പാടു കണ്ടിട്ട്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അടുത്തും അകലെയുമുള്ള പട്ടണങ്ങളിൽ വസിക്കുന്ന എലിപിടിത്തക്കാരൊക്കെയും ആ വഴി വന്നു.

അവർ പല അഭ്യാസങ്ങളും പയറ്റിനോക്കി. ഒക്കെയും വൻപരാജയം. മനസ്സു മടുത്ത മേയർ ഇങ്ങനെയൊരു വിളംബരം പുറപ്പെടുവിച്ചു:

"ഹാമെലിൻ പട്ടണത്തിൽനിന്ന്
എലികളെ എന്നേക്കുമായി
തുരത്തുന്നവർക്ക് ആയിരം
പൊൻപണം സമ്മാനം!"

മൈക്കിൽക്കൂടി ഉച്ചത്തിൽ വിളിച്ചുപറഞ്ഞതിനു പുറമേ വലിയ അക്ഷരത്തിൽ ഒരു ബാനർ കെട്ടിത്തൂക്കുകയും ചെയ്തു. ആർക്കും കാണാൻ പാകത്തിൽ പട്ടണകവാടത്തിൽത്തന്നെയാണ് അതു പ്രദർശിപ്പിച്ചത്.

അങ്ങനെയിരിക്കെ ഒരു ദിവസം മേയറുടെ ഓഫീസ് വാതിലിൽ മൃദുലമായ ഒരു മുട്ടു കേട്ടു. മേയർ ആഗതനോട് ഉള്ളിലേക്കു വരാൻ ആവശ്യപ്പെട്ടു. വിചിത്രവേഷധാരിയായ ഒരാൾ അദ്ദേഹത്തിന്റെ സമക്ഷത്തു ഹാജരായി.

കുപ്പായത്തിന്റെ ഒരു പാതി മഞ്ഞ, മറുപാതി ചുവപ്പ്. മഞ്ഞയും ചുവപ്പും വരകളുള്ള ഒരു നീണ്ട ഉറുമാൽ കഴുത്തിൽ കെട്ടിയിരിക്കുന്നു. കൂടാതെ കട്ടിയുള്ള ഒരു ചരടും കഴുത്തിലുണ്ട്. അതിന്റെ അറ്റത്തായി ഒരു കുഴൽ വാദ്യം തൂങ്ങിക്കിടക്കുന്നു.

"കുഴലൂത്തുകാരൻ എന്നാണ് ഞാൻ അറിയപ്പെടുന്നത്. ഈ പട്ടണത്തിലെ എലികളെ തുരത്തിയാൽ താങ്കൾ എനിക്ക് ആയിരം പൊൻപണം പ്രതിഫലം തരുമോ?"

"ആയിരമല്ല, പതിനായിരം പണം തരാൻ തയാർ! നിങ്ങളീ നശിച്ച എലികളെ എന്നേക്കുമായി ഇവിടന്ന് ഓടിച്ചു കളഞ്ഞാൽ മാത്രം മതി" -മേയർ പറഞ്ഞു.

ഇതു കേട്ട് അയാളുടെ മുഖത്ത് നേർത്ത ഒരു മന്ദഹാസം വിരിഞ്ഞു. അയാളുടെ വിരലുകൾ അസാധാരണമാംവിധം നീണ്ടുമെല്ലിച്ചതായിരുന്നു. സാവധാനത്തിലുള്ള ചലനങ്ങളും മൃദു





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ലമായ സംസാരവും ഒക്കെക്കൂടി, അയാൾക്കൊരു വിഷാദവാന്റെ മട്ടുണ്ടായിരുന്നു.

മേയറുടെ ഓഫീസിന്റെ പടിക്കെട്ടുകൾ ഇറങ്ങിയപാടെ, അയാൾ തന്റെ കുഴൽവാദ്യം ചുണ്ടോടടുപ്പിച്ചു. അദ്ഭുതമായൊരു ഈണം പുറപ്പെട്ടു; നേർത്തതും എന്നാൽ മായികവുമായ ഒരു പ്രത്യേക രാഗം.

കുറച്ചുനേരംകൊണ്ട് എങ്ങും നിശ്ശബ്ദത പരന്നു. പതിനായിരക്കണക്കിനു മൂഷികന്മാർ, ഓടുകയും ചാടുകയും കരളുകയും ചെയ്യുന്ന പണികൾ നിർത്തിവച്ചു. എന്നിട്ട് ഈണം പുറപ്പെടുന്ന ദിക്കറിയാൻ ഏകാഗ്രതയോടെ ചെവികൾ കൂർപ്പിച്ചു.

പിന്നത്തെ കോലാഹലമൊന്നും വിവരിക്കാനാവില്ല. മൂഷികന്മാരുടെ ഒരു കൂട്ടപ്പെരളി! നിലവറക്കുണ്ടുകളിൽ നിന്നും കളപ്പുരകളിൽനിന്നും മച്ചിൻപുറങ്ങളിൽനിന്നും അവറ്റകൾ കൂട്ടം കൂട്ടമായി കുഴൽ വാദ്യം പുറപ്പെട്ട ദിക്കിലേക്കു പാഞ്ഞു.

ആളുകൾ ആ കാഴ്ച കണ്ട്, അന്തംവിട്ടങ്ങനെ നിൽക്കയാണ്. കുഴലൂത്തുകാരൻ പട്ടണത്തിലെ തെരുവുകളും ഇടവഴികളും പിന്നിട്ട് മുന്നോട്ടു മുന്നോട്ടു പോവുകയാണ്. വശ്യതയാർന്ന ആ ഈണം അയാളുടെ കുഴലിലൂടെ അനുസ്യൂതമായങ്ങനെ ഒഴുകുന്നു. എലികൾ ഒന്നടങ്കം അയാളെ പിന്തുടരുന്നു.



അയാളുടെ കണ്ണുകൾ ഒരു പ്രത്യേക മട്ടിൽ തിളങ്ങുന്നുണ്ടായിരുന്നു. ഓടകൾ, തെരുവിന്റെ ഇരുണ്ടമൂലകൾ, പൂന്തോട്ടങ്ങൾ, കോവണിച്ചുവടുകൾ, ഗോതമ്പു വയലുകൾ. എവിടെല്ലാം എലികൾ പതുങ്ങിയിരിപ്പുണ്ടോ, അവിടെ നിന്നെല്ലാം അവ പുറത്തേക്കു കുതിക്കുന്നുണ്ടായിരുന്നു.

കുഴലൂത്തുകാരൻ മുന്നിൽ... ലക്ഷോപലക്ഷം മൂഷികന്മാർ പിന്നാലെ... തെരുവീഥിയുടെ ഇരുവശത്തും അവിശ്വസനീയമായ ഈ കാഴ്ച കാണാൻ തടിച്ചുകൂടിയ ജനങ്ങൾ...

നടന്നു നടന്ന്, അയാൾ വെസെർനദിക്കരയിലെത്തി. എന്നിട്ട് നദിയിലിറങ്ങി, മൂന്നാലു കാലടികൾ മുന്നോട്ടുവച്ചു. കുഴലൂത്തുകാരന്റെ പിന്നാലെ പാഞ്ഞ എലികൾ രണ്ടാമതൊന്നാലോചിക്കാതെ പുഴയിലേക്ക് എടുത്തുചാടി. അവ ഒന്നോടെ ആ പെരുവെ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ള്ളത്തിൽ മുങ്ങിച്ചത്തുപോയി. അവസാനത്തെ എലിയും പുഴയിൽച്ചാടും വരെ അയാൾ കുഴലൂതിക്കൊണ്ട് അതേ നിൽപ്പു തുടർന്നു.

അങ്ങനെ ഏറെ മാസങ്ങളായി ഹാമെലിൻ പട്ടണത്തെ നരകതുല്യമാക്കിയ ആ മൂഷികർ ഒന്നോടെ ചത്തൊടുങ്ങി. ജനങ്ങൾ സന്തോഷത്താൽ ആർപ്പുവിളിച്ചു. അവർ തെരുവീഥികളിൽ നൃത്തം ചെയ്തു. കുട്ടികൾ തുള്ളിച്ചാടി.

കുഴലൂത്തുകാരൻ മേയറുടെ ഓഫീസിൽ ചെന്നിട്ടു പറഞ്ഞു: "ഞാനെന്റെ ജോലി ഇതാ പൂർത്തിയാക്കിയിരിക്കുന്നു. ഇനി തരാമെന്നേറ്റ ആയിരം പൊൻപണം തരൂ."

മേയറുടെ മുഖം മാറി. പുഞ്ചിരിയുടെ സ്ഥാനത്ത് ധിക്കാരം നിറഞ്ഞ ഭാവം: "ആയിരം പൊൻപണമോ? വെറുതെ ഈ കുഴലെടുത്ത് ഒന്നൂതി നിസ്സാരമായൊരു രാഗം കേൾപ്പിച്ചതിനോ? അമ്പതുപൊൻപണം തരാം! വേണമെങ്കിൽ, ചെയ്ത സേവനത്തിന് കുപ്പായത്തിന്മേൽ ഒരു ബഹുമതിച്ചിഹ്നംകൂടി കുത്തിത്തരാം!"

മൂഷികപ്പട, ഒന്നൊഴിയാതെ ചത്തൊടുങ്ങിക്കിട്ടി. ഇനിയെന്തിന് അത്രയും വലിയ ഒരു തുക വെറുതെ സമ്മാനമായി കൊടുക്കണം? എളിയവനായ ഈ കുഴലൂത്തുകാരനെ വല്ല നിസ്സാരതുകയും കൊടുത്ത് ഒഴിവാക്കിയേക്കാം... ഇങ്ങനെ പോയി മേയറുടെ ചിന്തകൾ.

"അപ്പോൾ നേരത്തേ പറഞ്ഞുറപ്പിച്ച തുക നിങ്ങളെനിക്കു തരില്ല, അല്ലേ?" അവസാനവാക്കെന്നോണം കുഴലൂത്തുകാരൻ ഒരിക്കൽക്കൂടി മേയറോടു ചോദിച്ചു.

"ഇല്ല, അമ്പതിൽ കൂടുതൽ ഒരു ചില്ലിപോലും നിങ്ങൾക്കു ഞാൻ തരാൻ പോണില്ല!" മേയർ തറപ്പിച്ചു പറഞ്ഞു. കുഴലൂത്തുകാരൻ, ഒരക്ഷരം പോലും പറയാതെ നേരെ പുറത്തിറങ്ങി.

എന്നിട്ട് ഹാമെലിൻ പട്ടണത്തിന്റെ പ്രധാന വീഥിയിലെത്തി. ഒരിക്കൽക്കൂടി കുഴൽവാദ്യം അയാൾ ചുണ്ടോടു ചേർത്തു. ഇത്തവണ ഒഴുകിവന്ന നാദം, ആരുടെയും മനം മയക്കുന്നതായിരുന്നു. കാതിന് ഇമ്പം പകരുന്ന ആ മനോജ്ഞരാഗം ഹാമെലിനിലെങ്ങും ഒഴുകിനടന്നു.

അപ്പോഴുണ്ട്, കുട്ടികൾ ആ മധുരനാദത്തിനൊത്തു താളംപിടിച്ചും ചുവടുവച്ചു നൃത്തം ചെയ്തും അണിയണിയായി അങ്ങനെ എത്തിച്ചേരുന്നു! മൈതാനത്തു കളിച്ചുകൊണ്ടിരുന്നവരും വീട്ടിനുള്ളിൽ വിശ്രമിക്കുന്നവരും അമ്മമാരുടെ മാർത്തട്ടിൽ മയങ്ങിക്കിടന്ന പൈതങ്ങളും അവരോടൊപ്പം ചേർന്നു.

ആ പട്ടണത്തിലെ സകലമാന കുട്ടികളും കൈകോർത്തു നൃത്തം ചെയ്തുകൊണ്ട്, കുഴലൂത്തുകാരന്റെ പിന്നാലെ കൂടി. അച്ഛനമ്മമാർ ഇതു കണ്ടമ്പരന്നു. അവർ എങ്ങനെയൊക്കെ ശ്രമിച്ചിട്ടും അവരെ പിന്തിരിപ്പിക്കാനായില്ല.

വെസെർനദിയുടെ തീരത്തുകൂടി നടന്നു നടന്ന്, നീണ്ടു നീണ്ടുപോയ ഒറ്റയടിപ്പാത പിന്നിട്ട് കുഴലൂത്തുകാരനും കുട്ടികളും ചെങ്കുത്തായ ഒരു മല ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങി.

മലയുടെ മുന്നിലെത്തിയപ്പോൾ അയാൾ പുതിയൊരു രാഗം പൊഴിച്ചു. അതാ, മലയുടെ ചരിവിലായി ഒരു ചെറുവാതിൽ തുറന്നുവരുന്നു. അയാൾ കുട്ടികളെ അതിനുള്ളിലേക്കാനയിച്ചു. പൊട്ടിച്ചിരികളുതിർത്തുകൊണ്ട് കുട്ടികൾ തുള്ളിച്ചാടി. അത്യാഹ്ലാ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ദത്തോടെ അവർ കുഴലൂത്തുകാരൻ കാട്ടിയ വഴിയേ നടന്നു. പട്ടണവാസികൾ സ്തബ്ധരായങ്ങനെ നിലകൊണ്ടു. അവർക്ക് ആ ബാലകരെ ഒരു വിധത്തിലും തടയാനായില്ല.

അങ്ങനെ ഹാമെലിൻ പട്ടണത്തിലെ കുട്ടികളെല്ലാവരും നിഗൂഢമായ ഏതോ ഒരിടത്തേക്കു പോയിമറഞ്ഞു. മുടന്തനായ ഒരു ബാലൻ മാത്രം പിന്നിൽ അവശേഷിച്ചു. നടക്കാൻ ബുദ്ധിമുട്ടാകയാൽ അവൻ ഏറെ പിന്നിലായിപ്പോയി. അവൻ കുന്നിൻ ചരിവിൽ എത്തുമ്പോൾ, ആ ഗുഹാവാതിൽ അടഞ്ഞുകഴിഞ്ഞിരുന്നു.

ഒറ്റയ്ക്കായിപ്പോയ ആ പിഞ്ചുബാലൻ കുന്നിൻചരിവിലിരുന്നു തേങ്ങിക്കരഞ്ഞു. തന്റെ കൂട്ടുകാരെ ഓരോരുത്തരെയായി പേരുചൊല്ലി വിളിച്ചു. പക്ഷേ, വിളി കേൾക്കാൻ ആരുമേ ഉണ്ടായിരുന്നില്ല. നോക്കിനിൽക്കേ ആ വാതിലും മറഞ്ഞുപോയി.

അതിൽപ്പിന്നെ നമ്മുടെ കുഴലൂത്തുകാരനെയോ കുട്ടികളെയോ ആരും ഇന്നേവരെ കണ്ടിട്ടില്ല. പക്ഷേ, മലയുടെ ചരിവിൽനിന്ന് കുട്ടികളുടെ, മണിനാദം പോലുള്ള ചിരിമുഴക്കങ്ങൾ ഇടയ്ക്കിടെ കേൾക്കാറുണ്ടെന്ന് ചിലരൊക്കെ പറയുന്നു. ഒപ്പം ആരുടെയും ഹൃദയത്തെ പിടിച്ചുലയ്ക്കും വിധം നിഗൂഢവശ്യതയാർന്ന കുഴലൂത്തിന്റെ ഈണവും അവിടെങ്ങും ഒഴുകിപ്പരക്കാറുണ്ടത്രേ.

എന്തായാലും, അതിനുശേഷം ഒറ്റ എലിപോലും ഹാമെലിൻ പട്ടണത്തിൽ പ്രവേശിച്ചിട്ടില്ല; ഉറപ്പ്.

-പുനരാഖ്യാനം : **റോസ്മേരി**

## വായിക്കാം, പറയാം

- എന്തുകൊണ്ടും ഐശ്വര്യപൂർണമായ ഒരിടമാണ് ഹാമെലിൻ എന്നു പറയാൻ കാരണമെന്ത്? പിന്നീട് അവിടെ സംഭവിച്ചതെന്താണ്? കണ്ടെത്തിപ്പറയൂ.

## കണ്ടെത്തി എഴുതൂ

- മൂഷികപ്പടയുടെ കടന്നുകയറ്റം തങ്ങളുടെ സ്വസ്ഥജീവിതത്തെ എങ്ങനെ ബാധിച്ചുവെന്നാണ് നഗരവാസികൾ പറയുന്നത്? ചുരുക്കി എഴുതൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ..............................................................................................................
..............................................................................................................
..............................................................................................................
- ..............................................................................................................
..............................................................................................................
..............................................................................................................
- ..............................................................................................................
..............................................................................................................
..............................................................................................................

ഓരോരുത്തരായി ക്ലാസിൽ അവതരിപ്പിക്കൂ.

- "തെരുവീഥിയുടെ ഇരുവശത്തും അവിശ്വസനീയമായ ഈ കാഴ്ച കാണാൻ തടിച്ചു കൂടിയ ജനങ്ങൾ."
എന്തായിരുന്നു ആ കാഴ്ച? കണ്ടെത്തി കുറിപ്പ് തയാറാക്കുക.

## വിളംബരം

- "മനസ്സു മടുത്ത മേയർ ഇങ്ങനെയൊരു വിളംബരം പുറപ്പെടുവിച്ചു."
മേയർക്ക് മനസ്സു മടുത്തതെന്തുകൊണ്ട്? ചർച്ചചെയ്യൂ.
- നിങ്ങളാണ് ആ വിളംബരം ചെയ്യുന്നതെങ്കിൽ എന്തെല്ലാം ശ്രദ്ധിക്കും? സംഘത്തിൽ അവതരിപ്പിച്ച് ക്ലാസിൽ പങ്കുവയ്ക്കൂ.

## സംഭാഷണം

- മേയറും കുഴലൂത്തുകാരനും തമ്മിൽ നടന്ന സംഭാഷണം രണ്ടുപേർ ചേർന്ന് ഭാവത്തോടെ അവതരിപ്പിക്കൂ.

## പദഭംഗി

- നടന്നു നടന്ന് അയാൾ വെസെർനദിക്കരയിലെത്തി.
ഈ വാക്യത്തിൽ ഒരേപദം ആവർത്തിച്ചതു ശ്രദ്ധിച്ചല്ലോ.
ഇതുകൊണ്ട് ആശയത്തിന് എന്തു ശക്തിയാണ് ലഭിക്കുന്നത്?

ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കൂ:

* പതുങ്ങിപ്പതുങ്ങി
* പെയ്തു പെയ്ത്

സമാനമായ കൂടുതൽ പദങ്ങൾ കണ്ടെത്തി എഴുതുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## അഭിപ്രായക്കുറിപ്പ്

- നാട്ടിലെ എല്ലാ എലികളും നശിച്ചപ്പോൾ മേയർ കുഴലൂത്തുകാരനോട് പെരുമാറിയ തെങ്ങനെ? തുടർന്ന് കുഴലൂത്തുകാരൻ ചെയ്തതെന്ത് ? രണ്ടുപേരും ചെയ്തത് ശരിയായോ?

  നിങ്ങളുടെ അഭിപ്രായം കുറിപ്പാക്കുക.

## കഥയരങ്ങ്

- വിവിധ നാടുകളിൽ വ്യത്യസ്തങ്ങളായ ധാരാളം നാടൻകഥകൾ പ്രചാരത്തിലുണ്ടല്ലോ. ഇത്തരം കഥകൾ ശേഖരിച്ച് മികച്ചവ കഥയരങ്ങിൽ അവതരിപ്പിക്കൂ.

## സ്കിറ്റ്

- കഥയിലെ സവിശേഷമുഹൂർത്തങ്ങൾ കണ്ടെത്തുക. അവ സ്കിറ്റായി ക്ലാസിൽ അവതരിപ്പിക്കൂ. നേരത്തേ തയാറാക്കിയ മുഖംമൂടിയും മറ്റും ഉപയോഗിക്കാമല്ലോ.

.

## കളിക്കാം, രസിക്കാം

കുട്ടികൾ പരസ്പരം തൊടാതെ സാവധാനം ക്ലാസിൽ നടക്കണം. അഞ്ച്, ആറ്, ഏഴ്, എട്ട് എന്നിങ്ങനെ സംഖ്യ വിളിച്ചു പറയുന്നതു കേൾക്കുമ്പോൾ അത്രയും പേരുള്ള സംഘങ്ങളായി മാറുക.

ലഭിക്കുന്ന നിർദേശത്തിനനുസരിച്ച്

- കാട്
- പുഴക്കടവ്
- കൊട്ടാരം
- പൂമ്പാറ്റയെ പിടിക്കൽ
- കെട്ടിടനിർമ്മാണം
- തെരുവു ഗാനമേള

തുടങ്ങിയവയുടെ നിശ്ചലദൃശ്യങ്ങൾ ഒരു മിനിറ്റ്കൊണ്ട് തയാറാക്കി അവതരിപ്പിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# ചിത്രശലഭങ്ങൾ

## രംഗം ഒന്ന്

(കാട്, മരങ്ങളും ചെടികളും ഇടതിങ്ങി വളർന്നുനിൽക്കുന്നതിനിടയ്ക്കുള്ള ചെറിയ ഒരു വെളി പ്രദേശം. പല ദിക്കുകളിൽനിന്ന് അഞ്ചു മാലാഖമാർ കടന്നുവരുന്നു. ആരെയോ തേടി നടക്കുന്ന മട്ടാണ്. ഇടയ്ക്കു ചില ശബ്ദങ്ങൾ പുറപ്പെടുവിച്ച്, മറുവിളി ഉണ്ടോ എന്നു ശ്രദ്ധിക്കുന്നുണ്ട്. രംഗത്തിന്റെ പിന്നറ്റത്ത് ചെറിയ കുറ്റിച്ചെടികൾ വളർന്നുനിൽക്കുന്നതിനിടയിൽ പ്രതിമയായി, നൃത്തത്തിന്റെ രീതിയിൽ നിൽക്കുന്ന മറ്റൊരു പെൺകുട്ടി. രംഗത്തു വ്യാപരിക്കുന്നവർ ആരും ആദ്യം അതു ശ്രദ്ധിക്കുന്നില്ല).

മാലാഖ 1 : എങ്ങും കാണുന്നില്ലല്ലോ. എവിടെയെല്ലാം തേടി, ങൂഹൂം, ഒരിടത്തും ഇല്ല.

മാലാഖ 2 : കാട്ടുപൂഞ്ചോലക്കരയിൽ...

മാലാഖ 3 : തേക്കുകാടുകളിൽ...



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മാലാഖ 4 : പുൽമേടിൻ പള്ളത്തിൽ...

മാലാഖ 5 : പകൽവെട്ടം വീഴാത്ത തമാല വനങ്ങളിൽ...

മാലാഖ 1 : ഇരുണ്ട ഗുഹാന്തരങ്ങളിൽ...

മാലാഖ 3 : ഇവിടെയുമവിടെയും എല്ലായിടവും തേടി...

എല്ലാവരും ഒപ്പം: എങ്ങും എങ്ങും എങ്ങും ഇല്ല.

(അവർ കൂട്ടംകൂടി പരസ്പരം നോക്കി തലകൾ നീട്ടി ഉത്തരം തിരക്കുന്ന മട്ടിൽ)

മാലാഖ 1 : ഇനി എന്താ ചെയ്ക?

(വളരെ ദൂരെയല്ലാതെ ഒരു സിംഹത്തിന്റെ ഗർജനം. മാലാഖമാർ ഞെട്ടിത്തിരിയുന്നു).

മാലാഖ 5 : മൃഗരാജഗർജനം

മാലാഖ 3 : എനിക്കു പേടിയാകുന്നു.

മാലാഖ 1 : ഒരുപക്ഷേ...

മറ്റെല്ലാവരും : എന്താണെന്നാണ്?

മാലാഖ 1 : കൊന്നുതിന്നിരിക്കുമോ?

മാലാഖ 2 : (ഭയത്തോടെ) ഹാര്?

(മറുപടിയായി വീണ്ടും ഗർജനം)

മാലാഖ 4 : നാം ഇവിടെ വരേണ്ടിയിരുന്നില്ല.

മാലാഖ 1 : അവളെക്കൂടാതെ തിരിച്ചു പോകാനോ?

മാലാഖ 2 : അയ്യോ! അതു പാടില്ല.

മാലാഖ 4 : നമ്മെ വിട്ട് എന്തിനവൾ...

മാലാഖ 3 : ഒളിച്ചുകളിക്കുകയായിരുന്നില്ലേ?

മാലാഖ 4 : അതിന്! ഈ പെരുങ്കാട്ടിനകത്തു വന്നുവേണമോ ഒളിക്കാൻ.

മാലാഖ 1 : നമുക്കു വീണ്ടും നോക്കാം.

മാലാഖ 3 : എല്ലാവരും ചേർന്ന് ഒന്നു വിളിച്ചു നോക്കാം. എന്താ...

മാലാഖ 4 : ശരി.

(എല്ലാവരും ചേർന്ന് വളരെ ദൂരെ കേൾക്കാൻ തക്കവിധത്തിൽ)

തോഴീ... തോഴീ... തോഴീ...

(ആ വാക്കുകൾ വീണ്ടും വീണ്ടും പ്രതിധ്വനിച്ചു കേൾക്കുകമാത്രം ചെയ്യുന്നു. മാലാഖമാർ നിരാശരായി).

മാലാഖ 5 : ഇനി എന്തു ചെയ്യും?

(ഒരു ചിത്രശലഭം- ആ ചിറകുകളും വേഷവുമണിഞ്ഞ ഒരു കൊച്ചു പെൺകുട്ടി- നൃത്തത്തിനനുയോജ്യമായ ചലനങ്ങളോടെ അവരുടെ ഇടയിലൂടെ പ്രവേശിക്കുന്നു).

മാലാഖ 1 : ആഹ്! അതാ ഒരു ശലഭം.

മാലാഖ 3 : ഹാ! എത്ര നല്ല നിറം!

മാലാഖ 2 : മനോഹരം!

മാലാഖ 5 : ഭംഗിയുള്ള ശലഭം!

മാലാഖ 4 : നമുക്കതിനെ പിടിക്കാം.

(മാലാഖമാർ ശലഭത്തെ പിടിക്കാൻ ശ്രമിക്കുന്നു. അതവരിൽ നിന്നു തെന്നിമാറുന്നു. അവരുടെ മൊത്തം ചലനങ്ങൾ ഒരു നൃത്തത്തിന്റെ മനോഹാരിത കൈക്കൊള്ളുന്നു. ശലഭം പറന്നു മറയുന്നു. മാലാഖമാർ നിരാശരായി നിൽക്കുന്നു).

മാലാഖ 2 : പോയി, പറന്നേ പോയി.

മാലാഖ 1 : വന്ന കാര്യം മറന്ന് നമ്മളതിന്റെ പിന്നാലെ പോയി. അതാ കിട്ടാതെവന്നത്.

മാലാഖ 3 : നിറം കണ്ട് നമ്മളും ഭ്രമിച്ചു പോയി.

മാലാഖ 5 : (ദീർഘനിശ്വാസത്തോടെ) കഷ്ടമായി.

മാലാഖ 4 : നമുക്കു വീണ്ടും തിരയാം.

(അവർ രംഗത്താകെ വീണ്ടും വ്യാപരിക്കുന്നു. തോഴീ... എന്നു നീട്ടിവിളിക്കുന്നുണ്ട്. മാലാഖ 4 രംഗത്തിന്റെ പിന്നിൽ നിൽക്കുന്ന പ്രതിമയെ കാണുന്നു. ഉറക്കെ ഒരാഹ്ലാദശബ്ദം പുറപ്പെടുവിക്കുന്നു).

മാലാഖ 4 : ഇതാ, അവൾ... കള്ളി... നമ്മെ പറ്റിക്കാൻ കയറി മറഞ്ഞു നിൽക്കുകയാണ്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



(മറ്റുള്ളവർ ഓടിയടുക്കുന്നു.)

അവർ : എവിടെ? എവിടെ? എവിടെ?

(എല്ലാവരും ആ പ്രതിമയെ, ചുറ്റുമുള്ള കുറ്റിച്ചെടികൾ പിഴുതും മെതിച്ചും മാറ്റിയിട്ട് നോക്കിക്കാണുന്നു. പലവിധത്തിൽ, ഒരേ സമയം അവരെല്ലാം സംസാരിക്കുന്നതിന്റെ കലപില ശബ്ദം).

മാലാഖ 1 : പറ്റിക്കാൻ പതുങ്ങി നിന്നതാ...

മാലാഖ 2 : കള്ളി.

മാലാഖ 3 : നമ്മെ എത്ര ചുറ്റിച്ചു.

മാലാഖ 5 : ഇറങ്ങി വാ തോഴീ.



(പ്രതിമയ്ക്കു ചലനമില്ല. മാലാഖ 4 കുറേക്കൂടി അടുത്തേക്കു ചെന്ന് കൈയിൽ കയറിപ്പിടിക്കുന്നു. ചലനമില്ലെന്നറിയുന്നു. പെട്ടെന്നു പരിഭ്രമിച്ച് പിന്നാക്കം ചാടുന്നു).

മാലാഖമാർ : (ഒപ്പം) ഊം. എന്താ! എന്താ?

മാലാഖ 4 : (അവിശ്വാസത്തിന്റെ ശബ്ദത്തിൽ; പ്രതിമയെത്തന്നെ നോക്കിക്കൊണ്ട്)

അത്... അവൾ... കല്ലുപോലെ...

മാലാഖ 1 : എന്താണ്?

(പ്രതിമയെ സമീപിച്ച് ശരീരത്തിൽ സ്പർശിക്കുന്നു. മാലാഖ 4 - നെപ്പോലെത്തന്നെയുള്ള പ്രതികരണം).

അയ്യോ! കല്ലിൽ തൊട്ടതുപോലെ. ഇതു നമ്മുടെ തോഴി അല്ല.

മറ്റുള്ളവർ : ഹെന്ത്?

മാലാഖ 1 : ഇതു ശില; ശരീരമല്ല.

മാലാഖ 2 : നമ്മുടെ തോഴി.

മാലാഖ 1 : ഇതവളല്ല.

മാലാഖ 5 : ആരു പറഞ്ഞു? അതേ മുഖം, അതേ വേഷം.

മാലാഖ 1 : പക്ഷേ, ശരീരം...

മാലാഖ 3 : (വീണ്ടും സംശയം തീരാൻ ശരീരത്തിൽ സ്പർശിച്ച്) കല്ലുപ്രതിമയോ?

മാലാഖ 5 : നമ്മുടെ തോഴി എങ്ങനെ പ്രതിമയായി?

(മാലാഖമാർ ആ പ്രതിമയ്ക്കു ചുറ്റും കൂടിനിൽക്കുന്നു. എല്ലാവരുടേയും മുഖത്തു ദുഃഖം. ചിലർ സംശയം തീരാഞ്ഞ് പ്രതിമയുടെ പല ഭാഗത്തും സ്പർശിച്ചു നോക്കുന്നുണ്ട്).

മാലാഖ 4 : ഇതെങ്ങനെ പറ്റി?

മാലാഖ 1 : നമ്മളെങ്ങനെ പോകും... തോഴിയെക്കൂടാതെ?

മാലാഖ 3 : അയ്യോ! എനിക്കു ഭയമാകുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മാലാഖ 1 : ഈ കാട്ടിൽ വരണ്ടായിരുന്നു.

മാലാഖ 3 : നശിച്ച കാട്.

മാലാഖ 4 : ദുർദ്ദേവതമാരാരാനും പറ്റിച്ച പണിയാവും.

എല്ലാവരും : എന്താണിനി മാർഗം?

(അകലെനിന്നു വൃദ്ധ നീട്ടിച്ചൊല്ലുന്ന ഈ വരികൾ കേൾക്കുന്നു.)

തെച്ചിമലമേല് പോകാതെ പെണ്ണേ
തീകോരിച്ചൊരുകിറ പൂതമൊണ്ടേ.
അത്തിമലമേലും പോകാതെ പെണ്ണേ
ആയിരവല്ലി കുടിയിരിപ്പൊണ്ടേ.

(വൃദ്ധ പ്രവേശിക്കുന്നു. പടുവൃദ്ധ. ചുക്കിച്ചുളിഞ്ഞ ശരീരം. മുതുക് കൂനിക്കൂടി നടക്കുന്നു).

മാലാഖ 1 : ആ വൃദ്ധയോടു ചോദിക്കാം.

മാലാഖ 2 : എന്തു ചോദിക്കാൻ? ഭ്രാന്തി.

മാലാഖ 1 : ഏതായാലും ചോദിച്ചുനോക്കാം. വരിൻ, തോഴിമാരേ.

(മാലാഖമാർ രംഗപുരോഭാഗത്തു പ്രവേശിച്ചിട്ടുള്ള വൃദ്ധയുടെ ചുറ്റും കൂടുന്നു).

മാലാഖ 4 : മുത്തശ്ശീ...ഹേയ്... മുത്തശ്ശീ...

വൃദ്ധ : (പാടുപെട്ടു തലയുയർത്തി) ആരാ!

മാലാഖ 1 : ഞങ്ങളെ കാണുന്നില്ലേ?

വൃദ്ധ : കണ്ണും പടുതീം കാണാൻ വയ്യ... അതാ...

മാലാഖ 2 : സൂക്ഷിച്ചുനോക്കൂ...മുത്തശ്ശിക്കു മനസ്സിലാകുന്നില്ലേ?

(മുത്തശ്ശി പ്രയാസപ്പെട്ടു നോക്കി ചിരിക്കുന്നു).

മാലാഖ 5 : മനസ്സിലായോ?

വൃദ്ധ : മ്... മ്... കിനാവിലെന്നോ കണ്ട മുഖങ്ങൾ... പിറക്കാത്ത എന്റെ മക്കളെപ്പറ്റി മൂവന്തിക്കു കിനാവും കണ്ടിരുന്നപ്പോ...

(മുത്തശ്ശിയുടെ ശബ്ദത്തിൽ ദുഃഖത്തിന്റെ നനവ്)

മ്... ഓർമ്മ വരുന്നൊണ്ട് മക്കളേ... നിങ്ങളെല്ലാം...

മാലാഖ 3 : ഞങ്ങൾ ഒരു കൂട്ടുകാരിയെ തേടി വന്നതാ.

വൃദ്ധ : മ്... മ്... കൂട്ടുകാരി... മ്...

മാലാഖ 1 : മുത്തശ്ശിക്കറിയാമോ, അവളെ?

വൃദ്ധ : മ്... മ്... നിങ്ങളെപ്പോലെ തന്ന്യാണോ?

മാലാഖ 2 : അതെ.

വൃദ്ധ : നല്ല നക്ഷത്രക്കണ്ണും... തുടുത്ത മൊഖവും.

മാലാഖ 1 : അതെ... അതെ...

മാലാഖ 4 : (പതുക്കെ) മുത്തശ്ശിക്ക് എന്തൊക്കെ അറിയാം?

മാലാഖ 3 : പറയൂ... മുത്തശ്ശീ! കണ്ടോ?

വൃദ്ധ : (ചിരിച്ച്) കണ്ടോന്നോ? കണ്ടു മനം നെറഞ്ഞില്യേ!

മാലാഖ 1 : എന്നിട്ട്?

വൃദ്ധ : ദേ... ഈ ചുക്കിച്ചുളിഞ്ഞ കൈകൊണ്ട്...

മാലാഖ 2 : കൈകൊണ്ട്...

വൃദ്ധ : പൂണ്ടടങ്ങി കെട്ടിപ്പിടിച്ചില്യേ!

മാലാഖ 1 : (ഉദ്വേഗത്തോടെ) ഹെന്നിട്ട്?

വൃദ്ധ : ഹെന്റെ മോളു പൂങ്കുല പോലെ നിന്നു വെറച്ചില്യേ!

മാലാഖ 4 : എന്തിന്?

വൃദ്ധ : പേടി... ങ്ഹാ... എന്റെ മോളു പേടിച്ചുപോയി.

മാലാഖ 5 : മുത്തശ്ശിയെ കണ്ടു പേടിച്ചു. ങേ? എന്നിട്ട്?

വൃദ്ധ : ശ്ശെയ്... എന്നെക്കണ്ട് എന്തിനാ പേടിക്കണത്?

മാലാഖ 1 : പിന്നെ?

വൃദ്ധ : ഈ കാട് ഏതെന്നറിയാമോ?

മാലാഖ 5 : ഇല്ല.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






വൃദ്ധ : ഹതാ...ഇത് ഒടങ്കല്ലിമൂലയാ... കാടിന്റെ ഒത്ത മധ്യം. ഇവിടെ സിംഹവും കരടിയും കടുവയും എല്ലാം...

(വീണ്ടും സിംഹത്തിന്റെ മുരൾച്ച)

കേട്ടോ? കേട്ടില്ലേ!

മാലാഖ 1 : ഞങ്ങളുടെ തോഴിക്ക് എന്തു പറ്റി? മുത്തശ്ശീ... അതു പറയൂ.

വൃദ്ധ : അതല്ല്യോ പറഞ്ഞോണ്ടു വരണത്... പേടിച്ചപ്പം ഞാൻ... ഞാൻ...

മാലാഖ 4 : ഉം, പറയൂ...

വൃദ്ധ : ഞാനവളെ കല്ലാക്കി, പ്രതിമയാക്കി, ഇവിടെവിടെയോ ഒണ്ട്. അതാ വീണ്ടും...

(മാലാഖമാർ കോപത്തോടെ മുത്തശ്ശിയെ പൊതിയുന്നു).

മാലാഖ 4 : അപ്പോൾ നീയാണ് ആ ദുർദ്ദേവത!

മാലാഖ 1 : ഞങ്ങളുടെ തോഴിയെ നീ കൊന്നു.

മാലാഖ 2 : വിടില്ല നിന്നെ ഞങ്ങൾ.

വൃദ്ധ : (ഇതിനിടയിൽ പ്രയാസത്തോടും തിടുക്കത്തോടും പറയുന്നു).

അയ്യോ... ഞാന്... ഞാന്...

മാലാഖ 3 : ഒന്നും പറയണ്ടാ. ഞങ്ങൾ നിന്നെ ശിക്ഷിക്കും.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വൃദ്ധ : ഉപകാരം ചെയ്തതിനു ശിക്ഷയോ?

മാലാഖ 1 : ഉപകാരമോ? (പ്രതിമയെ ചൂണ്ടി) ഇതോ!

വൃദ്ധ : ഓ. അല്ലെങ്കിൽ ഇപ്പം ഇവിടെ കാണത്തില്ല. സിംഹത്തിന്റെ വായിലായേനേ. അതുകൊണ്ട് ഞാനവളെ ശിലയാക്കി. ശലഭത്തെത്തേടി വന്ന് സിംഹത്തിന്റെ വായ്ക്കകത്തു പെട്ടാ...

മാലാഖ 2 : ഞങ്ങളുടെ തോഴിയെ ഞങ്ങൾക്കു തരൂ.

മാലാഖ 4 : ശിലയായതിനു ശേഷമോ? നമുക്കീ വൃദ്ധയെ കൊല്ലാം.

വൃദ്ധ : അയ്യോ! എന്നെ വിടൂ. ഞാൻ...

മാലാഖ 5 : വിടാം. ഞങ്ങളുടെ തോഴിയെ ജീവിപ്പിച്ചാൽ...

വൃദ്ധ : അതിനെന്താ!

മാലാഖ 1 : (സന്തോഷത്തോടെ) ജീവിപ്പിക്കുമോ?

മാലാഖ 2 : ശേയ്, എനിക്കു തോന്നുന്നില്ല.

വൃദ്ധ : പക്ഷേ, ഒരു കാര്യം...മ്...

മാലാഖ 5 : എന്താ?

വൃദ്ധ : നിങ്ങളിവിടെ എന്തിനാ വന്നത്?

മാലാഖ 2 : ശലഭത്തെത്തേടി.

വൃദ്ധ : അതാ, നിങ്ങളും തോഴിയും ചെയ്തത്. ഉടൻ പോണം. ഇനി ഇവിടെ വരരുത്.

മാലാഖ 1 : കാരണം?

വൃദ്ധ : നിങ്ങൾ കാണുന്നതു ശലഭം മാത്രം...എന്നാൽ...ഇവിടെ... സിംഹവും... കരടിയും... പാമ്പും... എല്ലാം... എല്ലാം... ഉണ്ട്... അതൊന്നും മക്കളു കണ്ടിട്ടില്ല... കാണാതെയുമിരിക്കട്ടെ.

(വീണ്ടും ചിത്രശലഭം പ്രവേശിക്കുന്നു. അവരുടെ ഇടയിൽ പാറിക്കളിക്കുന്നു. അതിനോട് പ്രത്യേകിച്ചൊരു പ്രതിപത്തി മാലാഖമാരിൽ പ്രത്യക്ഷം).

മാലാഖ 2 : അതാ ശലഭം വീണ്ടും.

വൃദ്ധ : അതിന്റെ പാട്ടിനു പൊയ്ക്കൊള്ളട്ടെ.

(ചിത്രശലഭം അൽപ്പംകൂടി പാറിക്കളിച്ചു മറയുന്നു).

മാലാഖ 1 : എന്താ അതിനെ പിടിച്ചാൽ?

വൃദ്ധ : നിങ്ങളെക്കൂടി ഞാൻ പ്രതിമയാക്കട്ടെ?

മാലാഖ 3 : അയ്യോ! വേണ്ട!

വൃദ്ധ : എന്താ പ്രതിമയാക്കിയാൽ? വേണ്ട അല്ലേ? അതുപോലെ തന്നാ, അതിനെയും പിടിക്കണ്ട എന്നു പറഞ്ഞത്. നിങ്ങളും പാറിക്കളിക്കാനുള്ളവരാ. പിടിച്ചടച്ചാ കൂമ്പടഞ്ഞുപോകും. സിംഹത്തിന്റെ വായ്ക്കിരയായിപ്പോകും.

മാലാഖ 4 : എന്തൊക്കെയാ ഈ പറയുന്നത്?

വൃദ്ധ : (ഗാംഭീര്യം നിറഞ്ഞ ശബ്ദത്തിൽ) കിട്ടാത്ത ശലഭത്തെത്തേടി കാട്ടിനുള്ളിലകപ്പെടരുതെന്ന്, ദുഷ്ടജന്തുക്കളുടെ വായ്ക്കകത്ത് അകപ്പെടരുതെന്ന്.

(സിംഹത്തിന്റെ മുരൾച്ച)

വൃദ്ധ : കേട്ടില്ലേ? ഇങ്ങോട്ടു വരവുണ്ടെന്നാ തോന്നുന്നത്.

(മാലാഖമാരിൽ ഭയം. സിംഹത്തിന്റെ മുരൾച്ച അടുത്തടുത്തു വരുന്നു. അവർ പലയിടത്തേക്കും രക്ഷയ്ക്കു വേണ്ടി പാഞ്ഞോടാൻ ആയുന്നു).

വൃദ്ധ : (കൂനു നിവർന്ന് പുതിയ ഗാംഭീര്യത്തോടെതന്നെ) നിങ്ങൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എവിടെ പോകുന്നു? എങ്ങോട്ടോടിയാലും അതിന്റെ വായിൽത്തന്നെ ചാടും.

(മാലാഖമാർ നിന്ന നിലയിൽത്തന്നെ സ്തംഭിക്കുന്നു).

വൃദ്ധ : പേടിവരുന്നു ഇല്ലേ? ശലഭത്തിന്റെ പിന്നാലെ ഓടിയപ്പോൾ എല്ലാം മറന്നു. ഉം...

(കൈയിലുള്ള വടി ഉയർത്തി മാന്ത്രികമായി വീശി മന്ത്രസ്വരത്തിൽ എന്തോ ഉരുവിടുന്നു. മാലാഖമാർ അവരവർ നിന്ന നിലകളിൽ പ്രതിമകളെപ്പോലെയായി.

മുരൾച്ചയോടുകൂടി സിംഹം പ്രവേശിക്കുന്നു. ഓരോ പ്രതിമയുടെ മുന്നിലും ചെന്നു മണക്കുന്നു. മുരണ്ടുകൊണ്ട് സിംഹം അപ്രത്യക്ഷമാകുന്നു. വൃദ്ധയുടെ സാന്നിധ്യമേ സിംഹം അറിയുന്നില്ല. വൃദ്ധ നേരിയ ഒരു മന്ദഹാസത്തോടെ ഇതെല്ലാം നോക്കി നിൽക്കുകയാണ്. സിംഹം പോയിക്കഴിഞ്ഞശേഷം വൃദ്ധ മന്ദഹാസത്തോടെതന്നെ ഓരോ പ്രതിമയെയും സമീപിച്ച് തഴുകുന്നു. അവരെല്ലാം ജീവൻ വയ്ക്കുന്നു. ജീവൻവച്ചവർ മറ്റുള്ളവർക്ക് ജീവൻ തിരിച്ചുകിട്ടുന്നത് കൗതുകത്തോടെ നോക്കി നിൽക്കുന്നു. മാലാഖമാർ ആദ്യത്തെ പ്രതിമയുൾപ്പെടെ, സന്തോഷത്തോടെ വൃദ്ധയ്ക്കു ചുറ്റും വരുന്നു).

വൃദ്ധ : ഇപ്പോ മനസ്സിലായോ? ഞാൻ രക്ഷിക്കാൻ മാത്രം വന്നവളാ.

മാലാഖമാർ : മാപ്പ്... മുത്തശ്ശീ മാപ്പ്.

വൃദ്ധ : പോകിൻ... ഈ ഒടങ്കല്ലിമൂലയിൽ... കാടിന്റെ ഗർഭത്തിൽ... ഒരിക്കലും കടന്നുവരാതിരിക്കിൻ. ഒരു ശലഭവും നിങ്ങളെ ഇവിടേക്കു നയിക്കാതിരിക്കട്ടെ. ഉം, പോകിൻ... പോകിൻ... പോകിൻ.

(മുത്തശ്ശി രംഗത്തിന്റെ പിൻഭാഗം ലക്ഷ്യമാക്കി നടക്കുന്നു. മാലാഖമാർ കൂട്ടമായി പുറത്തേക്കു കടക്കാൻ ആയുന്നു. കൂട്ടത്തിൽ മാലാഖ 1 പെട്ടെന്ന് ഓർത്തതുപോലെ തെന്നിമാറി മുത്തശ്ശിയുടെ പിന്നാലെ നടന്നു വിളിക്കുന്നു).

മാലാഖ 1 : മുത്തശ്ശീ! (മുത്തശ്ശി തിരിഞ്ഞു നിൽക്കുന്നു).

മാലാഖ 1 : മുത്തശ്ശീ, മുത്തശ്ശി ആരാണ്? സിംഹത്തെയും പുലിയെയും ഒന്നും പേടിയില്ലാത്ത മുത്തശ്ശിയാര്?

മുത്തശ്ശി : (നിവർന്ന് ഗംഭീരമായ ഭാവത്തിലും ശബ്ദത്തിലും മാലാഖമാരെ ഒട്ടാകെ നോക്കി) ഞാൻ... പ്രകൃതി... അതേ കുഞ്ഞേ, ഞാൻ.... ഈ കാട്... നിങ്ങളുടെ അമ്മ...

(പെട്ടെന്നു തിരിയുന്നു. കാടിനകത്തുനിന്ന് അനേകം കിളികളുടെ മധുരവും സംഗീതാത്മകവുമായ കൂജനങ്ങൾ ഒന്നിച്ചുയരുന്നു. മാലാഖമാർ പകച്ചുനിൽക്കുന്നു).

**-കർട്ടൻ-**

**(പ്ലാവിലത്തൊപ്പികൾ)**

**- ജി. ശങ്കരപ്പിള്ള**




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ചിത്രീകരണം

- നാടകം വായിച്ച് ഏറ്റവും ഇഷ്ടം തോന്നിയ ഒരു സന്ദർഭം സ്റ്റേജിൽ കാണുന്ന പോലെ താഴെ കൊടുത്ത ഭാഗത്ത് വരയ്ക്കൂ, നിറം നൽകൂ.



## വായിക്കാം, പറയാം

"ആ വാക്കുകൾ വീണ്ടും വീണ്ടും പ്രതിധ്വനിച്ചു കേൾക്കുക മാത്രം ചെയ്യുന്നു. മാലാഖമാർ നിരാശരായി."

മാലാഖമാർ നിരാശരാവാൻ കാരണമെന്തായിരിക്കും? ക്ലാസിൽ പറഞ്ഞവതരിപ്പിക്കൂ.

## ആലാപനം

"തെച്ചിമലമേലെ പോകാതെ പെണ്ണേ
തീകോരിച്ചൊരുകിറ പൂതമുണ്ടേ
അത്തിമലമേലും പോകാതെ പെണ്ണേ
ആതിരവല്ലി കുടിയിരിപ്പൊണ്ടേ"

- ചെറുസംഘങ്ങളായി ചൊല്ലി അവതരിപ്പിക്കൂ.
- തുടർന്ന് വൃദ്ധയുടെ ശബ്ദത്തിൽ ചൊല്ലിനോക്കൂ.
- മികച്ചവ ശബ്ദക്രമീകരണത്തോടെ പൊതുവായി അവതരിപ്പിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കണ്ടെത്താം, എഴുതാം

- മാലാഖമാരെ വൃദ്ധ ഓർമ്മിപ്പിച്ച കാര്യങ്ങൾ എന്തെല്ലാം? അവർ അത് അനുസരിക്കാതിരിക്കാൻ കാരണമെന്ത്? കണ്ടെത്തി അവതരിപ്പിക്കൂ.

## കുറിപ്പ്


- കിട്ടാത്ത ശലഭത്തെ തേടി കാട്ടിനുള്ളിൽ അകപ്പെടരുത് എന്നു വൃദ്ധ പറയുന്നതിന്റെ പൊരുളെന്ത്? കുറിപ്പ് എഴുതൂ.

## വിശകലനം

- "മുത്തശ്ശിയാര്?" മാലാഖമാരുടെ ഈ ചോദ്യത്തിന് വൃദ്ധ പറയുന്ന മറുപടി:
  "ഞാൻ... പ്രകൃതി... അതേ കുഞ്ഞേ, ഞാൻ... ഈ കാട്... നിങ്ങളുടെ അമ്മ..." എന്നാണ്. ഇതു നമ്മെ ബോധ്യപ്പെടുത്തുന്നത് എന്താണ്?
  വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കൂ.

## കഥാപാത്രനിരൂപണം

- 'ചിത്രശലഭങ്ങൾ' എന്ന നാടകത്തിലെ കേന്ദ്രകഥാപാത്രമാണ് വൃദ്ധ. വൃദ്ധയുടെ എന്തെല്ലാം സവിശേഷതകളാണ് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്? താഴെ കൊടുത്ത കോളങ്ങളിൽ എഴുതൂ.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- പരസ്പരം കൈമാറി വായിച്ച് മെച്ചപ്പെടുത്തുക.
- ഇവയൊക്കെ ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയാറാക്കൂ.

## നാടകവായന

- നാടകത്തിലെ ഇഷ്ടപ്പെട്ട ഭാഗം കണ്ടെത്തൂ. ഓരോ ആളും ഓരോ കഥാപാത്രമായിമാറി ഉചിതമായ ശബ്ദവിന്യാസത്തോടെ ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കൂ.

## അഭിനയിക്കാം

- നാടകം ചെറുഭാഗങ്ങളാക്കി മാറ്റൂ, സംഘങ്ങളായി ഓരോ ഭാഗം അവതരിപ്പിക്കൂ. അവതരണത്തിൽ എന്തെല്ലാം ശ്രദ്ധിക്കും?
  - നടീനടന്മാർ
  - വേഷവിതാനം
  - രംഗസജ്ജീകരണം

സൂചകങ്ങൾ വികസിപ്പിച്ച് അവതരണം വിലയിരുത്തുമല്ലോ.

നാടകം മെച്ചപ്പെടുത്തുക, പൂർണമാക്കുക. ക്ലാസ്സഭയിലോ സാഹിത്യസമാജത്തിലോ അവതരിപ്പിക്കാമല്ലോ.

## നാടകമെഴുതാം

- 'ഹാമെലിനിലെ കുഴലൂത്തുകാരൻ' എന്ന കഥ നാടകമായി എഴുതൂ. നാടകരചന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ക്ലാസിൽ ചർച്ചചെയ്യുമല്ലോ.

## ജീവചരിത്രക്കുറിപ്പ്

- കുട്ടികളുടെ സദസ്സിനു മുമ്പിൽ അവർക്കിഷ്ടപ്പെടുന്നതും മനസ്സിലാവുന്നതും അവരിൽ ധാർമ്മികബോധം വളർത്തുന്നതുമായ നാടകങ്ങൾ അവതരിപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

ജി. ശങ്കരപ്പിള്ളയെക്കുറിച്ചുള്ള ഈ വാക്യം വായിച്ചല്ലോ. പാഠപുസ്തകത്തിൽ നിന്നും മറ്റും അദ്ദേഹത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ മനസ്സിലാക്കിയത്? ജീവചരിത്രക്കുറിപ്പ് തയാറാക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

മികവുനേടി എന്നതിന് '✓' എന്നും ഇനിയും മെച്ചപ്പെടണമെങ്കിൽ '+' എന്നും മികവ് തീരെ കുറവെങ്കിൽ 'X' എന്നും അടയാളപ്പെടുത്തുക.

- കഥയിലെ ആശയം സ്വാംശീകരിച്ച് ഉചിതമായ ശബ്ദവിന്യാസം, ഭാവം എന്നിവയോടെ വായിക്കാൻ കഴിയുന്നു. ☐
- കഥാപാത്രങ്ങളുടെ പ്രായം, സ്വഭാവം, പെരുമാറ്റരീതി എന്നിവ മനസ്സിലാക്കി സംഭാഷണഭാഗങ്ങൾ വായിച്ചവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ☐
- കഥാസന്ദർഭം വായിച്ച് യുക്തിപൂർവം വിശകലനം ചെയ്ത് സ്വന്തം അഭിപ്രായം കാര്യകാരണസഹിതം അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ☐
- നാടോടിക്കഥകൾ കണ്ടെത്തി കഥയരങ്ങിൽ ഭാവാത്മകമായി അവതരിപ്പിക്കാൻ കഴിയുന്നു. ☐
- സ്കിറ്റ്, നിശ്ചലദൃശ്യം, നാടകം എന്നിവയിൽ സന്ദർഭം, കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ, സംഭാഷണം എന്നിവ ഉൾക്കൊണ്ട് അഭിനയിക്കാൻ കഴിഞ്ഞിട്ടുണ്ട്. ☐
- കഥ വായിച്ച് കഥാപാത്രനിരൂപണം തയാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. ☐



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




എഴുത്തുകാരെ അറിയുക



## റോസ്മേരി

പ്രശസ്ത കവയിത്രിയും പത്രപ്രവർത്തകയുമാണ്. 1956 ജൂൺ 22 ന് കാഞ്ഞിരപ്പള്ളിയിൽ ജനിച്ചു.

വാക്കുകൾ ചേക്കേറുന്നിടം, വേനലിൽ ഒരു പുഴ, ചാഞ്ഞുപെയ്യുന്ന മഴ, വൃശ്ചികക്കാറ്റ് വീശുമ്പോൾ, ഇവിടെ ഇങ്ങനെയുമൊരാൾ എന്നിവയാണ് പ്രധാന കൃതികൾ.



## ജി. ശങ്കരപ്പിള്ള (1930-1989)

ഇന്ത്യയിലെ 'നാടകമിഷനറി' എന്നു വിളിക്കാവുന്ന നാടകപ്രചാരകനായിരുന്നു പ്രഫ. ജി.ശങ്കരപ്പിള്ള. നാടകരചന, സംവിധാനം, അഭിനയം, ദീപക്രമീകരണം, സംഗീതം, ചമയം, രംഗസാമഗ്രികളുടെ നിർമ്മാണം എന്നിങ്ങനെ നാടകത്തിന്റെ സമസ്തമേഖലകളും അദ്ദേഹത്തിന് സ്വായത്തമാണ്.

ചിറയിൻകീഴിലാണ് ജനിച്ചത്. കേരള സാഹിത്യ അക്കാദമി അംഗം, കേരള സംഗീത നാടക അക്കാദമി ചെയർമാൻ, സ്കൂൾ ഓഫ് ഡ്രാമയുടെ പ്രഥമ ഡയറക്ടർ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. 1967 ൽ നാടകക്കളരിപ്രസ്ഥാനം തുടങ്ങി. തനതുനാടകവേദിയുടെ പ്രചാരകനായിരുന്നു.

കുട്ടികളുടെ നാടകവേദി, തെരുവുനാടകവേദി എന്നിവയ്ക്ക് അദ്ദേഹം നേതൃത്വം നൽകി. 11 നാടകങ്ങൾ എഴുതി. അവയുടെ സമാഹാരമാണ് 'പ്ലാവിലത്തൊപ്പികൾ'. കൂടാതെ സ്നേഹദൂതൻ, വിലങ്ങും വീണയും, മൃഗതൃഷ്ണ, ബന്ദി, പൂജാമുറി, ഭരതവാക്യം, കറുത്ത ദൈവത്തെ തേടി എന്നിവ അദ്ദേഹത്തിന്റെ പ്രശസ്ത രചനകളാണ്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദകോശം

മനോജ്ഞം - മനോഹരം
ഫലഭൂയിഷ്ഠം - ഏറ്റവും കൂടുതൽ ഫലം തരുന്ന
സച്ചരിതർ - നല്ല നടപ്പുള്ളവർ, നല്ല ചരിത്രമുള്ളവർ
വിളംബരം - രാജകീയ പരസ്യം
ആഗതൻ - വന്നുചേർന്നവൻ, അതിഥി
ഉറുമാൽ - കൈലേസ്
വിഷാദവാൻ - ദുഃഖിതൻ
ഏകാഗ്രത - ഒരു കാര്യത്തിൽത്തന്നെയുള്ള ശ്രദ്ധ
വീഥി - വഴി
ഇമ്പം - സന്തോഷം
നിഗൂഢം - മറഞ്ഞിരിക്കുന്നത്
വശ്യം - വശപ്പെടുത്താവുന്ന
പള്ളം - താണ ഭൂമി
തമാലവനം - ഇരുണ്ട കാട്
പ്രതിധ്വനി - മാറ്റൊലി
ഭ്രമിച്ചു - മനസ്സിളകി
ദീർഘനിശ്വാസം - നെടുവീർപ്പ്
ചൊരുകിറ - ചൊരിയുന്ന
ആയിരവല്ലി - ഒരു കാട്ടുദേവത
പുരോഭാഗം - മുൻഭാഗം
പടുതി - കിടപ്പ്, അവസ്ഥ
പടുതീ - കാട്ടുതീ
മൂവന്തി - ത്രിസന്ധ്യ
പ്രതിപത്തി - ഇഷ്ടം, സ്നേഹം, താൽപ്പര്യം
കൂജനം - പക്ഷികളുടെ കൂകൂ ശബ്ദം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





**പഠനനേട്ടങ്ങൾ**

- നാടോടിക്കഥയും നാടകവും ഉചിതമായ ഭാവം, ശബ്ദവിന്യാസം, ഒഴുക്ക് എന്നിവ പാലിച്ച് വായിച്ചവതരിപ്പിക്കുന്നു.
- കണ്ടതോ കേട്ടതോ വായിച്ചറിഞ്ഞതോ ആയ കാര്യങ്ങൾ യുക്തിപൂർവം വിശകലനം ചെയ്ത് സ്വന്തം അഭിപ്രായം പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നു.
- കഥാപാത്രങ്ങളുടെ സ്വഭാവം, കഥയിലെ സ്ഥാനം, മാനസികാവസ്ഥ, മറ്റുള്ളവരോടുള്ള ഇടപെടൽ എന്നിവ മനസ്സിലാക്കി കഥാപാത്രനിരൂപണം തയാറാക്കുന്നു.
- നാടകങ്ങൾ വായിച്ച് ഉള്ളടക്കം, കഥാപാത്രങ്ങൾ, സംഭാഷണം, പശ്ചാത്തലം എന്നിവ ഉൾക്കൊണ്ട് വേദിയിൽ അഭിനയിക്കുന്നു.
- ശ്രദ്ധേയമായ കഥകൾ ലൈബ്രറിയിൽനിന്നെടുത്തു വായിച്ച് അവയിലെ കേന്ദ്രാശയം, പ്രധാന സംഭവങ്ങൾ, മുഹൂർത്തങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് നാടകമാക്കി എഴുതുന്നു.
- പൊതുചർച്ചയിലൂടെ സൂചകങ്ങൾ വികസിപ്പിച്ച് സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും വിലയിരുത്തി അഭിപ്രായം അവതരിപ്പിക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




4

# പ്രകാശകിരണങ്ങൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# വിജയത്തിലേക്ക്



പനാമ കനാലിന്റെ നിർമ്മാണവേള. മേജർ ജനറൽ ജോർജ് ഗെഫൽസിന്റെ നേതൃത്വത്തിൽ കനാലിന്റെ പണി പുരോഗമിച്ചുകൊണ്ടിരുന്നു. ഒരു പ്രത്യേക ഭാഗമെത്തിയപ്പോൾ കുഴിക്കാൻ അങ്ങേയറ്റം ബുദ്ധിമുട്ടുകൾ നേരിട്ടു. മേജർ മുൻകൈയെടുത്ത് മാസങ്ങളോളം കഷ്ടപ്പെട്ട് ഒരുഭാഗം കുഴിച്ചു. ഒരു ഭാഗം കനാൽ നിർമ്മിച്ചു. പക്ഷേ, തൊട്ടടുത്ത ദിവസം തന്നെ അവിടം തകർന്നുവീണു. എൻജിനീയർമാരും തൊഴിലാളികളും നിരാശയോടെ ആ കാഴ്ച കണ്ടുനിന്നു. പലരും പണി മതിയാക്കി മടങ്ങിപ്പോവാൻ പോലും തയാറായി,

മേജറോടൊപ്പം നാശനഷ്ടം വീക്ഷിച്ചുകൊണ്ടിരുന്ന ഒരു എൻജിനിയർ വിഷണ്ണതയോടെ ചോദിച്ചു: "ജനറൽ, നാമിനി എന്താണ് ചെയ്യാൻ പോകുന്നത്?" ജനറൽ നിശ്ചയദാർഢ്യത്തോടെ മറുപടി നൽകി: "വീണ്ടും കുഴിക്കുക."

അവർ വീണ്ടും കുഴിച്ചു. അതുകൊണ്ട് സുപ്രധാനമായ ഒരു ജലപാതയുടെ ഗുണഫലങ്ങൾ ലോകം ഇന്നനുഭവിക്കുന്നു.

(ചിന്താസരിത്സാഗരം)

മുകളിൽ കൊടുത്ത സംഭവവിവരണം വായിച്ചല്ലോ.
എന്തു സന്ദേശമാണ് അതിൽനിന്ന് നമുക്കു ലഭിക്കുന്നത്? ചർച്ചചെയ്യൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# പരിശ്രമം ചെയ്യുകിലെന്തിനേയും

പലപ്പോഴും ജീവിതസാഹചര്യങ്ങൾ നമുക്ക് മറികടക്കാനാവാത്തവയായിരിക്കും, അപ്പോൾ നമുക്ക് ചെയ്യാനുള്ളത് അതങ്ങു വിട്ടുകളയുകയാണ്. എന്റെ ജീവിതത്തിലും വേണ്ടുവോളം ഉയർച്ചതാഴ്ചകളുണ്ടായിട്ടുണ്ട്. എന്നാൽ തരണം ചെയ്യാനാവാത്ത വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ഞാൻ ഓർമ്മിക്കുന്നുള്ളൂ.

1972-ൽ സതീശ് ധവാനും ബ്രഹ്മപ്രകാശും എന്നെ വിളിച്ചു. ഐ.എസ്.ആർ.ഒ. യുടെ ചെയർമാനായിരുന്നു ധവാൻ. അദ്ദേഹം പറഞ്ഞു: "വളരെ പ്രധാനപ്പെട്ട ഒരു പദ്ധതി നിങ്ങളെ ഏൽപ്പിക്കാൻ പോവുകയാണ്. നിങ്ങളായിരിക്കും എസ്.എൽ.വി-3 എന്ന പദ്ധതിയുടെ ഡയറക്ടർ. അതിനാവശ്യമായ പണം നിങ്ങൾക്കു തരും. പദ്ധതി ഏഴു കൊല്ലംകൊണ്ട് പൂർത്തിയാകും. ആവശ്യമായ ആളുകളെ നിങ്ങൾക്ക് ഈ സ്ഥാപനത്തിൽനിന്ന്, അതായത് അതിന്റെ വിവിധ കേന്ദ്രങ്ങളിൽനിന്ന് ലഭിക്കും. നമ്മളെല്ലാവരും ഒരു ടീമായി പ്രവർത്തിക്കും. ഞാൻ നിങ്ങൾക്കായിരിക്കും പദ്ധതി സംബന്ധിച്ചുള്ള വിവരങ്ങൾ തരുക." ഞാനതു കേട്ട് അതിശയിച്ചുപോയി. ഒരുപാട് തലമുതിർന്ന ശാസ്ത്രജ്ഞരുണ്ടായിട്ടും എന്നെയാണല്ലോ അദ്ദേഹം ഈ സ്ഥാനത്തേക്കു തിരഞ്ഞെടുത്തത്.

അമ്പരപ്പോടെ ഞാൻ ചോദിച്ചു: "എങ്ങനെയാണ് ഞാൻ ഈ പദ്ധതി ചെയ്യേണ്ടത്?" അപ്പോൾ സതീശ് ധവാൻ എനിക്കു നൽകിയ ഉപദേശം ഞാൻ സദാ ഓർമ്മിക്കാറുണ്ട്: "കലാം, ഒരാൾ പരിശ്രമങ്ങളിൽ ഏർപ്പെടുന്നില്ലെന്നു വയ്ക്കുക. എങ്കിൽ അയാൾ തന്റെ മാളത്തിൽത്തന്നെ കഴിഞ്ഞുകൂടുകയായിരിക്കും. നാം ഒരു ദൗത്യമോ ചുമതലയോ ഏറ്റെടുക്കുമ്പോൾ പ്രശ്നങ്ങളുണ്ടാവും.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





നിങ്ങൾ ആ പ്രശ്നത്തെ സ്വന്തം പിടിയിലൊതുക്കണം, അതിനെ തോൽപ്പിക്കണം. അങ്ങനെയാണ് വിജയം കൈവരിക്കേണ്ടത്."

ഏഴു കൊല്ലത്തിനുശേഷം 1979 ആഗസ്തിൽ ഉപഗ്രഹവിക്ഷേപണത്തിന്റെ സമയം വന്നു. ഞങ്ങളെല്ലാവരും ശ്രീഹരിക്കോട്ടയിലുണ്ട്. അവസാനഘട്ടത്തിൽ ഓട്ടോപൈലറ്റ് മോഡിലേക്കു നോക്കിയപ്പോൾ കംപ്യൂട്ടറിന്റെ മുന്നറിയിപ്പ്-വിക്ഷേപണം തുടങ്ങരുതെന്ന്. ഞാൻ മറ്റുള്ള വിദഗ്ധരോടന്വേഷിച്ചു. അവർ പറഞ്ഞു: "പേടിക്കേണ്ട, വിക്ഷേപണം നടത്തിക്കൊള്ളൂ." പദ്ധതിയുടെ ഡയറക്ടർ എന്ന നിലയിലുള്ള ഉത്തരവാദിത്വത്തോടെ ഞാൻ കംപ്യൂട്ടറിനെ മറികടന്നു കൈകൊണ്ടു പ്രവർത്തിപ്പിച്ച് വിക്ഷേപണമാരംഭിച്ചു. വിക്ഷേപണം പരാജയപ്പെടുകയും ഉപഗ്രഹവാഹനം ബംഗാൾ ഉൾക്കടലിൽ പതിക്കുകയും ചെയ്തു. ഇരുപതു കോടി രൂപ ബംഗാൾ ഉൾക്കടലിൽ തള്ളാൻ എനിക്കെങ്ങനെ സാധിച്ചു എന്നായിരുന്നു പത്രക്കാരുടെ ചോദ്യം.

ഈ പരാജയത്തിൽനിന്ന് വീണ്ടും ഉയിർത്തെഴുന്നേൽക്കാൻ എനിക്ക് സഹായകമായത് സതീശ് ധവാന്റെ ഉപദേശങ്ങളും എന്റെ കുടുംബം എന്നിലങ്കുരിപ്പിച്ച ആത്മീയമായ കരുത്തുമാണ്. ദുരന്തത്തെക്കുറിച്ച് ചിന്തിച്ചു വിഷണ്ണരായിക്കഴിയുന്നതിനു പകരം, വളരെ വസ്തുനിഷ്ഠമായ രീതിയിൽ പരാജയത്തിന്റെ മൂലകാരണമെന്തെന്നു വിശകലനം ചെയ്യാൻ ഞങ്ങൾ ഞങ്ങളുടെ ഊർജമത്രയും വിനിയോഗിച്ചു. പരാജയത്തെക്കുറിച്ചന്വേഷിക്കാനുള്ള സംഘത്തിന്റെ ചെയർമാൻ എം.ആർ. കുറുപ്പും മെംബർ സെക്രട്ടറി ജി. മാധവൻനായരുമായിരുന്നു. അവർ 125 ശാസ്ത്രജ്ഞരുമായും ഉദ്യോഗസ്ഥരുമായും സസൂക്ഷ്മം സംസാരിക്കുകയും 200 ലധികം രേഖകൾ വിലയിരുത്തുകയും ചെയ്തു.

ഒടുവിൽ കുഴപ്പം എയർ കണ്ടീഷനിങ് പ്ലാന്റിന്റേതാണെന്നു മനസ്സിലായി. വിക്ഷേപണത്തിനുമുമ്പുള്ള സമയത്ത് കൺട്രോൾ പവർ പ്ലാന്റിന്റെ വാൽവിൽ പൊടി കടന്നിരുന്നു. തന്മൂലം അതു ശരിയായി പ്രവർത്തിക്കാതായി. ഈ സംഭവത്തിനുശേഷം എല്ലാ ഉപകരണങ്ങളുടെയും ഗുണനിലവാരം കർശനമായി പരിശോധിക്കുന്നു എന്നു ഞങ്ങൾ ഉറപ്പുവരുത്തി. സാങ്കേതികപ്രശ്നങ്ങൾ കണ്ടെത്താൻ മാത്രമല്ല ഞങ്ങൾക്കു സാധിച്ചത്; ശാസ്ത്രജ്ഞരുടെ മനോവീര്യം ഉയർത്താനും സാധിച്ചു. എത്രത്തോളമെന്നോ, അടുത്ത ഒരു കൊല്ലത്തിനുള്ളിൽത്തന്നെ രണ്ടാമത്തെ വിക്ഷേപണം നടത്താൻ അതെന്നെ പ്രാപ്തനാക്കി. ആ ഉദ്യമത്തിൽ ഞാൻ വിജയിക്കുകയും ചെയ്തു.

**(വിടരേണ്ട പൂമൊട്ടുകൾ)** **ഡോ. എ.പി.ജെ. അബ്ദുൽകലാം**

വിവർത്തനം: എ.പി. കുഞ്ഞാമു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വായിക്കാം, കണ്ടെത്താം

- ചുമതലകൾ ഏറ്റെടുക്കാനുള്ള ആത്മധൈര്യം നൽകിക്കൊണ്ട് അബ്ദുൽകലാമിനു ധവാൻ നൽകിയ ഉപദേശം എന്തായിരുന്നു?
- ഒന്നാംവിക്ഷേപണത്തിന്റെ പരാജയകാരണങ്ങൾ എന്തെല്ലാമായിരുന്നു?
- എസ്.എൽ.വി. മൂന്നിന്റെ പരാജയം നൽകിയ പാഠം എന്താണ്?

## സമാനപദങ്ങൾ കണ്ടെത്തി വാക്യങ്ങൾ രചിക്കാം

- "അവർ 125 ശാസ്ത്രജ്ഞരുമായും ഉദ്യോഗസ്ഥരുമായും സസൂക്ഷ്മം സംസാരിക്കുകയും 200 ൽ അധികം രേഖകൾ വിലയിരുത്തുകയും ചെയ്തു."

  അടിയിൽ വരയിട്ട പദത്തിന്റെ അർഥം ഊഹിച്ചെഴുതുക; നിഘണ്ടു പരിശോധിച്ച് ഉറപ്പുവരുത്തുക.

  ഇതുപോലെ സസന്തോഷം, സസ്നേഹം തുടങ്ങിയ പദങ്ങളുടെ അർഥം കണ്ടെത്തി ഇവ ഉപയോഗിച്ച് വാക്യങ്ങൾ രചിക്കുക.

## സംവാദം

- "പദ്ധതിയുടെ ഡയറക്ടർ എന്ന നിലയിലുള്ള ഉത്തരവാദിത്വത്തോടെ ഞാൻ കംപ്യൂട്ടറിനെ മറികടന്നു കൈകൊണ്ടു പ്രവർത്തിപ്പിച്ച് വിക്ഷേപണമാരംഭിച്ചു. വിക്ഷേപണം പരാജയപ്പെടുകയും ഉപഗ്രഹവാഹനം ബംഗാൾ ഉൾക്കടലിൽ പതിക്കുകയും ചെയ്തു."

  കലാമിന്റെ ഈ പ്രവൃത്തിയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ക്ലാസിൽ നടക്കുന്ന സംവാദത്തിൽ അഭിപ്രായങ്ങൾ പ്രകടിപ്പിക്കൂ.

## വിശകലനം ചെയ്യാം

- "പൊരുതുക വിജയത്തിൻ മുഖത്തു നോക്കിനിൽക്കാതെ
  പൊരുതുക പിൻവാങ്ങട്ടെ ഭയാശങ്കകൾ"

  *(പടക്കളത്തിൽ -പി. കുഞ്ഞിരാമൻനായർ)*

  മേൽസൂചിപ്പിച്ച വരികളിലെ ആശയവുമായി അബ്ദുൽകലാമിന്റെയും ജോർജ് ഗെഫൽസിന്റെയും അനുഭവങ്ങൾ എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നു? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# മഞ്ഞുതുള്ളി



പോകൊല്ലേ! പോകൊല്ലേ! ഞങ്ങളെക്കൈവിട്ടു
നാകത്തേക്കെൻ മഞ്ഞുതുള്ളികളേ!
പുല്ലുകളെങ്ങുമേ നിങ്ങളാൽ മിന്നുന്നു
കൽമുടി ചൂടിന റാണിമാരായ്;
സൂനങ്ങൾ നിങ്ങളാലേന്തുന്നു നിർഭര-
മാനന്ദബാഷ്പവും പുഞ്ചിരിയും.
താണവർതൻ പേരിലിത്രമേലാർദ്രത
കാണുവാനെങ്ങുണ്ടു മന്നിൽ വേറെ?
രാവിൽ വന്നിങ്ങനെ മേളിക്കും നിങ്ങൾതാൻ
ദൈവത്തിൻ കാരുണ്യകന്ദളങ്ങൾ;
അത്രമേൽ ശ്വേതങ്ങ, ളത്രമേൽ ശീതങ്ങ-
ളത്രമേൽപ്പൂതങ്ങൾ നിങ്ങളെല്ലാം.

എന്തിത്ര പെട്ടെന്നു പോകുന്നു? ഞങ്ങൾക്കു
വന്ധ്യങ്ങളാക്കൊല്ലേ കണ്മിഴികൾ!
നിദ്രയിലാണ്ടുപോയ് രാവെല്ലാം; തന്മൂല-
മൊത്തില്ല നേരത്തേ വന്നുചേരാൻ.
ആതിഥ്യം നൽകുവാൻ വൈകിയതോർത്തുള്ളി-
ലാധിയുണ്ടേറ്റവു, മിപ്പൊഴുതോ,
ആഗതർ ഞങ്ങളാ, യർഘ്യങ്ങൾ നിങ്ങളാ,-
യാതിഥേയങ്ങളായ് പുല്ലും പൂവും.
ചൂഴവേ നിങ്ങൾതൻ സ്വച്ഛമാം മെയ്യൊളി-
യേഴുനിറങ്ങളിൽ വീശിടുന്നു.
ഈ നറുമുത്തുകളേതൊരു ദേവത
വാനിൽനിന്നിങ്ങനെ വാരിത്തൂകി?
ഈ മഞ്ജുഭൂഷകളേതൊരു വിൺമങ്ക
ഭൂമിക്കു പുത്തനായ്ക്കോർത്തു ചാർത്തി?
കണ്ണിനാലീ നിധി കാണുവോർക്കെന്തിന്നു
കിന്നരനാഥൻതൻ ക്ഷുദ്രവിത്തം?

-ഉള്ളൂർ എസ്. പരമേശ്വരയ്യർ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കണ്ടെത്താം, പറയാം

- മഞ്ഞുതുള്ളി എങ്ങോട്ട് പോകുന്നു എന്നാണ് കവി പറയുന്നത്?
- "താണവർതൻ പേരിലിത്രമേലാർദ്രത
  കാണുവാനെങ്ങുണ്ടു മന്നിൽ വേറെ?"

  താണവരോടു കാണിക്കുന്ന ആർദ്രത എന്തെല്ലാമാണ്?
- ആതിഥ്യം നൽകാനെത്താൻ വൈകിയത് എന്തുകൊണ്ടാവാം?
- മഞ്ഞുതുള്ളിയെ കവി വർണിച്ചിരിക്കുന്നത് എങ്ങനെയെല്ലാമാണ്?
- മഞ്ഞുതുള്ളിയുടെ ശരീരത്തിന് ഏഴു നിറങ്ങൾ നൽകിയത് ആരാണ്?

## പദപരിചയം

- സ്വർഗത്തേക്ക്, വെളുപ്പുള്ള, തണുപ്പുള്ള, ശുദ്ധിയുള്ള, മാലാഖ, ധനം, പൂജയ്ക്കായുള്ള ജലം എന്നീ അർഥങ്ങൾ വരുന്ന പദങ്ങൾ കവിതയിൽനിന്നു കണ്ടെത്തൂ.

## കണ്ടെത്താം, എഴുതാം

- "പുലരിത്തൂമഞ്ഞുതുള്ളിയിൽ
  പുഞ്ചിരിയിട്ടു പ്രപഞ്ചം."

  "സൂര്യാംശുവോരോ വയൽപ്പൂവിലും
  വൈരം പതിക്കുന്നുവോ."

  ഇതുപോലെ മഞ്ഞുതുള്ളിയുടെ സൗന്ദര്യം പരാമർശിക്കുന്ന രണ്ടു സന്ദർഭങ്ങൾ കവിതയിൽനിന്നു കണ്ടെത്തി എഴുതൂ.

## വിശകലനം ചെയ്യാം

- മഞ്ഞുതുള്ളികൾ പോകുന്നതോടെ കാഴ്ച നഷ്ടപ്പെടും എന്നു പറയാൻ കാരണമെന്തായിരിക്കാം?

  കവിത വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

## ശബ്ദഭംഗി

- "അത്രമേൽ ശ്വേതങ്ങ, ളത്രമേൽ ശീതങ്ങ-
  ളത്രമേൽപ്പൂതങ്ങൾ നിങ്ങളെല്ലാം"

  അടിവരയിട്ട പദങ്ങളുടെ പ്രത്യേകതയെന്ത്? ഇവ കവിതയ്ക്ക് എങ്ങനെ ഭംഗി നൽകുന്നു? ചർച്ചചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഈണം കണ്ടെത്തി ചൊല്ലാം

"ഉന്തുന്തു ന്തുന്തു ന്തുന്തു ന്തുന്തു
ന്തുന്തു ന്തുന്തുന്താളെയുന്ത്."

വായ്ത്താരിയുടെ ഈണത്തിൽ താഴെ കൊടുത്തിരിക്കുന്ന വരികൾ ചൊല്ലിനോക്കൂ.

* കള്ളനായുള്ളൊരു കാകൻതാൻ വന്നിട്ടെൻ
  കൈയിലേ വെണ്ണയെക്കൊണ്ടുപോയി.
* നാലുകാലുള്ളൊരു നങ്ങേലിപ്പെണ്ണിനെ
  കോലുനാരായണൻ കട്ടോണ്ടുപോയ്.
* ആനകേറാമലേൽ ആളുകേറാമലേൽ
  ആയിരം കാന്താരി പൂത്തിറങ്ങി.

'മഞ്ഞുതുള്ളി' എന്ന കവിത ഇതേ ഈണത്തിൽ സംഘമായി ആലപിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഒരു കെട്ടുകല്യാണം


നെയ്യാറ്റിൻകര കരിങ്കുളത്ത് ഒരു വലിയ ഗൃഹസ്ഥനും സ്വാമിതൃപ്പാദങ്ങളുടെ വിശ്വസ്തഭക്തനുമായ ഒരു മാന്യൻ അദ്ദേഹത്തിന്റെ ഏകപുത്രിയുടെയും മറ്റും താലികെട്ടുകല്യാണം നടത്താനുള്ള ഒരുക്കങ്ങൾ പൊടിപൂരമായി ചെയ്തുവരികയായിരുന്നു. ഈ വിവരം സ്വാമിതൃപ്പാദങ്ങൾ അറിഞ്ഞു. മകരം അഞ്ചാം തീയതി (മുഹൂർത്തസമയം) സമുദായക്ഷേമതൽപ്പരനായ അദ്ദേഹം അവിടെ എത്തി. അതിവിശാലവും വളരെ പണം ചെലവുചെയ്ത് അതിമനോഹരമായി അലങ്കരിച്ചിട്ടുള്ളതുമായ പന്തലിൽ വാദ്യഘോഷങ്ങളോടും മറ്റ് അനേകം ആഡംബരങ്ങളോടും കൂടി ശുഭമുഹൂർത്തത്തിൽ താലികെട്ടാൻ വേണ്ട സകല ഒരുക്കങ്ങളും ചെയ്ത് പെൺകുട്ടികളെ യഥാസ്ഥാനം അലങ്കരിച്ചിരുത്തിയിരുന്നു. ദക്ഷിണതിരുവിതാംകൂറിലെ പ്രമാണികൾ എല്ലാം ഹാജരുണ്ട്. വാദ്യഘോഷങ്ങളും വിനോദങ്ങളും കൊണ്ടു മാത്രമല്ല, സദ്യയുടെ അതികേമമായ സ്ഥിതികൊണ്ടും വീടും പറമ്പും അയൽവീടുകളും തിക്കിത്തിരക്കി ഒരു വലിയ പുരുഷാരം അവിടെ കൂടിയിരിക്കുന്നു. കൗരവസഭയിൽ സന്ധിക്കു പുറപ്പെട്ട ശ്രീകൃഷ്ണഭഗവാനെപ്പോലെ സ്വാമിതൃപ്പാദങ്ങൾ ഈ ജനക്കൂട്ടത്തിൽ എത്തിയപ്പോൾ പലർക്കും പല വികാരങ്ങളാണുണ്ടായത്. എങ്കിലും ആർക്കും ആ അലൗകികപുരുഷനെ ബഹുമാനിക്കയും പൂജിക്കയും ചെയ്യാതിരിക്കാൻ കഴിഞ്ഞില്ല. പ്രധാന പെൺകുട്ടിയുടെ അച്ഛനായ ഗൃഹസ്ഥനെ അടുത്തു വിളിച്ചുകൊണ്ട്:

സ്വാമി : കെട്ടുകല്യാണം ആവശ്യമുള്ളതല്ല; നാം ഇതിനെപ്പറ്റി പലപ്പോഴും ജനങ്ങളെ അറിയിച്ചിട്ടും ഇതേവരെ നിങ്ങളാരും അതിനെ വേണ്ടപോലെ കേൾക്കുന്നില്ലല്ലോ. നിങ്ങളുടെ ഗുണത്തിനായിട്ടാണു പറയുന്നത്. നിങ്ങൾക്കു നമ്മുടെ വാക്കിൽ വിശ്വാസം ഉണ്ടെങ്കിൽ അതു കൂടാതെ കഴിക്കണം.

അദ്ദേഹം : സ്വാമി എങ്ങനെ കൽപ്പിക്കുന്നോ അങ്ങനെ. ഞങ്ങളുടെ കുടുംബത്തിൽ മേലാൽ കെട്ടുകല്യാണം നടത്തുകയില്ല.

സ്വാമി : അതുപോരാ. എന്തുകൊണ്ട്, ഈ കെട്ടുകല്യാണം തന്നെ അനാവശ്യമാണെന്നു മനസ്സിലായാൽ നിങ്ങൾക്കു മുടക്കിക്കൂടേ? അത്ര അർഥമില്ലാത്തതാണ് അത്; മുടക്കിയതുകൊണ്ടു യാതൊരു ദോഷവും വരാനില്ല.

അദ്ദേഹം : കുട്ടിയുടെ കാരണവന്മാർക്കും ജനങ്ങൾക്കും പെട്ടെന്ന് അങ്ങനെ ചെയ്യുന്നതു സമ്മതമായിരിക്കുമോ എന്നറിഞ്ഞുകൂടാ.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





സ്വാമി : നിങ്ങൾക്കു സമ്മതം തന്നെയോ? അതറിയട്ടെ. അവരുടെ ഒക്കെ സമ്മതം നാം ചോദിച്ചുകൊള്ളാം.

അദ്ദേഹം : സ്വാമി കൽപ്പിക്കുന്നതുപോലെ കേൾക്കാൻ എനിക്കു പൂർണസമ്മതമാണ്.

സ്വാമി : പൂർണസമ്മതം തന്നല്ലോ. എന്നാൽ മതി.

ഇത്രയും പറഞ്ഞുകൊണ്ട് സ്വാമി കുട്ടിയുടെ കാരണവർ മുതലായവരെ അടുത്തു വിളിച്ച് ഉപദേശിക്കുകയും അവരെല്ലാവരും സ്വാമിയുടെ കൽപ്പനപോലെ ചെയ്യാൻ സമ്മതിക്കുകയും ചെയ്തു. സ്വാമിതൃപ്പാദങ്ങൾ ഉടനെ കെട്ടിന്നൊരുക്കത്തോടുകൂടി പന്തലിൽ അണിനിരന്നിരിക്കുന്ന പെൺകുട്ടികളെ അടുക്കൽ വിളിച്ച് അവർക്കു തന്റെ കൈകൊണ്ടു കുറേ പുഷ്പങ്ങളും പഴങ്ങളും കൊടുത്ത് അകത്തേക്കു പൊയ്ക്കൊള്ളുവാൻ പറഞ്ഞയച്ചു. അടുത്തു നിന്നിരുന്ന ഒരാളോട്, ഈ കെട്ടുകല്യാണം താൻ മുടക്കിയിരിക്കുന്നു എന്നും സ്വജനങ്ങളിൽ ആരും ഈ അനാവശ്യമായ അടിയന്തിരം മേലാൽ നടത്തരുതെന്നാണ് താൻ ആഗ്രഹിക്കുന്നതെന്നും വെളിവായും ഉറപ്പായും ആ ജനസംഘത്തോടു പറഞ്ഞറിയിക്കാൻ സ്വാമികൾ ആജ്ഞാപിച്ചു. അപ്രകാരം അയാൾ പറകയും എല്ലാവരും ആശ്ചര്യത്തോടും ഭക്തിബഹുമാനങ്ങളോടും കൂടി അതു സമ്മതിക്കുകയും ചെയ്തു.

**–കെ. ദാമോദരൻ.** ബി.എ

## കെട്ടുകല്യാണം

ഒരുകാലത്ത് കേരളത്തിൽ ഹിന്ദുക്കൾക്കിടയിൽ നിലനിന്നിരുന്ന ഒരു ആചാരം. പന്ത്രണ്ടു വയസ്സിനു മുമ്പ് താലികെട്ടുകല്യാണം നടത്തിയില്ലെങ്കിൽ അത് വലിയ മോശമായിട്ടാണ് അക്കാലത്തു കരുതിയിരുന്നത്. ഒട്ടേറെ ചടങ്ങുകളും വൻചെലവുമുള്ള ഒരേർപ്പാടായിരുന്നു അത്. മുഹൂർത്തദിവസം കുടുംബത്തിൽ കൊച്ചുകുട്ടികൾ മുതൽ പന്ത്രണ്ടു വയസ്സുവരെയുള്ള എല്ലാ പെൺകുട്ടികളെയും അണിയിച്ചൊരുക്കി പന്തലിൽ നിരത്തിയിരുത്തും. ആർഭാടത്തോടെ വന്നെത്തുന്ന മണവാളന്മാർ അവരെ താലികെട്ടും. മിന്നുകെട്ടു കഴിഞ്ഞാൽ മണവാളന്മാർ നാലുദിവസം സദ്യയുണ്ട് അവിടെ താമസിക്കും. എന്നാൽ കെട്ടിയ പെണ്ണിനുമേൽ അയാൾക്ക് യാതൊരു അധികാരവും ഉണ്ടായിരിക്കില്ല. നാലാം ദിവസം നീരാട്ടുകഴിഞ്ഞു മന്ത്രകോടി തിരികെ കൊടുത്തിട്ട് മണവാളൻ തിരികെ പൊയ്ക്കൊള്ളണമെന്നായിരുന്നു നിയമം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കണ്ടെത്താം, പറയാം

- എന്തെല്ലാം ഒരുക്കങ്ങളാണ് താലികെട്ടിന് ഉണ്ടായിരുന്നത്?
- സ്വാമി ഗൃഹസ്ഥനോട് ആവശ്യപ്പെട്ടതെന്താണ്?
- സ്വാമി ആജ്ഞാപിച്ചതെന്തായിരുന്നു?

## സമാനപദങ്ങൾ കണ്ടെത്താം

- * ഗൃഹപ്രവേശം പോലുള്ള ചടങ്ങുകൾക്ക് നല്ല സമയം നോക്കാറുണ്ട്.
  * ആന വിരണ്ടപ്പോൾ പൂരം കാണാനെത്തിയ ആൾക്കൂട്ടം ചിതറിയോടി.
  * കുടുംബത്തിന്റെ നന്മ വീട്ടുകാരന്റെ മനോഭാവത്തെ ആശ്രയിച്ചിരിക്കും.

  ഈ വാക്യങ്ങളിൽ അടിവരയിട്ട പദങ്ങളുടെ അർഥം വരുന്ന വാക്കുകൾ പാഠഭാഗത്തുനിന്നു കണ്ടെത്തുക.

## വിശകലനം ചെയ്യാം

- ഗുരുദേവന്റെ പ്രവൃത്തിയിൽ നിങ്ങൾ കണ്ട പ്രത്യേകതകൾ എന്തെല്ലാം?
  * അനാചാരങ്ങളോടുള്ള എതിർപ്പ്.
  *
  *

## താരതമ്യം ചെയ്യാം

- * "എവിടെ യുക്തിതൻ നീരൊഴുക്കാചാര-
  പ്പഴമതൻ മണൽക്കാട്ടിൽ ലയിപ്പീല."
  *(ഗീതാഞ്ജലി-ടാഗോർ)*

  * "ഇന്നലെചെയ്തൊരബദ്ധം-മൂഢ-
  ർക്കിന്നത്തെയാചാരമാവാം
  നാളത്തെശാസ്ത്രമതാവാം-അതിൽ
  മൂളായ്ക സമ്മതം രാജൻ!"
  *(ചണ്ഡാലഭിക്ഷുകി-കുമാരനാശാൻ)*

ഈ വരികളിലെ ആശയം പാഠഭാഗത്തിലെ ആശയവുമായി എങ്ങനെ താരതമ്യം ചെയ്യാം? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഉപന്യാസം

- മഹാന്മാരുടെ ജീവിതത്തിൽനിന്നു നമുക്ക് പലതും ഉൾക്കൊള്ളാനുണ്ട്. സമൂഹത്തിന്റെ നന്മയ്ക്കു വേണ്ടി നിരവധി കാര്യങ്ങൾ ചെയ്തവരാണവർ.

ഉദാഹരണത്തിന് അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ, ചാവറയച്ചൻ, വൈകുണ്ഠസ്വാമികൾ, വക്കം മൗലവി തുടങ്ങി അനേകം മഹാന്മാർ. ഇവർ കേരളത്തിലെ സാമൂഹികപുരോഗതിക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയവരാണ്.



പാഠഭാഗങ്ങളിൽനിന്നും മറ്റു കൃതികളിൽനിന്നും ഇങ്ങനെയുള്ള മഹാന്മാരെക്കുറിച്ച് വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഉപന്യാസം തയാറാക്കൂ.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| * സമാനപദങ്ങൾ കണ്ടെത്തി സ്വന്തമായി വാക്യത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| * ചർച്ചകളിലും സംവാദങ്ങളിലും സ്വന്തം അഭിപ്രായം വ്യക്തതയോടെ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| * പാഠഭാഗങ്ങളിലെ പ്രധാന ആശയങ്ങൾ കണ്ടെത്താനും വിശദീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. | | | |
| * കവിത യോജിച്ച ഈണത്തിൽ ചൊല്ലി അവതരിപ്പിക്കാൻ കഴിഞ്ഞു. | | | |
| * ജീവചരിത്രം, ആത്മകഥ, ലേഖനം എന്നീ വിഭാഗങ്ങളിൽപ്പെട്ട പുസ്തകങ്ങൾ വായിച്ച് കുറിപ്പുകൾ, ഉപന്യാസം എന്നിവ തയാറാക്കാൻ കഴിയുന്നു. | | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുത്തുകാരെ അറിയുക



## ഡോ. എ.പി.ജെ. അബ്ദുൽകലാം

പ്രമുഖ ഇന്ത്യൻ ഭൗതികശാസ്ത്രജ്ഞനായ ഇദ്ദേഹം 2002 മുതൽ 2007 വരെ ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്നു. ശുഭപ്രതീക്ഷയുള്ള ഒരു പരിശ്രമശാലി എന്ന നിലയിൽ മറ്റുള്ളവർക്ക് പ്രചോദനം നൽകുന്ന തരത്തിൽ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നു. 1931 ൽ തമിഴ്നാട്ടിലെ രാമേശ്വരത്താണ് ജനിച്ചത്. 'ഭാരതരത്നം' ബഹുമതി ലഭിച്ചിട്ടുണ്ട്. 'അഗ്നിച്ചിറകുകൾ' പ്രധാന കൃതിയാണ്.



## ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877-1949)

മലയാളത്തിലെ ആധുനികകവിത്രയത്തിലൊരാൾ. ബഹുഭാഷാ പണ്ഡിതനും സാഹിത്യഗവേഷകനും വാഗ്മിയും ആയിരുന്നു. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ ജനിച്ചു. കൊച്ചിമഹാരാജാവിന്റെ 'കവിതിലകൻ' ബിരുദം, ബ്രിട്ടീഷ് ഗവൺമെന്റിന്റെ 'റാവുബഹദൂർ' സ്ഥാനം, കാശി വിദ്യാപീഠത്തിന്റെ 'സാഹിത്യഭൂഷൺ' എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്. ഉമാകേരളം (മഹാകാവ്യം); പിംഗള, ചിത്രശാല, കർണഭൂഷണം, ഭക്തിദീപിക, ചിത്രോദയം, മിഥ്യാപവാദം, ആർഷഭൂമിയുടെ ആത്മചൈതന്യം, ശരണോപഹാരം, ചൈത്രപ്രഭാവം (ഖണ്ഡകാവ്യങ്ങൾ); അരുണോദയം, ദീപാവലി, തപ്തഹൃദയം, കൽപ്പശാഖി, തരംഗിണി, രത്നമാല, താരാഹാരം, കിരണാവലി, അമൃതധാര, ഹൃദയകൗമുദി, മണിമഞ്ജുഷ (കവിതാസമാഹാരങ്ങൾ), വിജ്ഞാനദീപിക-4 വാല്യങ്ങൾ, ഗദ്യകലിക, വിദുരഭിക്ഷ (ഗദ്യകൃതികൾ); കേരളസാഹിത്യചരിത്രം-5 വാല്യങ്ങൾ (ഗവേഷണഗ്രന്ഥം) തുടങ്ങിയവ പ്രധാന സാഹിത്യസംഭാവനകളാണ്.



## കെ. ദാമോദരൻ.ബി.എ (1900-1964)

പ്രമുഖ പത്രപ്രവർത്തകനും എഴുത്തുകാരനുമായിരുന്നു. മയ്യനാടാണ് ജന്മസ്ഥലം. ശ്രീനാരായണഗുരുവിന്റെ ജീവചരിത്രത്തിനു പുറമെ ഇന്ദിര, ഓമന തുടങ്ങി ചില നോവലുകളും ഓർമ്മകൾക്കപ്പുറത്ത് എന്ന കഥാസമാഹാരവും രചിച്ചിട്ടുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദകോശം

വിക്ഷേപണം - അയയ്ക്കൽ
അങ്കുരിപ്പിച്ചു - മുളപ്പിച്ചു
സസൂക്ഷ്മം - ശ്രദ്ധയോടുകൂടി
രേഖ - പ്രമാണം
പ്രാപ്തൻ - കഴിവുള്ളവൻ
ഉദ്യമം - പരിശ്രമം
കിരണം - രശ്മി
നാകം - സ്വർഗം
കൽമുടി - രത്നകിരീടം
സൂനം - പൂവ്
ആർദ്രത - അലിവ്, നനവ്
കന്ദളങ്ങൾ - മുളകൾ, തളിരുകൾ
[redacted]
ശീതങ്ങൾ - തണുപ്പുള്ളവ
പൂതങ്ങൾ - ശുദ്ധിയുള്ളവ
വന്ധ്യ - ഫലമില്ലാത്തത്
ആതിഥ്യം - അതിഥിസൽക്കാരം
ആധി - ദുഃഖം
അർഘ്യം - പൂജയ്ക്കായുള്ള ജലം
ചൂഴുക - ചുറ്റുക, വളയുക
സ്വച്ഛം - ശുദ്ധമായത്
മഞ്ജുഭൂഷകൾ - മനോഹരമായ അലങ്കാരങ്ങൾ
വിൺമങ്ക - മാലാഖ, അപ്സരസ്സ്, ദേവസ്ത്രീ
ക്ഷുദ്രം - അൽപ്പം, നീചമായത്
വിത്തം - ധനം
ഗൃഹസ്ഥൻ - വീട്ടുകാരൻ
മുഹൂർത്തം - നല്ലനേരം
യഥാസ്ഥാനം - തക്ക സ്ഥാനം
ദക്ഷിണം - തെക്ക്
പുരുഷാരം - ആൾക്കൂട്ടം
അലൗകികം - അസാധാരണമായ, ലോകസ്ഥിതിയെ [redacted]
അണിനിരക്കുക - നിരനിരയായി ചേർന്നു നിൽക്കുക
അടിയന്തിരം - ആഘോഷം, മുടക്കാൻ വയ്യാത്ത ചടങ്ങ്
ആജ്ഞാപിക്കുക - കൽപ്പിക്കുക

## പഠനനേട്ടങ്ങൾ

- നേരിട്ടോ വായിച്ചോ അറിഞ്ഞ കാര്യങ്ങൾ യുക്തിപൂർവം വിശകലനം ചെയ്ത് സ്വന്തം അഭിപ്രായം പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.
- പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവയുടെ ആശയവും സവിശേഷതയും മനസ്സിലാക്കി സ്വന്തം രചനകളിൽ ഉപയോഗിക്കുന്നു.
- കവിതയുടെ ആശയം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു.
- ജീവചരിത്രം, ആത്മകഥ, ലേഖനം എന്നീ വിഭാഗങ്ങളിൽപ്പെട്ട പുസ്തകങ്ങൾ വായിച്ച് കുറിപ്പുകൾ, ഉപന്യാസം എന്നിവ തയാറാക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





5

# പ്രകൃതിഭാവങ്ങൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ദൃശ്യം വർണിച്ചെഴുതൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# വിക്ടോറിയാവെള്ളച്ചാട്ടം

"ഇതിനു മുമ്പൊരിക്കലും ഒരു യൂറോപ്യന്റെ കണ്ണുകൾ അതു ദർശിക്കുകയുണ്ടായിട്ടില്ല. പക്ഷേ, ആ അഴകുറ്റ കാഴ്ച ആകാശത്തിൽ പറക്കുന്ന ദേവതകൾ പലപ്പോഴും ആശ്ചര്യത്തോടെ ഉറ്റുനോക്കിയിട്ടുണ്ടായിരിക്കണം..."

ഡേവിഡ് ലിവിങ്സ്റ്റൺ ആദ്യമായി വിക്ടോറിയാവെള്ളച്ചാട്ടം ദർശിച്ചതിനെപ്പറ്റി പറഞ്ഞത് അങ്ങനെയാണ്.

നല്ല നിലാവുള്ള ഒരു രാത്രിയിൽ, ഞാൻ സഞ്ചരിച്ചിരുന്ന തീവണ്ടി ലിവിങ്സ്റ്റൺ റെയിൽവേസ്റ്റേഷനപ്പുറത്തുള്ള സാംബസിപ്പാലം കടക്കുമ്പോഴാണ് വിക്ടോറിയാവെള്ളച്ചാട്ടത്തിന്റെ ഒരു ഭാഗം ആദ്യമായി ദർശിച്ചത്. ജലപാതത്തിന്റെ അനുസ്യൂതമായ ആരവം കുറേ മുമ്പുതന്നെ കേട്ടുതുടങ്ങിയിരുന്നു. തീവണ്ടി പാലം കയറിയപ്പോൾ, പടിഞ്ഞാറുഭാഗത്ത് അരഫർലോങ് അകലെയായി, നിലാവിൽ പാൽക്കുടം മറിക്കുമ്പോഴുള്ള ഒരു കാഴ്ച! കുറച്ചുനേരം കഴിഞ്ഞ് അതു മറഞ്ഞുപോവുകയും ചെയ്തു.

പിറ്റേന്നു സന്ധ്യക്കും ലിവിങ്സ്റ്റണിലെ എന്റെ ഒരു ഗുജറാത്തിസുഹൃത്തിനെയും കൂട്ടി, ഞാൻ വെള്ളച്ചാട്ടത്തിനടുക്കലെത്തി. 'ചെകുത്താന്റെ കുത്തിത്തിരുപ്പ്' (Devil's cataract) എന്നു വിളിച്ചുവരുന്ന ഏറ്റവും തെക്കുഭാഗത്തുള്ള വെള്ളച്ചാട്ടത്തിന്റെ അടുക്കൽ ഞങ്ങൾ കുറേനേരം ഇരുന്നു. സൂര്യാസ്തമയത്തിൽ വെള്ളച്ചാട്ടത്തിന്റെ ഭംഗി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ആസ്വദിച്ചു. മൂന്നാം ദിവസം പ്രഭാതത്തിൽ ഞാൻ വീണ്ടും അവിടെ എത്തിച്ചേർന്നു. അന്നു മുഴുവനും ഞാൻ വെള്ളച്ചാട്ടവും പരിസരവും വിസ്തരിച്ചു കണ്ടുകൊണ്ട് അവിടെ കഴിച്ചുകൂട്ടി.

“അഴകിന്റെയും ശക്തിയുടെയും ഗുണങ്ങൾ ഇണങ്ങിച്ചേർന്ന ഒരു സവിശേഷത സകല വെള്ളച്ചാട്ടങ്ങൾക്കുമുണ്ട്” എന്നു സഞ്ചാരിയായ ഒരിംഗ്ലീഷ് സാഹിത്യകാരൻ പറയുന്നതു വാസ്തവമാണ്. ശക്തിയേറിയ ഒരഴകെന്നോ അഴകേറിയ ഒരു ശക്തിയെന്നോ നമുക്കിതിനെ വിളിക്കാം. ലോകത്തിലെ പ്രസിദ്ധപ്പെട്ട ജലപാതങ്ങൾക്കെല്ലാം ഈ തത്ത്വം ബാധകമാണെങ്കിലും, ഓരോ വെള്ളച്ചാട്ടത്തിനും സ്വകീയമായ ഒരു പുതുമ ഉള്ളതായി കാണാം.

സാംബസി ജലപാതത്തിന്റെ പുതുമ അത് ഒരു നിരന്ന സ്ഥലത്തുവച്ച് ഒരു വെള്ളച്ചാട്ടമായിത്തീരുന്നു എന്നുള്ളതാണ്. അതായത്, നദി ഉയർന്ന കുന്നിൽനിന്നോ പാറക്കെട്ടിൽനിന്നോ പെട്ടെന്നു കീഴ്പ്പോട്ടു ചാടുകയല്ല ചെയ്യുന്നത്, സമതലത്തിലൂടെ പ്രവഹിച്ചുകൊണ്ടിരിക്കെ ഗംഭീരമായൊരു പാറപ്പിളർപ്പിലേക്കു വഴുതിവീഴുകയാണുണ്ടായത്. ദൂരെനിന്നു നോക്കിയാൽ വെള്ളച്ചാട്ടം കാണാൻ സാധിക്കില്ല. ആകാശത്തിലേക്കുയരുന്ന നീരാവിപടലങ്ങളും ആ നിരന്തരാരവവും ഗംഭീരമായൊരു ജലപാതത്തിന്റെ സാന്നിധ്യം വെളിപ്പെടുത്തുന്നുണ്ടെന്നല്ലാതെ ശരിയായ ചാട്ടം കാണണമെങ്കിൽ അതിനെതിരെയായി അടുത്തുതന്നെ ചെന്നുനിൽക്കണം, 330 അടി ദൂരം മുമ്പിൽ. എതിരെനിന്നുകൊണ്ടു നമുക്ക് ഈ വെള്ളച്ചാട്ടം നോക്കി രസിക്കാൻ സാധിക്കുമെന്നുള്ളതാണ് മറ്റൊരു വിശേഷം.

പശ്ചിമ ആഫ്രിക്കയിലെ പോർത്തുഗീസ് അങ്കോലയിലെ വൻകാടുകളിലെ ഇരുണ്ട നിഗൂഢതയിൽനിന്നുദ്ഭവിക്കുന്ന സാംബസിനദി 800 മൈൽ തെക്കോട്ടൊഴുകി, പിന്നെ ഈ പാറപ്പിളർപ്പിന്റെ പാതാളത്തിലേക്കു ചാടുന്നു. വെള്ളച്ചാട്ടം കഴിഞ്ഞ് വീണ്ടും തുടർച്ചയായുള്ള ഇടുങ്ങിയ പാറപ്പിളർപ്പിലൂടെ 40 മൈൽ സാഹസപ്പെട്ടൊഴുകിയതിനുശേഷമേ അതു വീണ്ടും വിശാലമായ നദിയായിത്തീരുന്നുള്ളൂ. പിന്നെയും 900 മൈൽ സഞ്ചരിച്ചു ‘ഷിണ്ടേ’ എന്ന സ്ഥലത്തുവച്ച് അതു ഹിന്ദുമഹാസമുദ്രത്തിൽ ലയിക്കുകയും ചെയ്യുന്നു. സാംബസിനദി നനയ്ക്കുന്ന പ്രദേശങ്ങളുടെ ആകെ വിസ്തീർണം 4,75,000 ചതുരശ്രമൈലാണ്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ജൂൺ-ജൂലൈ മാസങ്ങളിലാണ് വിക്ടോറിയാ വെള്ളച്ചാട്ടം സന്ദർശിക്കാൻ പറ്റിയ ഏറ്റവും നല്ല കാലം. മഴ കഴിഞ്ഞ് നദി നിറഞ്ഞ്, ആകാശം തെളിഞ്ഞുനിൽക്കുന്ന കാലം. ഏപ്രിൽ-മെയ് മാസങ്ങളിൽ വർഷകാലത്താണ് വെള്ളച്ചാട്ടം വലുപ്പംകൊണ്ടും ശക്തികൊണ്ടും ഊർജ സ്വലതകൊണ്ടും അതിന്റെ മൂർധന്യദശയിലെത്തുന്നത്. പക്ഷേ, ആ അവസരത്തിൽ നീരാവി യുടെ കനത്ത മൂടുപടം ആ ഗംഭീരമായ കാഴ്ചയെ പാടേ മറച്ചുകളയുന്നതുകൊണ്ട് ഒരു നരച്ച അന്തരീക്ഷമല്ലാതെ മറ്റൊന്നും കാണുകയില്ല.

വെള്ളച്ചാട്ടത്തിനു നിദാനമായ പിളർപ്പിന്റെ വക്കിൽ കിടക്കുന്ന തുരുത്തുകൾ അനർഗള മായി വരുന്ന ജലപ്രവാഹത്തെ നാലായി മുറിക്കുകയും, അങ്ങനെ വിശാലമായ ഒരൊറ്റ ജല പാതത്തിനു പകരം നാലു വെള്ളച്ചാട്ടങ്ങൾ ഉണ്ടായിത്തീരുകയും ചെയ്യുന്നു.

'കിഴക്കേ അരുവിച്ചാട്ടം' (Eastern cataract), 'മഴവില്ലിന്റെ വെള്ളച്ചാട്ടം' (Rainbow falls), 'പ്രധാ നവെള്ളച്ചാട്ടം' (Main falls), 'ചെകുത്താന്റെ കുത്തിത്തിരുപ്പ്' -ഇവയാണ് വിക്ടോറിയാവെള്ള ച്ചാട്ടത്തിന്റെ വിഭാഗങ്ങൾ.

353 അടി ഉയരത്തിൽനിന്ന് എത്രയോ ആയിരം കുതിരശ്ശക്തിയോടെ താഴത്തെ പാതാളപ്പി ളർപ്പിലേക്കു പതിക്കുന്ന ജലത്തിന്റെ സമ്മർദത്തിൽ നിന്നു തള്ളിയുയരുന്ന നീർക്കണങ്ങളുടെ നിരന്തരപടലങ്ങൾ ആകാശത്തിൽ ഉയർന്ന് വീണ്ടും മഴപോലെ മറുഭാഗത്തെ ഈ കാടുകളിൽ ചിതറിവീണുകൊണ്ടേയിരിക്കുന്നു... ഒരു നിമിഷനേരംപോലും തടവില്ലാതെ ലക്ഷോപലക്ഷം കൊല്ലങ്ങളായി തുടർന്നുപോരുന്ന മഴ! ഈ നിരന്തരമായ 'തിരുവാതിരഞാറ്റുവേല'യിലെ ജല ധാരയിൽ മരങ്ങളും വള്ളികളും സദാ തഴച്ചും പച്ചച്ചും പുഷ്പിച്ചും കാണപ്പെടുന്നു (നമ്മുടെ കേരളത്തിലെ കുരുമുളകുവള്ളി ഇവിടെ നട്ടുപിടിപ്പിച്ചാൽ നല്ലപോലെ വളരുമെന്നു തോന്നു ന്നു). കുടയോ മഴക്കോട്ടോ കൂടാതെ ഈ കാട്ടിലൂടെ ആരും സഞ്ചരിക്കാറില്ല. മധ്യഭാഗത്തെ ഈ വെള്ളച്ചാട്ടം പല ഉയർച്ചകളിൽനിന്നും കണ്ടാനന്ദിക്കുന്നതിനു താഴോട്ട് ഒറ്റയടിപ്പാതകൾ നിർമ്മി ച്ചുവച്ചിട്ടുണ്ട്.

ഇവിടെത്തന്നെയാണ് 'ആപൽക്കരമായ മുനമ്പ്' - നാനൂറടി ആഴമുള്ള പിളർപ്പിലേക്കു തള്ളി നിൽക്കുന്ന കൂർത്ത പാറക്കെട്ട്. ഈ പാറയിൽ ഒരു സ്ത്രീയുടെ കാലടി പതിഞ്ഞതുപോലുള്ള ഒരു പാടും കാണാം. 'അവ്വായുടെ കാൽപ്പാട്' എന്നാണ് ഇതിനെ വിളിച്ചുവരുന്നത്. കാലത്തിന്റെ ക്രീഡയാൽ പാറയിലുണ്ടായിത്തീർന്ന ഈ പാട് അവ്വായുടെ കാൽപ്പാടാണത്രേ. ഇതു കണ്ട പ്പോൾ എനിക്ക് ഓർമ്മവന്നത് പമ്പാസരസ്സിനടുത്ത് കാട്ടിൽ കണ്ട 'ശ്രീരാമപാദ'മാണ്. മൂന്നു കൊല്ലം മുമ്പ് ഞാനൊരിക്കൽ ശബരിമല സന്ദർശിക്കാൻ ഒരു സാഹസയാത്ര ചെയ്ത അവസ രത്തിൽ, പമ്പാസരസ്സിനടുക്കെ വച്ചു ചില അയ്യപ്പന്മാർ 'ശ്രീരാമപാദം' കാട്ടിത്തരാൻ എന്നെ കുറച്ചകലെയുള്ള ഒരു കാട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ഒരു പാറമേൽ കാലടിയുടെ ആകൃതിയിലുള്ളൊരു പാടു ഞാൻ കാണുകയുണ്ടായി. ആ 'ശ്രീരാമപാദ'വും ഈ 'അവ്വായുടെ കാൽപ്പാടും' ഏതാണ്ട് ഒരുപോലെയുണ്ട്.

മഴക്കാടു കഴിഞ്ഞാൽ പിന്നത്തെ കാഴ്ച ദക്ഷിണറൊഡേഷ്യയോടു തൊട്ടുകിടക്കുന്നതും ഏറ്റവും ഒടുവിലത്തേതുമായ 'ചെകുത്താന്റെ കുത്തിത്തിരുപ്പ്' ആണ്. 200 അടി ഉയരം കാണുന്ന ഒരു ജലധാരയാണിത്. വീതി 90 അടിയും. കരയോടുരുമ്മി ചരിഞ്ഞുതിരിഞ്ഞുകൊണ്ടാണ് ഇതു താഴോട്ടു ചെന്നുചാടുന്നത്.

ഈ വെള്ളച്ചാട്ടത്തിനെതിരായി, കരയിൽ പടർന്നു പന്തലിച്ചുനിൽക്കുന്ന കാട്ടുമരങ്ങൾക്കി ടയിൽ ഡേവിഡ് ലിവിങ്സ്റ്റന്റെ ഒരു പ്രതിമ സ്ഥാപിച്ചിരിക്കുന്നു. ലിവിങ്സ്റ്റൺ, തലയിൽ മഞ്ഞു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





തൊപ്പിയും കൈയിൽ ഊന്നിപ്പിടിച്ച മുളവടിയുമായി വെള്ളച്ചാട്ടത്തെ അദ്ഭുതത്തോടെ നോക്കിനിൽക്കുന്ന മട്ടിലാണ് ആ പ്രതിമ ഉണ്ടാക്കിയിരിക്കുന്നത്.

സാംബസിനദിയുടെ ദക്ഷിണറൊഡേഷ്യൻ തീരത്തുനിന്ന് മഴക്കാലത്തു നാടൻതോണികളിലും വേനൽക്കാലത്ത് ആഴംകുറഞ്ഞ വെള്ളത്തിലൂടെ കാൽനടയായും നമുക്ക് 'ചെകുത്താന്റെ കുത്തിത്തിരുപ്പി'നടുക്കെയുള്ള തുരുത്തിൽ (Castract Island) ചെന്നുപറ്റാൻ കഴിയും. ഈ തുരുത്തിന്റെ വക്കിൽ നിന്നുകൊണ്ട് നോക്കിയാൽ തൊട്ടുമുമ്പിൽ സാംബസി പാതാളത്തിലേക്കു നിരങ്ങിഞരങ്ങി വീഴുന്ന കാഴ്ച കാണാം.

വെള്ളച്ചാട്ടങ്ങളുടെ തിക്കും തിരക്കും കോലാഹലങ്ങളുമെല്ലാം കഴിഞ്ഞു. നാലു വെള്ളച്ചാട്ടങ്ങളിൽ നിന്നുമുള്ള വെള്ളം മുഴുവനും ഒന്നായി തിളച്ചു മറിഞ്ഞു നുരച്ചിരമ്പിക്കൊണ്ടു താഴെ വിശാലമായ ഒരു കൊട്ടത്തളത്തിൽ വന്നുചേരുന്നു. ഇവിടെവച്ചാണ് നദി വീണ്ടും പാറപ്പിളർപ്പിലേക്കു പ്രയാണം തുടരുന്നത്. 'തിളയ്ക്കുന്ന പാത്രം' (Boiling Pot) എന്നാണ് കയത്തിനു പേരു കൊടുത്തിരിക്കുന്നത്.

വീഴ്ചപറ്റിയ സാംബസിനദി തലചുറ്റലോടെ വായിൽ നുരപ്പിണ്ഡവുമായി കിടന്നു മുരളുന്നു; എങ്ങോട്ടു നീങ്ങണമെന്നറിയാതെ വിരളുന്നു. ഒടുവിൽ മെല്ലെ ഒരു നാഗത്തെപ്പോലെ മുമ്പിൽക്കണ്ട അളയിലേക്ക് ഇഴഞ്ഞുപോവുകയും ചെയ്യുന്നു.

വാസ്തവം പറഞ്ഞാൽ വിക്ടോറിയാവെള്ളച്ചാട്ടം അദ്ഭുതരസമല്ല, മറ്റെന്തോ ഒരു രസമാണ് നമ്മിൽ ജനിപ്പിക്കുന്നത്. അവിടെയെല്ലാം ഒരിക്കൽ ചുറ്റിനടന്നതുകൊണ്ട് വിക്ടോറിയാവെള്ളച്ചാട്ടത്തിന്റെ 'ഭാഷ' നമുക്കു ഗ്രഹിക്കുവാൻ കഴിയുമോ എന്നു സംശയമാണ്.

**(കാപ്പിരികളുടെ നാട്ടിൽ)** **-എസ്.കെ. പൊറ്റെക്കാട്ട്**

## വായിക്കാം, പറയാം

- തീവണ്ടിയാത്രയ്ക്കിടയിലെ അനുഭവം എന്തായിരുന്നു?
- ജൂൺ-ജൂലൈ മാസങ്ങളിലാണ് വിക്ടോറിയാവെള്ളച്ചാട്ടം സന്ദർശിക്കാൻ പറ്റിയ ഏറ്റവും നല്ല കാലം എന്നു പറയാൻ കാരണമെന്ത്?
- ഡേവിഡ് ലിവിങ്സ്റ്റന്റെ പ്രതിമയെ വർണിച്ചത് എങ്ങനെ?
- "നദി ഉയർന്ന കുന്നിൽനിന്നോ പാറക്കെട്ടിൽനിന്നോ പെട്ടെന്നു കീഴ്പ്പോട്ടു ചാടുകയല്ല ചെയ്യുന്നത്, സമതലത്തിലൂടെ പ്രവഹിച്ചുകൊണ്ടിരിക്കെ ഗംഭീരമായൊരു പാറപ്പിളർപ്പിലേക്കു വഴുതിവീഴുകയാണുണ്ടായത്."

  ഇതുപോലെ സഞ്ചാരി വിവരിക്കുന്ന മറ്റു കാഴ്ചകൾ കണ്ടെത്തി പറയൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വർണനയുടെ ഭംഗി

- "വീഴ്ചപറ്റിയ സാംബസിനദി തലചുറ്റലോടെ വായിൽ നുരപ്പിണ്ഡവുമായി കിടന്നു മുരളുന്നു; എങ്ങോട്ടു നീങ്ങണമെന്നറിയാതെ വിരളുന്നു. ഒടുവിൽ മെല്ലെ ഒരു നാഗത്തെപ്പോലെ മുമ്പിൽക്കണ്ട അളയിലേക്ക് ഇഴഞ്ഞുപോവുകയും ചെയ്യുന്നു."
    - ഈ വർണനയുടെ സവിശേഷത ചർച്ചചെയ്യൂ.

- ചിത്രത്തിലെ ദൃശ്യം വിവരിച്ചുകൊണ്ട് നിങ്ങൾ നേരത്തേ എഴുതിയ വർണന സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തൂ.

  വർണനകൾ വിലയിരുത്താൻ എന്തെല്ലാം സൂചകങ്ങൾ ഉപയോഗിക്കാം?

    -
    -
    -

  മെച്ചപ്പെടുത്തി എഴുതൂ.

## എഴുത്തുകാരന്റെ മനസ്സിലൂടെ

- * "ഈ നിരന്തരമായ 'തിരുവാതിര ഞാറ്റുവേല'യിലെ ജലധാരയിൽ മരങ്ങളും വള്ളികളും സദാ തഴച്ചും പച്ചച്ചും പുഷ്പിച്ചും കാണപ്പെടുന്നു."
  * "ഇതു കണ്ടപ്പോൾ എനിക്ക് ഓർമ്മവന്നത് പമ്പാസരസ്സിനടുത്തു കാട്ടിൽ കണ്ട 'ശ്രീരാമപാദ'മാണ്."

  ആഫ്രിക്കൻ അനുഭവം പങ്കുവയ്ക്കുമ്പോൾ എസ്.കെ യെ ഇത്തരം ഓർമ്മകളിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിച്ച മനോഭാവം എന്തായിരിക്കാം? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കാം.

## 'ഞാൻ വെള്ളച്ചാട്ടമായപ്പോൾ'

- സാംബസിനദിയിലാണല്ലോ വിക്ടോറിയാവെള്ളച്ചാട്ടമുള്ളത്. വിക്ടോറിയാവെള്ളച്ചാട്ടത്തിന്റെ കഥ നദിയുടെ ആത്മഗതമെന്ന മട്ടിൽ എഴുതി അവതരിപ്പിക്കൂ.

## വായിക്കാം, പങ്കുവയ്ക്കാം


- എസ്. കെ. പൊറ്റെക്കാട്ടിന്റെ യാത്രാവിവരണങ്ങൾ സ്കൂൾലൈബ്രറിയിൽനിന്നെടുത്ത് നിങ്ങൾക്കിഷ്ടപ്പെട്ട ഭാഗം ക്ലാസിൽ വായിച്ചവതരിപ്പിക്കുക. ഇഷ്ടപ്പെടാനുള്ള കാരണവും വിശദീകരിക്കുമല്ലോ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# സാധ്യമെന്ത്?

വേവലാതിയാണെപ്പോഴുമെങ്കിൽ
ജീവിതംകൊണ്ടു കാര്യമെന്താവോ?
പുഞ്ചിരിതൂകി നിൽക്കുമുഷസ്സും
പൂഞ്ചിറകു വിടർത്തും കിളിയും
പൂവണിഞ്ഞു ചമഞ്ഞ വനിയും
ജീവിതത്തോടൊരുമ്മ യാചിക്കെ
നേരമില്ലേ നമുക്കൊന്നു നിൽക്കാൻ?
നേരെ നിന്നൊന്നു നോക്കി രസിക്കാൻ?
കാഴ്ചവയ്ക്കുവാൻ മുത്തുകളേന്തി
കാട്ടുപുല്ലുകൾ നീളവേ നിൽക്കെ,
അമ്പലത്തിൻ നടയിലനേകം
ചമ്പകങ്ങൾ വിടർന്നാടി നിൽക്കേ




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പൂങ്കവിളിൽ പവിഴപ്പൊളിയിൽ
പൂങ്കിനാക്കളൊളി വിതറുമ്പോൾ,
അമ്മമാരുടെ കൈവിരൽത്തുമ്പി-
ലുമ്മ വച്ചു കിടാങ്ങൾ നടക്കെ
കണ്ണടച്ചു ജപിച്ചു നടന്നു
വിണ്ണിലെന്തു കൊതിക്കുന്നു നമ്മൾ?
പുല്ലുപായ വിരിച്ചു വിളിപ്പൂ
തെല്ലിരിക്കുവാൻ താഴ്‌വര നമ്മെ.
താലോലിച്ചിടുകെന്നെയൊന്നെന്ന-
ത്താമരക്കുളം മാടിവിളിക്കെ
നിൽക്കാതോടുന്നു നമ്മള-പ്പാച്ചിൽ
നോക്കി നിൽക്കുന്നു കാലികൾ പോലും!
നീരദത്തുണ്ടിലന്തിക്കതിർകൾ
മാരിവില്ലു വരച്ചു കളിക്കെ
ആടുമേയ്ക്കുന്ന പെൺകിടാവെങ്ങോ
പാടുംപാട്ടിൽ വെയിലലിയുമ്പോൾ,
കുന്നിൻ ചായ്‌വിലെ പാറ വിളിപ്പൂ,
“വന്നിരുന്നു നുകരുകീ ഭംഗി.”
നിൽക്കാതോടുന്ന നമ്മളെ നോക്കി
നിന്ദിച്ചല്ലീ കിളികൾ ചിലപ്പൂ?
അല്ലിൽ പോലും സുഗന്ധം പരത്തി
മുല്ലപ്പൂക്കൾ വിരിഞ്ഞു നിൽക്കുമ്പോൾ,
ലോലലോലമരീചികൾ നീട്ടി
ശ്രീലതാരകൾ നോക്കിച്ചിരിക്കെ,
അല്ലലാണു നമുക്കുള്ളിലെങ്കിൽ,
ഇല്ല ശാന്തി ഹൃദന്തത്തിനെങ്കിൽ,
ഉത്സവത്തിൻ വിലാസങ്ങൾ പോലും
മത്സരത്തിനു മാത്രമാണെങ്കിൽ,
ഫുല്ലസൗന്ദര്യകാന്തികൾ പുൽകാൻ
ഇല്ല തെല്ലും നമുക്കിടയെങ്കിൽ,
അന്തമറ്റൊരീ ജീവിതമേതോ
പന്തയമെങ്കിൽ, എന്തതിൽ കാമ്യം?
വേവലാതിയാണെപ്പൊഴുമെങ്കിൽ
ജീവിതം കൊണ്ടു സാധ്യമെന്താവോ?



**-മാധവൻ അയ്യപ്പത്ത്**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കണ്ടെത്താം, പറയാം

- "ജീവിതത്തോടൊരുമ്മ യാചിക്കെ" – ആരൊക്കെയാണ് ജീവിതത്തോട് ഉമ്മ യാചിക്കുന്നത്?
- "കണ്ണടച്ചു ജപിച്ചുനടന്നു
  വിണ്ണിലെന്തു കൊതിക്കുന്നു നമ്മൾ"
  കണ്ണടച്ചു നടക്കുന്നവർക്ക് നഷ്ടപ്പെടുന്ന കാഴ്ചകൾ എന്തെല്ലാം?

## ആര്... ആരെ?

- കളത്തിലുള്ള വാക്കുകൾ ഉചിതമായി ബന്ധിപ്പിക്കൂ.

| | |
|---|---|
| താഴ്‌വര | നിൽക്കാതെയുള്ള നമ്മുടെ പാച്ചിൽ നോക്കിനിൽക്കുന്നു. |
| താമരക്കുളം | നിൽക്കാതോടുന്ന നമ്മളെ കണ്ട് നിന്ദിച്ചു ചിരിക്കുന്നു. |
| കാലികൾ | നീരദത്തുണ്ടിൽ മാരിവില്ല് വരച്ചു കളിക്കുന്നു. |
| അന്തിക്കതിര് | എന്നെ താലോലിച്ചീടുക എന്നു മാടിവിളിക്കുന്നു. |
| കിളികൾ | പുല്ലുപായ വിരിച്ചു വിളിക്കുന്നു. |

## കണ്ടെത്താം, എഴുതാം

- "അമ്പലത്തിൻ നടയിലനേകം
  ചമ്പകങ്ങൾ വിടർന്നാടി നിൽക്കേ
  പൂങ്കവിളിൽ പവിഴപ്പൊളിയിൽ
  പൂങ്കിനാക്കളൊളി വിതറുമ്പോൾ"
  ഇതുപോലെ വേറെയും മനോഹരരംഗങ്ങൾ ഈ കവിതയിൽ ആവിഷ്കരിച്ചിട്ടുണ്ട്. കണ്ടെത്തി എഴുതൂ.

## കാവ്യഭംഗി ആസ്വദിക്കാം

- "ലോലലോലമരീചികൾ നീട്ടി
  ശ്രീലതാരകൾ നോക്കിച്ചിരിക്കെ" ⇨ അങ്ങകലെയുള്ള നക്ഷത്രങ്ങൾ ഭൂമിയിലേക്കു നീണ്ടുവരുന്നതു കണ്ട് മനുഷ്യരെ ആശ്വസിപ്പിക്കാനായി തന്റെ കിരണങ്ങളാൽ മെല്ലെമെല്ലെ നീട്ടിത്തലോടി ചിരിക്കുകയല്ലേ എന്നു സംശയിക്കുന്നു.

ഇതുപോലെ ചുവടെ കൊടുത്ത വരികളുടെ ആശയം വിശദീകരിക്കൂ.

* "നീരദത്തുണ്ടിലന്തിക്കതിർകൾ
  മാരിവില്ലു വരച്ചു കളിക്കെ"



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## താരതമ്യക്കുറിപ്പ് തയാറാക്കാം

- താഴെ കൊടുത്ത വരികൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

| | |
|---|---|
| ''കാഴ്ചവയ്ക്കുവാൻ മുത്തുകളേന്തി<br>കാട്ടുപുല്ലുകൾ നീളവേ നിൽക്കേ''<br>(സാധ്യമെന്ത്?) | "പുല്ലുകളെങ്ങുമേ നിങ്ങളാൽ മിന്നുന്ന<br>കൽമുടി ചൂടിന റാണിമാരായ്-"<br>(മഞ്ഞുതുള്ളി) |

## കാവ്യാലാപനം

- കവിതയുടെ ഈണം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് ഉചിതമായ ശബ്ദവിന്യാസത്തോടെ ചൊല്ലി അവതരിപ്പിക്കൂ.

  ഏത് അവതരണമാണ് മികച്ചത്? പരസ്പരം വിലയിരുത്തുക.

## ആസ്വാദനക്കുറിപ്പ്

- കവിതയുടെ ആശയം, പ്രയോഗവിശേഷങ്ങൾ, മനസ്സിലുണർത്തുന്ന വികാരങ്ങൾ എന്നിവ പരിഗണിച്ച് ഈ കവിതയ്ക്ക് ഒരു ആസ്വാദനം എഴുതൂ.

## ചേരുംപടി ചേർക്കാം

| | |
|---|---|
| വലിയ | ചിരിക്കുന്നു |
| തനിയെ | കുന്ന് |
| വേഗം | കല്ല് |
| ചെറിയ | പോയി |
| മെല്ലെ | കുട്ടി |
| വെളുത്ത | നടന്നു |
| പതുക്കെ | കുപ്പായം |
| കറുത്ത | സംസാരിച്ചു |

എല്ലാ പദങ്ങളും എല്ലാറ്റിനോടും ചേരുന്നില്ല. എന്തുകൊണ്ട്? ചർച്ചചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# പുഴ

പുഴ എനിക്കൊരു വിസ്മയകരമായ രഹസ്യമായിരുന്നു.

പുഴവക്കത്തായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. ഞാൻ പഠിച്ച പ്രാഥമികവിദ്യാലയവും പുഴയ്ക്കരികിലായിരുന്നു. സ്കൂളിൽനിന്ന് രണ്ടു ചാൽ നടന്നാൽ മതി, പുഴയുടെ വക്കത്തെത്താൻ. ഒഴിവുസമയങ്ങൾ മിക്കവാറും ഞാൻ ചെലവഴിച്ചിരുന്നത് നദീതീരത്തായിരുന്നു. കൂട്ടുകാരുമുണ്ടാകും. അവരില്ലാതെ ഒറ്റയ്ക്ക് പുഴയും നോക്കിയിരിക്കുന്നതായിരുന്നു എനിക്കു രസം.

കല്ലായിപ്പുഴയാണ്. അഴിമുഖം അകലെ കാണാം. നദീതീരത്തു മരപ്പാണ്ടികശാലകൾ. അവിടെ ലക്ഷങ്ങൾ കൈമാറുന്നു. ഇടയ്ക്കിടെ പുഴയിലേക്ക് കൊലക്കയർ നീട്ടിയതുപോലെ വെള്ളപ്പരപ്പിലേക്ക് ആരവം പുറപ്പെടു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വിച്ചിറങ്ങുന്ന തടിച്ച ഇരുമ്പുചങ്ങലകളുടെ കൊക്കകൾ മരത്തടികൾ-കാടിന്റെ മയ്യത്തുകൾ-തൂക്കിയെടുത്ത് ഈർച്ചമില്ലുകളിലെ വാതുറന്ന കൂർത്തപല്ലുകളുള്ള ബാൻഡ്സോവിലേക്ക് ഉന്തിത്തള്ളുന്നു.

പുഴയ്ക്കരികിൽ മരത്തടികൾ അട്ടിയട്ടിയായി വച്ചിട്ടുണ്ടാകും. നിരനിരയായി മരയട്ടികൾ. അതിലേക്കു ചാടിക്കയറാൻ വെള്ളം ചവിട്ടിപ്പോകണം. ചതുപ്പുനിലമാണ്. മണ്ണിൽ നിന്ന് പുറ്റുകൾ. നീരോളങ്ങൾ അവയെ തലോടുന്നു. അവയ്ക്കിടയിൽ മഞ്ഞക്കാലുള്ള ഞണ്ടുകൾ നൃത്തംവയ്ക്കുന്നു. പെൺകുട്ടികളും ആൺകുട്ടികളും കട്ടപ്പാരകളും കൊട്ടയുമായി മരമുരുളുകളെ പൊതിയുന്നു. ആക്രമണം തുടങ്ങുകയായി, മരത്തിന്റെ പുറംതൊലികൾ അവർ അടർത്തിയെടുക്കുന്നു. എന്റെ പ്രായമുള്ള കുട്ടികൾ കഠിനമായ ജീവിതസമരത്തിന്റെ ഇരകളായിത്തീരുന്നു. അവർക്ക് അക്ഷരംവേണ്ട; വേണ്ടതു ഭക്ഷണം. അതിനുള്ള വക മരത്തടികൾ സമ്മാനിക്കുന്നു.

മുതിർന്നവർക്ക് പലവിധം ജോലികളാണ്. മരത്തടികൾ 'യാ അള്ളാ' പാടി മുട്ടോളം വെള്ളത്തിൽനിന്ന് തോളിൽ കയറ്റുന്നു. ഈർച്ചമില്ലുകളിൽ ചക്രവാളിനു ഭക്ഷണം നൽകുന്നതുപോലെ മരത്തടികൾ വച്ചുകൊടുക്കുന്നു. പുഴയുടെ ഇരുഭാഗത്തും പന്തം കെട്ടി മരത്തടികളെ വെള്ളത്തിൽ തടവിലാക്കുന്നു. അവയ്ക്കിടയിൽ വെള്ളം നൂണ്ടുകളിക്കും. പുഴയ്ക്കു നടുവിൽ തിരപ്പം കുത്തിവരുന്ന കുപ്പായമിടാത്ത മനുഷ്യരെ കാണാം. പതുക്കെയാണ് തിരപ്പം നദിയൊഴുക്കിനെ മുറിച്ചുകടക്കുക. ചിലപ്പോൾ അവരുടെ പാട്ടുകൾ കേൾക്കാം:

> കല്ലായിക്കടവത്ത് കപ്പക്കാരൻ കുഞ്ഞിപ്പോക്കര്
> കല്ലായിപ്പോയതറിഞ്ഞില്ലേ?

ജലപ്രവാഹത്തിന്റെ ഈണം പിടിച്ചുപറ്റിയ പാട്ടുകൾ. ചിലപ്പോൾ അവയ്ക്കൊരു പാഠഭേദമുണ്ടാവും. കുഞ്ഞിപ്പോക്കര് കല്ലായിപ്പോകുന്നതിനുപകരം എല്ലായിപ്പോകുന്നു. അതാണ് മാറ്റം.

പുഴ ഞങ്ങൾക്കു ജീവിതമാണ്. കല്ലായിപ്പുഴയിലൂടെ ഒഴുകുന്നത് ഉപ്പുവെള്ളമാണ്. അതു ഞങ്ങളുടെ ജീവിതത്തിന്റെ ഉപ്പായിരുന്നു. വെള്ളം കുടിക്കാനും കുളിക്കാനും കഴുകാനും പറ്റില്ല. ചീഞ്ഞ മരപ്പാളികൾ വെള്ളത്തിന് എണ്ണമിനുക്കം നൽകുന്നു. പക്ഷേ, പുഴ ഞങ്ങൾക്കു തന്നത് അന്നമാണ്.

അനേകം തൊഴിലാളികൾ, അനേകം മരക്കച്ചവടക്കാർ, അവരുടെ കണക്കപ്പിള്ളമാർ, തൊപ്പിക്കുടയുമായി നടുപ്പുഴയിൽ മരമുരുളുകളുടെ എണ്ണവും വണ്ണവും നീളവും നാടകൾകൊണ്ട് നിജപ്പെടുത്തി വിളിച്ചറിയിക്കുന്ന അളത്തക്കാർ; അതു നോട്ട്ബുക്കുകളിൽ കുറിക്കുന്ന കണക്കപ്പിള്ളമാർ; ഉടമയുടെ പേരും നമ്പറും ചെറുവുളികൊണ്ട് മരത്തടിയിൽ കൊത്തിയിടുന്ന നമ്പറുകൊത്തികൾ. അക്കാലത്ത് രാവും പകലും ഗർജിക്കുന്ന ഈർച്ചമില്ലുകൾ. അങ്ങെവിടെയോ യുദ്ധം നടക്കുന്നതിനാൽ ഇങ്ങു വിശ്രമമില്ലാതെ മരപ്പലകകൾ തീർക്കുന്നു. മില്ലുകളുടെ പരിസരത്ത് കുന്നുകൂട്ടിയിരിക്കുന്ന



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മരപ്പൊടി കൊട്ടയിൽ ചുമന്നുകൊണ്ടുപോയി വിൽക്കുന്ന ബാല്യത്തോടു വിടപറയുന്ന ചെറുപ്പക്കാർ. പുഴ ജീവിതംതന്നെ; ജീവിതം പുഴതന്നെ.

ജീവിതത്തിന്റെ എല്ലാ വികാരങ്ങളും മൊട്ടിടുന്നതും പുഷ്പിക്കുന്നതും കരിഞ്ഞുവീഴുന്നതും പുഴയോടു ബന്ധപ്പെട്ടായിരുന്നു. പ്രകൃതി കനിവാർന്നരുളിയ വരദാനമത്രേ കല്ലായിപ്പുഴ. അതു കല്ലായിപ്പുഴയ്ക്കു മാത്രമേയുള്ളുവെന്നായിരുന്നു എന്റെ ഇളംമനസ്സിന്റെ വിശ്വാസം. കാലം ആ തെറ്റുതിരുത്തുന്നു.

എല്ലാ പുഴകളും കല്ലായിപ്പുഴപോലെത്തന്നെയാണ്. എല്ലാ പുഴകൾക്കും രഹസ്യാത്മകതയുണ്ട്. ഒഴുക്കുവെള്ളം മാറ്റമില്ലാത്ത മാറ്റമാണ്. നാം ജലപ്രവാഹത്തോടു ചോദിച്ചുപോകുന്നു: എവിടെനിന്നു വന്നു? എവിടേക്കു പോകുന്നു? എത്രയാഴമുണ്ട്? എന്താണ് നിന്റെ ചുറ്റും? ഏതു കാലത്തും ഇളംമനസ്സുകൾ ചോദിക്കുന്ന ചോദ്യം ഇവതന്നെ. മനുഷ്യഭാഗധേയത്തിൽ ത്രികാലങ്ങൾ സൃഷ്ടിക്കുന്നതിൽ പുഴകൾക്കു പങ്കില്ല. പങ്കുള്ളത് നമ്മുടെ ജീവിതം കെട്ടിയുയർത്തുന്നതിൽ മാത്രം, അതെന്നും ഒരു സാന്നിധ്യം.

മനുഷ്യൻ കൂട്ടമായി താമസം തുടങ്ങിയതു പുഴവക്കുകളിലാണ്. വെള്ളം നനഞ്ഞ ഭൂമികളിൽ അവർ ചതുപ്പുകൾ വിരിച്ചു. നദീതടങ്ങളിലാണ് മനുഷ്യസംസ്കാരത്തിന്റെ തുടക്കം കുറിച്ചത്. നൈൽനദീതീരങ്ങളിലും യൂഫ്രട്ടീസ് - ടൈഗ്രീസ് തീരങ്ങളിലും ഗംഗാസമതലങ്ങളിലും മനുഷ്യസംസ്കാരത്തിന്റെ വിളംബരങ്ങളുയർത്തി ചരിത്രം യാത്ര തുടങ്ങി. പിന്നീടതു മീൻപിടിത്തമായി, പുഴയിലെ യാത്രകളായി... അങ്ങനെ...

ഒരുപക്ഷേ, ഇതായിരിക്കാം പുഴകൾ എന്നും സാഹിത്യകാരന് പ്രചോദനമരുളിയത്. ഫാഷനുകൾ മാറാം. ആവിഷ്കാരകൗശലങ്ങൾ വരുകയും പോകയും ചെയ്യുന്നു. എന്നാൽ നദി നിത്യവിസ്മയത്തിന്റെ വർണശലഭമായി മാറുന്നു. ആ കാഴ്ചയിൽ എഴുത്തുകാരൻ ആകൃഷ്ടനാകുന്നു. പുഴയെക്കുറിച്ച് കവിതയെഴുതാത്ത കവികളുണ്ടാവില്ല. ഭാരതപ്പുഴയും നിളയും കുഞ്ഞിരാമൻനായരുടെ ഇഷ്ട





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വിഷയമായിരുന്നല്ലോ. വള്ളത്തോളിന്റെ 'ഒരു തോണിയാത്ര' ഇന്നും മനസ്സിന് തണുപ്പു നൽകുന്നു. വലിയ എഴുത്തുകാരെല്ലാം നദിയുടെ രഹസ്യം മെരുക്കിയെടുക്കാൻ പരിശ്രമിച്ചുവരുകയാണ്.

മിസിസിപ്പി-മിസ്സോറിയെ ചുറ്റിപ്പറ്റിയുള്ള മാർക് ട്വൈനിന്റെ ആഖ്യായികകൾ പ്രസിദ്ധമാണ്. റഷ്യൻ സ്റ്റെപ്പികളുടെ സംഗീതമാലപിക്കുന്ന ഷൊളക്കോവിന്റെ ഡോൺ നോവലുകൾ നമ്മുടെ മനസ്സിനു നൽകിയ വികാസം നിസ്സീമമാണ്. റൈൻനദീതീരങ്ങളുടെ കഥകൾ സമാഹരിച്ചിട്ടുണ്ട്. കൊച്ചുനദികൾ പോലും എഴുത്തുകാരന്റെ മനസ്സിനെ ചലിപ്പിക്കുന്നു. കേച്ചേരിപ്പുഴ എന്ന സങ്കൽപ്പത്തിന്റെ മുമ്പിൽപ്പോലും കവി ധ്യാനലീനനായി നിൽക്കുന്നു. നിളാനദിയുടെ നെടുവീർപ്പുകൾ ഗാനങ്ങളായി മാറിയത് നമുക്കറിയാം. പൊറ്റെക്കാട്ടിന്റെ കടത്തുതോണിയെക്കുറിച്ചുള്ള കഥ ഇപ്പോഴും നമ്മെ ത്രസിപ്പിക്കുന്നു. ജീവിതം മരണമായി മാറുന്ന അദ്ഭുതാവഹമായ പരിണാമം. ചുക്കാനില്ലാത്ത തോണിയിൽ കടവുകാരൻ കിടന്നു, അഴിമുഖത്തേക്ക് നിലാവുള്ള രാത്രിയിൽ നീങ്ങുന്നു. പത്മാനദിയിലെ മുക്കുവന്റെ കഥ മലയാളിക്കറിയാം. താരാശങ്കർ ബാനർജിയുടെ 'തോണിക്കാരൻതാരിണി'യിൽ ജീവിതോപായം നൽകിയ പുഴ തോണിക്കാരനെ വിഴുങ്ങുന്നതു കാണാം. അങ്ങനെ എത്രയെത്ര കഥകൾ!

പുഴ കരകളെ അടുപ്പിക്കുന്നു. പുഴ മനുഷ്യരെ സമൂഹജീവികളാക്കി മാറ്റുന്നു. പുഴകൾ വറ്റിയാൽ മനുഷ്യജീവിതം വറ്റുന്നു; മനുഷ്യവംശത്തിൽനിന്നു സംസ്കാരം ഊർന്നുപോകുന്നു.

**(പുഴകൾ ദേവതകൾ)** **-എൻ. പി. മുഹമ്മദ്**

## വായിക്കാം, പറയാം

- കുട്ടിക്കാലത്ത് ലേഖകൻ കല്ലായിപ്പുഴയുടെ കരയിൽ കണ്ട കാഴ്ചകൾ എന്തെല്ലാം?
- ഈർച്ചമില്ലിലേക്ക് തടി കൊണ്ടുവരുന്ന രംഗം ആവിഷ്കരിച്ചതെങ്ങനെ?
- ഇളംമനസ്സുകൾ പുഴയോട് ചോദിക്കുന്ന ചോദ്യങ്ങൾ എന്തൊക്കെയാണ്?
- പുഴ എന്നും സാഹിത്യകാരനു പ്രചോദനമായത് എന്തുകൊണ്ടായിരിക്കാം?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സങ്കൽപ്പിക്കാം, എഴുതാം

- "എന്റെ പ്രായമുള്ള കുട്ടികൾ കഠിനമായ ജീവിതസമരത്തിന്റെ ഇരകളായിത്തീരുന്നു. അവർക്ക് അക്ഷരം വേണ്ട; വേണ്ടതു ഭക്ഷണം. അതിനുള്ള വക മരത്തടികൾ സമ്പാദിക്കുന്നു."



മുകളിൽ കൊടുത്ത പ്രസ്താവനയും ചിത്രവും വായിച്ചല്ലോ.

ചിത്രത്തിൽ കാണുന്ന കുട്ടികളിൽ ഒരാൾ മറ്റൊരാളെക്കുറിച്ച് ചിന്തിച്ചത് എന്തായിരിക്കാം? സങ്കൽപ്പിച്ച് എഴുതുക.

## വിശകലനം ചെയ്യാം

- "ഒഴുക്കുവെള്ളം മാറ്റമില്ലാത്ത മാറ്റമാണ്."

ഒഴുക്കുവെള്ളത്തിന്റെ എന്തെല്ലാം പ്രത്യേകതകളാണ് ഈ വാക്യം നമ്മോടു പറയുന്നത്? ചർച്ചചെയ്യൂ.

താഴെക്കൊടുത്ത വാക്യംകൂടി ചർച്ചയിൽ ഉപയോഗപ്പെടുത്തൂ.

- കുട്ടി പുഴയോടു ചോദിച്ചു: "നിനക്ക് വിശ്രമമില്ലേ?" പുഴ പറഞ്ഞു: "ഈ ഒഴുക്കുതന്നെയാണ് എന്റെ വിശ്രമം."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഊഹിച്ചെഴുതാം

- അഴിമുഖം, തിരപ്പം, പ്രചോദനം, ആകൃഷ്ടൻ എന്നീ പദങ്ങളുടെ അർഥം ഊഹിച്ചെഴുതൂ. നിഘണ്ടു പരിശോധിച്ച് ഉറപ്പുവരുത്തൂ.

## കുറിപ്പ് തയാറാക്കൂ

- "പ്രകൃതി കനിവാർന്നരുളിയ വരദാനമത്രേ കല്ലായിപ്പുഴ. അതു കല്ലായിപ്പുഴയ്ക്കു മാത്രമേയുള്ളുവെന്നായിരുന്നു എന്റെ ഇളംമനസ്സിന്റെ വിശ്വാസം. കാലം ആ തെറ്റു തിരുത്തുന്നു."

  ഈ പ്രസ്താവന ശരിവയ്ക്കുന്ന ഒരു ഉദാഹരണമിതാ:

> "ഇളനീരതിനൊത്ത തണ്ണീരിളകി-
> ക്കൊണ്ടൊഴുകും മൃദുസ്വനത്താൽ
> നിള നല്ലൊരു പാട്ടുകാരിപോലാം
> കളസംഗീതസുഖം ചെവിക്കണപ്പൂ"
>
> *(ഭാരതപ്പുഴ- വള്ളത്തോൾ)*

പുഴയെക്കുറിച്ചുള്ള ഇത്തരം വരികളോ കുറിപ്പുകളോ ശേഖരിച്ച് അവതരിപ്പിക്കുക.

### പ്രകൃതിവർണനകൾ

- വ്യത്യസ്ത സാഹിത്യകൃതികളിൽനിന്നു നിങ്ങൾക്കിഷ്ടപ്പെട്ട വർണനകൾ ശേഖരിച്ച് പതിപ്പുകൾ തയാറാക്കൂ.

  കൈമാറി വിലയിരുത്തുമല്ലോ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

ഞാൻ മുമ്പത്തേക്കാൾ ഏതൊക്കെ കാര്യങ്ങളിൽ മികവു നേടിയിട്ടുണ്ട്? (മികവുനേടി എന്നതിന് '✓' എന്നും ഇനിയും മെച്ചപ്പെടണമെങ്കിൽ '+' എന്നും മികവ് തീരെ കുറവെങ്കിൽ 'X' എന്നും അടയാളപ്പെടുത്തുക).

### ആസ്വാദനക്കുറിപ്പ്

| | |
|---|---|
| * ആശയങ്ങൾ വിശകലനം ചെയ്ത് സ്വന്തം കാഴ്ചപ്പാടോടെ വിശദീകരിക്കുന്നതിൽ. | |
| * മറ്റു കൃതികളിലെ സമാനാശയങ്ങളുമായി താരതമ്യം ചെയ്യുന്നതിൽ. | |
| * പ്രയോഗഭംഗി, പദങ്ങളുടെ ഔചിത്യം എന്നിവ വിശദമാക്കുന്നതിൽ. | |
| * സ്വന്തം ഭാഷാശൈലിയിൽ എഴുതി അവതരിപ്പിക്കുന്നതിൽ. | |

### 'എന്റെ വായന'

| | |
|---|---|
| * പാഠഭാഗങ്ങൾ വായിച്ച് ആശയങ്ങൾ ഉൾക്കൊള്ളുന്നതിൽ. | |
| * അർഥബോധം, ഉച്ചാരണസ്ഫുടത, ശബ്ദനിയന്ത്രണം എന്നിവ പാലിച്ച് വായിച്ചവതരിപ്പിക്കുന്നതിൽ. | |
| * സാഹിത്യകൃതികൾ ലൈബ്രറിയിൽ നിന്നെടുത്തു താൽപ്പര്യപൂർവം വായിക്കുന്നതിൽ. | |
| * വായിച്ച ഭാഗങ്ങളിലെ ആശയങ്ങൾ ഉചിതസന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിൽ. | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുത്തുകാരെ അറിയുക



## എസ്. കെ. പൊറ്റെക്കാട്ട്

**(1913–1982)**

ജീവിതയാഥാർഥ്യങ്ങളുടെ നേർക്കാഴ്ച ലളിതസുന്ദരമായ ഭാഷയിൽ ആവിഷ്കരിച്ച കഥാകൃത്ത്. മലയാളത്തിലെ എക്കാലത്തെയും മികച്ച യാത്രാവിവരണകാരൻ. മുഴുവൻ പേര്: ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റെക്കാട്ട്. കോഴിക്കോട്ട് ജനിച്ചു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ലോക്സഭാംഗമായിരുന്നു. കേരള സാഹിത്യ അക്കാദമി, തുഞ്ചൻസ്മാരക സമിതി എന്നിവയുടെ നേതൃസ്ഥാനത്തിരുന്നിട്ടുണ്ട്. ജ്ഞാനപീഠം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ എന്നിവ ലഭിച്ചിട്ടുണ്ട്.

പ്രധാന കൃതികൾ

ഒരു ദേശത്തിന്റെ കഥ. ഒരു തെരുവിന്റെ കഥ, വിഷകന്യക, നാടൻപ്രേമം, മൂടുപടം തുടങ്ങി 10 ഓളം നോവലുകൾ. ചന്ദ്രകാന്തം, രാജമല്ലി, പുള്ളിമാൻ, ജലതരംഗം, ഇന്ദ്രനീലം തുടങ്ങി 19 ഓളം കഥാസമാഹാരങ്ങൾ. ബാലിദ്വീപ്, മലയാനാടുകളിൽ, ഇന്തോനേഷ്യൻ ഡയറി, ലണ്ടൻ നോട്ട്ബുക്ക്, പാതിരാസൂര്യന്റെ നാട്ടിൽ, സോവിയറ്റ് ഡയറി, യൂറോപ്പിലൂടെ, ബൊഹീമിയൻ ചിത്രങ്ങൾ, കാപ്പിരികളുടെ നാട്ടിൽ, സിംഹഭൂമി, നൈൽഡയറി, കെയ്റോ കത്തുകൾ, നേപ്പാൾയാത്ര, കാശ്മീർ, യാത്രാസ്മരണകൾ, ഹിമാലയസാമ്രാജ്യത്തിൽ (യാത്രാവിവരണങ്ങൾ). സംസാരിക്കുന്ന ഡയറിക്കുറിപ്പുകൾ, എന്റെ വഴിയമ്പലങ്ങൾ, പൊന്തക്കാടുകൾ (സ്മരണ).



## മാധവൻ അയ്യപ്പത്ത്

സംഗീതാത്മകവും ലളിതവുമായ ഭാഷയിൽ ജീവിതത്തിന്റെ അർഥമന്വേഷിക്കുന്ന കവിതകളാണ് മാധവൻ അയ്യപ്പത്തിന്റേത്. 1943 ൽ തൃശൂർജില്ലയിലെ കുന്നംകുളത്ത് ജനിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. കിളിമൊഴികൾ, ജീവചരിത്രക്കുറിപ്പുകൾ എന്നീ കവിതാസമാഹാരങ്ങളാണ് പ്രധാന കൃതികൾ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## എൻ.പി. മുഹമ്മദ് (1928–2003)

ജീവിതാനുഭവങ്ങൾ സുതാര്യമായി ആവിഷ്കരിച്ചുകൊണ്ട് മലയാള കഥാസാഹിത്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരൻ. കോഴിക്കോട് ജില്ലയിലെ ഇടിയങ്ങരയിൽ ജനിച്ചു. കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നു. കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

ദൈവത്തിന്റെ കണ്ണ്, ഹിരണ്യകശിപു, എണ്ണപ്പാടം, മരം (നോവലുകൾ); നല്ലവരുടെ ലോകം, തൊപ്പിയും തട്ടവും, പ്രസിഡന്റിന്റെ മരണം, മെഴുകുതിരികൾ (കഥകൾ); പുകക്കുഴലും സരസ്വതിയും, മാരിവില്ലിൽ തീ, വീരരസം സി.വി. കൃതികളിൽ (ലേഖനങ്ങൾ); അവർ നാലു പേർ, നാവുമുറിഞ്ഞ കിളി (ബാലസാഹിത്യം) എന്നിവയാണ് പ്രധാന കൃതികൾ. കൂടാതെ എം.ടി യോടൊപ്പം ചേർന്ന് അറബിപ്പൊന്ന് എന്ന നോവലും എഴുതിയിട്ടുണ്ട്.

## പദകോശം

| | |
|---|---|
| ജലപാതം | – വെള്ളച്ചാട്ടം |
| അനർഗളം | – തടവു കൂടാതെ |
| അനുസ്യൂതം | – ഇടവിടാതെ |
| ആരവം | – ശബ്ദം |
| സ്വകീയം | – സ്വന്തമായുള്ള |
| പടലം | – കൂട്ടം, സമൂഹം |
| നിഗൂഢത | – രഹസ്യം |
| ഊർജസ്വലത | – പ്രസരിപ്പ് |
| ദണ്ഡ് | – വടി |
| സ്തംഭം | – തൂണ് |
| ഹിംസ്രമൃഗം | – ദുഷ്ടമൃഗം, കൊന്നു തിന്നുന്ന മൃഗം |
| ക്രീഡ | – കളി |
| സരസ്സ് | – പൊയ്ക |
| കയം | – ജലാശയത്തിൽ ആഴമുള്ള സ്ഥലം |
| വിരളുന്നു | – ഭയപ്പെടുന്നു |
| പ്രതീതി | – തോന്നൽ |
| ഉഷസ്സ് | – പ്രഭാതം |
| വനി | – തോപ്പ്, വനം |
| പൊളി | – തുണ്ട് |
| നീരദം | – മേഘം |
| നിന്ദ | – ആക്ഷേപം, അപമാനിക്കൽ |
| അല്ല് | – രാത്രി |
| മരീചി | – രശ്മി |
| അല്ലൽ | – സങ്കടം |
| ഹൃദന്തം | – ഉള്ള് |
| ഫുല്ലം | – വിടർന്നത് |
| കാന്തി | – ശോഭ |
| തെല്ല് | – അൽപ്പം |
| കാമ്യം | – ആഗ്രഹിക്കത്തക്ക |
| പാണ്ടികശാല | – ചരക്കുകൾ ശേഖരിച്ചു വയ്ക്കുന്ന സ്ഥലം |
| മയ്യത്ത് | – മൃതശരീരം |
| അട്ടി | – കൂട്ടം, അടുക്ക് |
| ചതുപ്പ് | – ചെളികെട്ടിയ സ്ഥലം |

[redacted]



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| | |
|---|---|
| നീരോളം | - വെള്ളത്തിലെ ഓളങ്ങൾ |
| നൂണ്ട് | - നുഴഞ്ഞ് |
| തിരപ്പം | - ഇലക്കെട്ട്, ചങ്ങാടം |
| നിജപ്പെടുത്തുക | - നിശ്ചയിക്കുക |
| ചെറുവുളി | - ചെറിയ ഉളി |
| അളത്തം | - അളക്കൽ |
| ഭാഗധേയം | - ഭാഗ്യം, ജന്മാന്തര കർമ്മം |
| ത്രികാലങ്ങൾ | - മൂന്നുകാലങ്ങൾ (ഭൂതം, വർത്തമാനം, ഭാവി) |
| പ്രചോദനം | - പ്രേരണ |
| ആവിഷ്കാരം | - വെളിപ്പെടുത്തൽ, പ്രകാശിപ്പിക്കൽ |
| ആകൃഷ്ടം | - ആകർഷിക്കപ്പെട്ട |
| നിസ്സീമം | - അതിരില്ലാത്ത |
| സമാഹരിക്കുക | - കൂട്ടിച്ചേർക്കുക |
| ധ്യാനലീനൻ | - ഒരേ ചിന്തയിൽ മാത്രം മുഴുകിയിരിക്കുന്നവൻ |
| ത്രസിക്കുക | - ഭയപ്പെടുക |
| പരിണാമം | - മാറ്റം |
| ഉപായം | - യുക്തി, തന്ത്രം |



**പഠനനേട്ടങ്ങൾ**

- സവിശേഷമായ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾപ്പെടുത്തി സർഗാത്മക രചനകളിൽ (വർണന, ആത്മഗതം) ഏർപ്പെടുന്നു.
- നാമവിശേഷണം, ക്രിയാവിശേഷണം തുടങ്ങിയ ഭാഷാവസ്തുതകൾ തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
- കവിത വായിച്ച് ആശയം, ബിംബകല്പനകൾ എന്നിവ കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.
- കൃതികളിലെ ആശയം യുക്തിപൂർവം വിശകലനം ചെയ്ത് സ്വന്തം അഭിപ്രായങ്ങൾ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.
- വൈവിധ്യമാർന്ന സാഹിത്യകൃതികൾ കണ്ടെത്തി വായിക്കുകയും വായനാനുഭവങ്ങൾ വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com